# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെടുമ്പന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P7/1059/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 06/06/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമ്പന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KLM/P7/1059/2021 തീയ്യതി: 06/06/2022

## കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-12-2019 മുതൽ 16-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എം. ഡി. അമ്പിളി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 12-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ശശിജോഷ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി. റ്റി. സിന്ധു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. മനു കെ നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സുബി എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ നാസറുദ്ദീൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ഹാരീസ് മുഹമ്മദ് കോയ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രജനി.കെ.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| യേശുദാസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഷാജി റഹ്മാൻ | വെറ്റിനറിസർജൻ | 01-04-2019 | 31-03-2020 |
| ഡോ.ഡിൻഷ മുരളി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഷംന റഷീദ് | കൃഷിഓഫീസർ | 01-04-2019 | 31-03-2020 |
| രാജിക്കുട്ടി | എച്ച്.എം | 01-04-2019 | 20-08-2019 |
| ഗീതാകുമാരി | എച്ച്.എം | 21-08-2019 | 10-10-2019 |
| ശശികല | എച്ച്.എം | 11-10-2019 | 31-03-2020 |
| സാബു.എം.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ. | 01-04-2019 | 31-03-2020 |
| ശാലിനി | വി.ഇ.ഒ. | 01-04-2019 | 31-03-2020 |
| മോനിഷ | വി.ഇ.ഒ. | 01-04-2019 | 19-06-2019 |
| ആശാദേവി | വി.ഇ.ഒ | 20-06-2019 | 09-12-2019 |
| ഷീബ.എം.കെ | വി.ഇ.ഒ | 15-06-2019 | 13-02-2020 |
| ഷിയാസ് അഹമ്മദ് | വി.ഇ.ഒ. | 14-02-2020 | 31-03-2020 |
| സുജിത | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 19-12-2019 |
| ഷീല | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 20-12-2019 | 31-03-2020 |
| ഡോ. ശ്രീജ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. സുനിത ശിവദാസൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-04-2019 | 21-04-2019 |
| ഡോ. ശശി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 22-04-2019 | 21-07-2019 |
| ഡോ. സത്യജിത് ത്യാഗു | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 22-07-2019 | 01-09-2019 |
| ഡോ. സുനിത ശിവദാസൻ | മെഡിക്കൽ ഓഫീസർ | 02-09-2019 | 31-03-2020 |

| | | | |
|---|---|---|---|
| | (സി.എച്ച്.സി.) | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Manu K Nair (Asst. Audit Officer, On 27-07-2021)<br>Last Updated By: Manu K Nair (Asst. Audit Officer, On 27-07-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: T.Sindhu (Asst. Audit Officer, On 27-07-2021)<br>Last Updated By: Naseer S (Computer Assistant, On 21-04-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: T.Sindhu (Asst. Audit Officer, On 27-07-2021)<br>Last Updated By: Santhosh N (Computer Assistant, On 11-05-2022) | 1-2.1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: T.Sindhu (Asst. Audit Officer, On 27-07-2021)<br>Last Updated By: Santhosh N (Computer Assistant, On 11-05-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: A.Sasijosh (Audit Officer, On 31-07-2021)<br>Last Updated By: Santhosh N (Computer Assistant, On 30-05-2022) | 1-4 |
| 6 | കേന്ദ്ര-സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം-ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത.<br>Written By: A.Sasijosh (Audit Officer, On 01-08-2021)<br>Last Updated By: Naseer S (Computer Assistant, On 21-04-2022) | 1-4.1 |
| 7 | പദ്ധതി അവലോകനം<br>Written By: Subi S (Senior Grade Auditor, On 31-07-2021)<br>Last Updated By: Santhosh N (Computer Assistant, On 11-05-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: A.Sasijosh (Audit Officer, On 31-07-2021)<br>Last Updated By: Naseer S (Computer Assistant, On 21-04-2022) | 1-6 |
| 9 | ക്ഷേമപെൻഷൻ<br>Written By: Subi S (Senior Grade Auditor, On 31-07-2021)<br>Last Updated By: Santhosh N (Computer Assistant, On 12-05-2022) | 1-7 |
| 10 | സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെൻറ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല.- അനർഹമായപെൻഷൻ വിതരണത്തിന് സാധ്യത.<br>Written By: Subi S (Senior Grade Auditor, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 01-06-2022) | 1-7.1 |
| 11 | പെൻഷണറുടെ മരണ തീയതിയ്ക്കും പെൻഷൻ സസ്പെൻറ് ചെയ്ത തീയതിക്കുമിടയിൽ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തു. സർക്കാരിന് 40,300 രൂപ നഷ്ടം<br>Written By: Subi S (Senior Grade Auditor, On 03-08-2021)<br>Last Updated By: Santhosh N (Computer Assistant, On 01-06-2022) | 1-7.2 |
| 12 | ക്യാഷ് പരിശോധന<br>Written By: Subi S (Senior Grade Auditor, On 31-07-2021)<br>Last Updated By: Naseer S (Computer Assistant, On 21-04-2022) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം.<br>Written By: A.Sasijosh (Audit Officer, On 31-07-2021)<br>Last Updated By: Santhosh N (Computer Assistant, On 30-05-2022) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: A.Sasijosh (Audit Officer, On 31-07-2021)<br>Last Updated By: Naseer S (Computer Assistant, On 21-04-2022) | 1-10 |
| 15 | ഡി.എ.കുടിശ്ശിക വിതരണം - കോൺടിബ്യൂട്ടറി പെൻഷൻ വിഹിതം കിഴിച്ചില്ല.<br>Written By: Subi S (Senior Grade Auditor, On 31-07-2021)<br>Last Updated By: Naseer S (Computer Assistant, On 21-04-2022) | 1-11 |

| | | |
|---|---|---|
| 16 | തൊഴിൽ നികുതി അടവാക്കുന്നില്ല.<br>Written By: Manu K Nair (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 11-05-2022) | 1-12 |
| 17 | സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നില്ല 22,500/- രൂപ നഷ്ടം.<br>Written By: Manu K Nair (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 11-05-2022) | 1-13 |
| 18 | അസ്സീസിയ മെഡിക്കൽ ഡെന്റൽ കോളേജ് കെട്ടിടങ്ങൾ ക്രമവൽക്കരിച്ചതിലെയും നികുതി നിർണ്ണയത്തിലെയും അപാകതകൾ<br>Written By: Manu K Nair (Asst. Audit Officer, On 31-07-2021)<br>Last Updated By: Santhosh N (Computer Assistant, On 01-06-2022) | 1-14 |
| 19 | പഠനമുറി പൂർത്തിയാക്കിയില്ല.<br>Written By: Subi S (Senior Grade Auditor, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 11-05-2022) | 1-15 |
| 20 | വാടകമുറി ഒഴിഞ്ഞ് കിടക്കുന്നു.<br>Written By: Subi S (Senior Grade Auditor, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 11-05-2022) | 1-16 |
| 21 | തുടർ വിദ്യാഭ്യാസ പദ്ധതി - പൂർത്തീകരണരേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: T.Sindhu (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 12-05-2022) | 1-17 |
| 22 | സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി കാർഷികോപകരണങ്ങൾ വ്യക്തികൾക്ക് വാങ്ങി നൽകി.<br>Written By: T.Sindhu (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 01-06-2022) | 1-18 |
| 23 | കാർഷിക കർമ്മ സേന റിവോൾവിങ് ഫണ്ട്-തുക നാളിതു വരെ വിനിയോഗിച്ചിട്ടില്ല.<br>Written By: T.Sindhu (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 30-05-2022) | 1-19 |
| 24 | വാണിജ്യ കെട്ടിടം / അപ്പാർട്ട്മെന്റുകൾ - കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്തത് സംബന്ധിച്ച്.<br>Written By: Manu K Nair (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 01-06-2022) | 1-20 |
| 25 | ഭൂമി വാങ്ങൽ (എസ്.സി.പി)- അധികം തുക ചെലവഴിച്ചു<br>Written By: T.Sindhu (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 12-05-2022) | 1-21 |
| 26 | പഞ്ചായത്തിലെ സെർവർ റൂം നെറ്റ് വർക്കിംഗ് - എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ അളവ് രേഖപ്പെടുത്തി തുക നൽകി.<br>Written By: A.Sasijosh (Audit Officer, On 10-08-2021)<br>Last Updated By: Santhosh N (Computer Assistant, On 01-06-2022) | 1-22 |
| 27 | കന്നുകുട്ടി പരിപാലന പദ്ധതി - തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല.<br>Written By: T.Sindhu (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 12-05-2022) | 1-23 |
| | ഭാഗം **2** | |
| 1 | സ്ഥാപന തൊഴിൽ നികുതി -22,500/-രൂപ നഷ്ടം.<br>Written By: Manu K Nair (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 12-05-2022) | 2-1 |
| 2 | അസ്സീസിയ മെഡിക്കൽ ഡെന്റൽ കോളേജ് കെട്ടിടങ്ങൾ ക്രമവൽക്കരിച്ചതിലെയും നികുതി നിർണ്ണയത്തിലെയും അപാകതകൾ<br>Written By: Manu K Nair (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 30-05-2022) | 2-2 |
| | ഭാഗം **3** | |
| 1 | ഭൂമി വാങ്ങൽ (എസ്.സി.പി)-അധികം തുക ചെലവഴിച്ചു.<br>Written By: A.Sasijosh (Audit Officer, On 11-08-2021)<br>Last Updated By: Santhosh N (Computer Assistant, On 12-05-2022) | 3-1 |

| | | |
|---|---|---|
| 2 | പഞ്ചായത്തിലെ സെർവർ റൂം നെറ്റ് വർക്കിംഗ് - എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ അളവ് രേഖപ്പെടുത്തി തുക നൽകി.<br>Written By: A.Sasijosh (Audit Officer, On 10-08-2021)<br>Last Updated By: Santhosh N (Computer Assistant, On 12-05-2022) | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: T.Sindhu (Asst. Audit Officer, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 12-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: T.Sindhu (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 01-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: T.Sindhu (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 12-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: T.Sindhu (Asst. Audit Officer, On 25-07-2021)<br>Last Updated By: Naseer S (Computer Assistant, On 23-04-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്.<br>Written By: T.Sindhu (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 01-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: T.Sindhu (Asst. Audit Officer, On 25-07-2021)<br>Last Updated By: Naseer S (Computer Assistant, On 23-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.Sindhu (Asst. Audit Officer, On 25-07-2021)<br>Last Updated By: Naseer S (Computer Assistant, On 23-04-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.<br>Written By: T.Sindhu (Asst. Audit Officer, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 12-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: T.Sindhu (Asst. Audit Officer, On 25-07-2021)<br>Last Updated By: Naseer S (Computer Assistant, On 23-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: T.Sindhu (Asst. Audit Officer, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 06-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: T.Sindhu (Asst. Audit Officer, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 30-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ. | |
| 4 | Audit Evidences | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

21-02-2019 തീയതിയിലെ I(1) തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23/3/2020 തീയതിയിലെ I(1) -ാം നം. തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 12-06-2020 | - | - |

### 1-2.1 വാർഷിക കണക്കുകളിലെ അപാകതകൾ

1. Receipt&Payment RP 40(b)യിലുൾപ്പെട്ടിട്ടുള്ള SBT E-payment, നീക്കിയിരിപ്പ്-348402/- തുകയുടെ റീകൺസിലിയേഷൻ ബോധ്യപ്പെട്ടിട്ടില്ല.
2. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് തുക വാർഷിക കണക്ക് പ്രകാരം ഉള്ളത് രജിസ്റ്റർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് പ്രകാരമുള്ള വരവ് തുക-10,67,246/-രൂപ

രജിസ്റ്റർ പ്രകാരമുള്ള വരവ് തുക-14,56,600/-രൂപ

3. Capital Work In Progress രജിസ്റ്റർ പ്രകാരമുള്ള തുകയും വാർഷിക കണക്ക പ്രകാരം ഉള്ള തുകയും പൊരുത്തപ്പെടുന്നില്ല
4. സ്റ്റോക്കിന്റെ മൂല്യം Value Based ആയി Balance Sheet ൽ ഉൾപ്പെടുത്തിയിട്ടില്ല
5. ലൈഫ് പദ്ധതി സംസ്ഥാന വിഹിതം വരവ് തുക RP 31 ൽ ഉൾപ്പെട്ടിട്ടില്ല. RP 32 Loan ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു
6. മാർക്കറ്റ് ലേലം അഡ്വാൻസായി ലഭിച്ച തുക വാർഷിക കണക്കിലെ അഡ്വാൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല
7. ബാലൻസ് ഷീറ്റ് B12 Investment-General Fund 3000/- രൂപയുടെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല
8. B-18 -Deposits,Loan,Advances എന്ന ഹെഡിൽ ഉൾപ്പെട്ടിട്ടുള്ള

Deposit With Kerala Water Authority-25,43,457/-രൂപ

Deposit With PWD-4,84,538/-രൂപ

തുക ഒടുക്കു വരുത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മുൻവർഷങ്ങളിലും തുടർ വർഷത്തിലും ടി തുക ഡെപ്പോസിറ്റ് ആയി തന്നെ നില നിൽക്കുന്നു.

9. ബ്ലോക്ക് ജില്ലാ പഞ്ചായത്ത് ജോയിന്റ് വെഞ്ച്വർ ബാലൻസ് തുക ബാലൻസ് ഷീറ്റ് പ്രകാരം 68,22,922/- രൂപയാണെന്നിരിക്കെ ട്രഷറി ജോയിന്റ് വെഞ്ച്വർ നീക്കിയിരിപ്പ് തുക 1,09,55,558/- രൂപയാണ്.
10. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,40,49,464/- രൂപ |
| വരവ് | 12,64,66,423/- രൂപ |
| ആകെ | 16,05,15,887/- രൂപ |

| | |
|---|---|
| ചെലവ് | 11,67,18,529/- രൂപ |
| നീക്കിയിരിപ്പ് | 4,37,97,358/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 3,95,268/- രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം | 43,830/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 289586/- രൂപ |

1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക (രൂപ) | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,58,87,000/- | 2,58,87,000/- | 2,24,15,417/- | 34,71,583/- | 2,29,839/-രൂപ ക്യൂബിൽ |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,52,90,000/- | 1,52,90,000/- | 99,20,577/- | 53,69,423/- | 3,68,042/-രൂപ ക്യൂബീൽ |
| വികസനഫണ്ട് (റ്റി.എസ്.പി) | 0 | 0 | 0 | 0 | 0 | |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied) | 0 | 1,97,89,878/- | 1,97,89,878/- | 74,03,306/- | 1,23,86,572/- | 3,44,313/-രൂപ ക്യൂബീൽ |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 73,08,000/- | 73,08,000/- | 46,88,884/- | 26,19,116/- | 346941/-രൂപ ക്യൂബീൽ |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 90,70,000/- | 90,70,000/- | 32,70,322/- | 57,99,678/- | - |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| സമ്പൂർണ്ണശുചിത്വം | 1,34,739/- | 0 | 1,34,739/- | 0 | 1,34,739/- | |
| ലൈഫ് മിഷൻ-സ്റ്റേറ്റ് ഷെയർ | 0 | 1,90,00,000/- | 1,90,00,000/- | 1,89,80,000/- | 20,000/- | |
| കേരളോത്സവം | 0 | 20,000/- | 20,000/- | 20,000/- | 0 | |
| കുടുംബശ്രീ – ചലഞ്ച്ഫണ്ട് | 0 | 11,74,873/- | 0 | 0 | 11,74,873/- | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ICDS | 8,96,353/- | 26,29,863/- | 35,26,216/- | - | 35,26,216/- | |
| MNREGS | 13,885/- | 10,67,246/- | 10,81,131/- | 10,80,069/- | 1,062/- | |
| ശുചിത്വമിഷൻ | 18,43,968/- | 17,000/- | 18,60,968/- | 10,79,244/- | 8,31,724/- | |
| സമ്പൂർണ്ണശുചിത്വം | 0 | 2,34,526/- | 2,34,526/- | 0 | 2,34,526/- | |
| സാക്ഷരത | 56,600/- | 0 | 56,600/- | 0 | 56,600/- | |

നീക്കിയിരിപ്പ്/ലാപ്പ്സായ തുകയിൽ 2019-20 വർഷത്തെ ക്യൂബിൽ തുക കൂടി ഉൾപ്പെട്ടതാണ്.

1-4.1 കേന്ദ്ര-സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം-ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത.

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം എന്നിവയിലുള്ള കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിവിധ ഫണ്ടുകളുടെ

ഇനം തിരിച്ചുള്ള വിവരം ഗ്രാന്റ് സ്റ്റേറ്റുമെന്റിൽ ഉൾപ്പെട്ടിട്ടില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (തുക രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (തുക രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 237 | 26,95,23,620/- | 143 | 8,07,08,334/- | - | 94 | 60% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (തുക രൂപ) | വരവ് (തുക രൂപ) | ആകെ (തുക രൂപ) | ചെലവ് (തുക രൂപ) | നീക്കിയിരുപ്പ് (തുക രൂപ) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 13,885/- | 10,67,246/- | 10,81,131/- | 10,80,069/- | 1,062/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 3,27,47,517/- | 3,27,47,517/- | 3,27,47,517/- | - |


1-7 ക്ഷേമപെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 287280 | 380 |
| കർഷകതൊഴിലാളി പെൻഷൻ | 2636400 | 449 |
| വിധവാപെൻഷൻ | 12539400 | 2495 |
| വാർദ്ധക്യകാല പെൻഷൻ | 14330400 | 2870 |
| വികലാംഗ പെൻഷൻ | 4757600 | 855 |
| 50 വയസിനമേൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 172800 | 42 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 270000 | 9 |

1-7.1 സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെൻറ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല.- അനർഹമായപെൻഷൻ വിതരണത്തിന് സാധ്യത.

സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടിക്കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ അർഹത ഇല്ലാതാകുന്ന ഘട്ടത്തിൽ സേവന സോഫ്റ്റ് വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ് നൽകാവുന്നതാണ്. പ്രസ്തുത 'വിൻഡോ'യുടെ ദൃശ്യം ചുവടെ ചേർക്കുന്നു.




റിക്വസ്റ്റ് നൽകുന്ന തീയതി മുതൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യപ്പെടുന്നതാണ്. പെൻഷണറുടെ മരണം മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി മുതൽ പെൻഷൻ സസ്പെന്റ് ചെയ്യാനുള്ള സംവിധാനം സേവന സോഫ്റ്റ് വെയറിൽ ഇല്ലാത്തതിനാൽ സസ്പെന്റ് ചെയ്യപ്പെട്ട തീയതിക്കും അർഹത ഇല്ലാതായ തീയതിക്കും ഇടയിലുള്ള മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാൻ സാധ്യതയുണ്ട്. ഇത് സർക്കാരിന് നഷ്ടം വരുത്തുന്നതിനും അനർഹർ പെൻഷൻ തുക വസൂലാക്കുന്നതിനും ഇടയാക്കും. പെൻഷന് അർഹത ഇല്ലാതെയാകുന്ന തീയതി കണ്ടു പിടിക്കുന്നതിന് നിലവിലുള്ള ഏക മാർഗ്ഗം സസ്പെൻഷൻ റിക്വസ്റ്റിനോടൊപ്പം നൽകുന്ന ഫയൽ നമ്പർ പ്രകാരമുള്ള ഫയലാണ്. എന്നാൽ നെടുമ്പന ഗ്രാമപഞ്ചായത്തിൽ അങ്ങനെ ഫയലുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി കണ്ടെത്താൻ സാധിക്കുന്നില്ല. സേവന സോഫ്റ്റ് വെയറിൽ ഫയൽ നമ്പർ ചേർക്കുകയും അതേ നമ്പരിൽ ഫയലുകൾ ഇല്ലാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് കണക്കാക്കുന്നു. ഇതു മൂലം അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യതയുള്ളതിനാൽ തന്നെ ഓഡിറ്റ് വർഷം പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ തയ്യാറാക്കേണ്ടതും ആയത് പ്രകാരം അനർഹമായ കാലഘട്ടത്തിൽ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

1-7.2 പെൻഷണറുടെ മരണ തീയതിയ്ക്കും പെൻഷൻ സസ്പെൻ്റ് ചെയ്ത തീയതിക്കുമിടയിൽ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തു. സർക്കാരിന് 40,300 രൂപ നഷ്ടം

പെൻഷണറുടെ മരണ ശേഷം പെൻഷൻ സസ്പെന്റ് ചെയ്യുന്നതിൽ കാലതാമസം വന്നതിനാൽ പെൻഷണറുടെ മരണശേഷം അക്കൗണ്ടിലേക്ക് പെൻഷൻ ക്രഡിറ്റ് ചെയ്തു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | പെൻഷൻ സസ്പെന്റ് ചെയ്ത തീയതി | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക (രൂപ) |
|---|---|---|---|---|---|
| 1 | സദാനന്ദൻ | 103640200661 | 24.9.17 | 31.12.19 | 16,500/- |
| 2 | ജോൺ ഡി | 103640200805 | 29.09.18 | 31.12.19 | 13,600/- |
| 3 | അബ്ദുൽഅസീസ് | 103640202090 | 31.1.19 | 13.7.19 | 10,200/- |
| | | | | ആകെ | 40,300/- |

പെൻഷണറുടെ മരണ ശേഷം തുക അനുവദിക്കാൻ കഴിയില്ല. ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിരിക്കാനുള്ള സാധ്യത കാണുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണത്തിനുള്ള സാദ്ധ്യത ഒഴിവാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. മുമ്പ് ആധാർ അധിഷ്ഠിത മരണ രജിസ്ട്രേഷൻ പ്രാബല്യത്തിൽ ഉണ്ടായിരുന്നെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ 19-10-2019ലെ ബി 1/30277/2017 സർക്കുലർ പ്രകാരം ആയത് നിർബന്ധമല്ലാതാക്കിയിട്ടുണ്ട്. നിലവിൽ പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള ഏക മാർഗ്ഗം. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർക്കെങ്കിലും ആധാർ അധിഷ്ഠിത മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതിലെ പ്രാധാന്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. മരണപ്പെട്ടവരുടെ പേരിൽ അനുവദിച്ച പെൻഷൻ തുക 40,300/- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16/07/2021 തീയതിയിൽ 2.30pm മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2965/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം.

ഗ്രാമപഞ്ചായത്തിലെ പൊതുജീവിതത്തെ സ്വാധീനിക്കുന്ന ക്ഷേമചുമതലകളും സാമ്പത്തിക വികസനപ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ നിർവ്വഹണം നടത്തുന്ന ഭരണസംവിധാനമെന്ന നിലയിൽ പ്രവർത്തിക്കുന്നതിന് സഹായകമായ മികച്ച അടിസ്ഥാനസൗകര്യങ്ങളോടുകൂടിയ ഫ്രണ്ട് ഓഫീസ് പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തികവർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബജറ്റ് പ്രകാരമുള്ള ചെലവുകളെ വാർഷികപദ്ധതി പ്രകാരമുള്ള ചെലവുകളുമായി സംയോജിപ്പിച്ച് ധനകാര്യ റിപ്പോർട്ടിംഗിൽ സ്ഥാപനതലനിയന്ത്രണം സാധ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും

മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഉതകുന്ന നിയന്ത്രണസംവിധാനങ്ങൾ ഒരുക്കുവാൻ ഭരണനിർവഹണാധികാരികൾക്ക് കഴിഞ്ഞിട്ടില്ല. ധനാഗമവിനിയോഗ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുന്നതിലേയും മേൽനോട്ടത്തിലെയും അലംഭാവവും ധനഇടപാടുകളുടെ രേഖകൾ പരിപാലിക്കുന്നതിലും പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിലുള്ള ജാഗ്രതക്കുറവും ഗ്രാമപഞ്ചായത്തിൽ പ്രകടമാണ്.

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. തൻവർഷം ലഭിച്ച സർക്കാർ ഗ്രാന്റുകൾ, സംയുക്ത പ്രൊജക്ടുകൾക്കായും പ്രത്യേക ഉദ്ദേശങ്ങൾക്കായും ലഭിച്ച ഫണ്ടുകളുടെ നീക്കിയിരിപ്പ് തുടങ്ങിയവയുടെ കൃത്യമായ കണക്കുകൾ അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

ഭരണകർത്താക്കളാൽ പ്രാവർത്തികമാക്കപ്പെടേണ്ട ചുവടെ ചേർക്കുന്ന മേഖലകളിലെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ദുർബലമായതിനാൽ നടപടിക്രമങ്ങളിലും പദ്ധതി നിർവ്വഹണത്തിലും പിഴവുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

ഓരോ മാസത്തേയും റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കണമെന്ന കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങൽ സംബന്ധമായി കേരള സ്റ്റോർ പർച്ചേസ് നിയമങ്ങളും മറ്റ് സർക്കാർ ഉത്തരവുകളും പൂർണ്ണമായും പാലിച്ചിട്ടില്ല.

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനർഹർ കൈപ്പറ്റുന്നത് തടയുന്നതിന് സർക്കാർ നിർദ്ദേശാനുസരണമുള്ള പ്രവർത്തന നിയന്ത്രണങ്ങൾ സാധ്യമായിട്ടില്ല.

സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാൻ കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കുവാനും അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.11.19 | 09/19 മുതൽ 10/19 വരെ | 04.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.05.18 മുതൽ 18.05.18വരെ | 2013-14 മുതൽ 2017-18 വരെ | 09.07.2018 |

1-11 ഡി.എ.കുടിശ്ശിക വിതരണം - കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം കിഴിച്ചില്ല.

സർക്കാർ ഉത്തരവ് (പി) 44/2019 ധന തീയതി 4-4-19 പ്രകാരം 1-1-18 മുതൽ 30-04-19 വരെയുള്ള ഡി.എ കുടിശ്ശിക നെടുമ്പന ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് മേയ് 2019ലെ ബില്ല് പ്രകാരം അനുവദിച്ചിട്ടുണ്ട് [വൗച്ചർ നം: 21900104 തീയതി 15-5-19 - 2,76,108/- രൂപ]. കോൺട്രിബ്യൂട്ടറി പെൻഷൻ വരിക്കാരായ ജീവനക്കാരുടെ ശമ്പളവും ഡി.എയും ചേർന്ന തുകയുടെ 10% തുക പെൻഷൻ ഫണ്ടിലേക്ക് ഒടുക്കു വരുത്തേണ്ടതാണെങ്കിലും ചുവടെ ചേർത്തിട്ടുള്ള ജീവനക്കാരുടെ ഡി.എ. കുടിശ്ശികയിൽ നിന്ന് പെൻഷൻ വിഹിതം കുറവ് ചെയ്തിട്ടില്ല.

| ക്രമ | ജീവനക്കാരുടെ | തസ്തിക | അനുവദിച്ച | ലീവ് | പെൻഷൻ | പഞ്ചായത്ത് |
|---|---|---|---|---|---|---|

| നം. | പേര് | | തുക | സറണ്ടർ (-) | വിഹിതം | വിഹിതം |
|---|---|---|---|---|---|---|
| 1 | ദേവിക | ക്ലാർക്ക് | 10,855/- | 0 | 1086 | 1086 |
| 2 | സ്മിത.എസ്സ് | ക്ലാർക്ക് | 11,643/- | 1227 | 1042 | 1042 |
| 3 | രജിത.ആർ. | ക്ലാർക്ക് | 13,081/- | 1427 | 1165 | 1165 |
| 4 | റാഷി.എ | ക്ലാർക്ക് | 11,030/- | 975 | 1006 | 1006 |
| 5 | സലിൻബാബു | ക്ലാർക്ക് | 6,525/- | 0 | 653 | 653 |
| | | | ആകെ | | 4952 | 4952 |

ജീവനക്കാരുടെ കുടിശ്ശിക ശമ്പളത്തിന്റെ 10% തുകയും സമാന തുക പഞ്ചായത്ത് വിഹിതവും ചേർത്ത് എൻ.പി.എസ്സിൽ ഒടുക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി-15 നുള്ള മറുപടിയിൽ ജീവനക്കാരിൽ നിന്നും ഈടാക്കി എൻ.പി.എസ്സിൽ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പെൻഷൻ വിഹിതം ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി അടവാക്കുന്നില്ല.

ഓഡിറ്റ് വർഷം ചുവടെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല.

1. നെടുമ്പന സർവ്വീസ് സഹകരണ ബാങ്ക്. നല്ലില ബ്രാഞ്ച്
2. നെടുമ്പന സർവ്വീസ് സഹകരണ ബാങ്ക്, പള്ളിമൺ ബ്രാഞ്ച്.
3. പഴങ്ങാലം സർവ്വീസ് സഹകരണ ബാങ്ക്, പഴങ്ങാലം മുക്ക് ശാഖ
4. ക്ഷീരോത്പാദക സഹകരണ സംഘം, പഴങ്ങാലം
5. ക്ഷീരോത്പാദക സഹകരണ സംഘം, നല്ലില
6. ക്ഷീരോത്പാദക സഹകരണ സംഘം, പള്ളിമൺ
7. ക്ഷീരോത്പാദക സഹകരണ സംഘം, മുട്ടക്കാവ്
8. ക്ഷീരോത്പാദക സഹകരണ സംഘം, കുണ്ടുമൺ
9. ക്ഷീരോത്പാദക സഹകരണ സംഘം, മലേവയൽ

ഈ വിഷയത്തിൽ സെക്രട്ടറിയുടെ വിശദീകരണം ആവശ്യപ്പെട്ട നൽകിയ എൻക്വയറി-12 നുള്ള മറുപടിയിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നില്ല 22,500/- രൂപ നഷ്ടം.

ചുവടെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്യുന്നതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | 2019-20 |
|---|---|---|
| 1 | നെടുമ്പന സർവ്വീസ് സഹകരണ ബാങ്ക്, നല്ലില ബ്രാഞ്ച് | 2,500/- |
| 2 | നെടുമ്പന സർവ്വീസ് സഹകരണ ബാങ്ക്, പള്ളിമൺ ബ്രാഞ്ച്. | 2,500/- |
| 3 | പഴങ്ങാലം സർവ്വീസ് സഹകരണ ബാങ്ക്, പഴങ്ങാലം മുക്ക് ശാഖ | 2,500/- |
| 4 | ക്ഷീരോത്പാദക സഹകരണ സംഘം, പഴങ്ങാലം | 2,500/- |
| 5 | ക്ഷീരോത്പാദക സഹകരണ സംഘം, നല്ലില | 2,500/- |
| 6 | ക്ഷീരോത്പാദക സഹകരണ സംഘം, പള്ളിമൺ | 2,500/- |
| 7 | ക്ഷീരോത്പാദക സഹകരണ സംഘം, മുട്ടക്കാവ് | 2,500/- |

| | | |
|---|---|---|
| 8 | ക്ഷീരോത്പാദക സഹകരണ സംഘം, കുണ്ടുമൺ | 2,500/- |
| 9 | ക്ഷീരോത്പാദക സഹകരണ സംഘം, മലേവയൽ | 2,500/- |
| | ആകെ | 22,500/- |

ഈ വിഷയത്തിൽ സെക്രട്ടറിയുടെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി-13 ന്നുള്ള മറുപടിയിൽ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-14 അസ്സീസിയ മെഡിക്കൽ ഡെന്റൽ കോളേജ് കെട്ടിടങ്ങൾ ക്രമവൽക്കരിച്ചതിലെയും നികുതി നിർണ്ണയത്തിലെയും അപാകതകൾ

അസ്സീസിയ മെഡിക്കൽ ഡെന്റൽ കോളേജ് കെട്ടിടങ്ങൾ ക്രമവൽക്കരിച്ചതിന്റെയും നികുതി നിർണ്ണയത്തിലെയും അപാകതകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2012-13, 2013-14 വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിനെ തുടർന്ന് നികുതി ഈടാക്കുന്നതിനും ക്രമവൽക്കരിക്കുന്നതിനുമായി പഞ്ചായത്ത് സ്വീകരിച്ച നടപടിയുടെ ഭാഗമായി മെഡിക്കൽ കോളേജ് ട്രസ്റ്റിന് നൽകിയ നിർദ്ദേശത്തിന് ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടങ്ങൾക്ക് KMBR, KPBR നിലവിൽ വരുന്നതിന് മുമ്പ് 2007 മാർച്ച് മാസത്തിൽ തന്നെ പഞ്ചായത്തിൽ നിന്ന് NOC ലഭിച്ചിട്ടുണ്ടെന്നും, 06/06/07 ന് മുമ്പ് നിർമ്മാണം ആരംഭിച്ച പ്രവർത്തികൾക്ക് സെക്രട്ടറി ഡോർ നമ്പർ മാത്രം നൽകിയാൽ മതിയെന്നും, KMBR പാലിക്കേണ്ടതില്ലെന്നും ഓഡിറ്റ് കണ്ടെത്തലുകൾ വസ്തുതാ വിരുദ്ധമാണെന്നും അസ്സീസിയ മെഡിക്കൽ കോളേജ് ട്രസ്റ്റ് അറിയിച്ചു( Audit Evidence No.1). ഇതിന് മറുപടിയായി 26.10.16 ന് സെക്രട്ടറി നൽകിയ കത്തിൽ (Audit Evidence No.2) ഓഡിറ്റ് കണ്ടെത്തലുകളിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ക്രമവൽക്കരണ നടപടികൾ സ്വീകരിച്ച് നികുതി നിർണ്ണയം നടത്തേണ്ടതാണെന്നും കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് 30/11/15ൽ താങ്കൾ സമർപ്പിച്ച അപേക്ഷ ടൌൺ പ്ലാനർക്ക് നൽകിയിരുന്നത് ന്യൂനതകൾ ഉള്ളതിനാൽ നിരസിച്ചുകൊണ്ടും കത്ത് നൽകിയിട്ടുണ്ടെന്നും ( Audit Evidence No.3) ആയതിനാൽ കത്ത് കൈപ്പറ്റി 7 ദിവസത്തിനകം ജില്ലാ ടൗൺ പ്ലാനർ നിർദ്ദേശിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിച്ച് പുതുക്കിയ അപേക്ഷയും പ്ലാനും മറ്റ് ആവശ്യമായ രേഖകളുമുൾപ്പെടെ നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതിന് കൂടുതൽ സമയം ആവശ്യപ്പെട്ട് 16/11/16ൽ ട്രസ്റ്റ് കത്ത് നൽകിയതിന് സെക്രട്ടറി 15 ദിവസം അധികം സമയം അനുവദിച്ചിരുന്നു ( Audit Evidence No.4). 9/2/17ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജില്ലാ ടൗൺ പ്ലാനർക്ക് നൽകിയ കത്തിൽ, 25/7/16 ലെ ജില്ലാ ടൗൺ പ്ലാനർ നിർദ്ദേശിച്ച ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതെ, കെട്ടിടങ്ങൾക്ക് NOC ലഭിച്ചത് 6/6/07 ന് മുമ്പായതിനാൽ, ടൗൺ പ്ലാനറുടെ അംഗീകാരം ആവശ്യമില്ലെന്ന നിലപാടിൽ കെട്ടിടം ഉടമകൾ പ്ലാനുകളും ഡോക്യുമെന്റുകളും ഹാജരാക്കാത്തതിനാൽ, 23/03/07 ൽ NOC നേടിയെന്ന കാരണത്താൽ 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണചട്ടങ്ങൾ പരിഗണിക്കാതെയും ചീഫ് ടൗൺ പ്ലാനറുടെ അംഗീകാരം ഇല്ലാതെയും ടി കെട്ടിടങ്ങൾ ക്രമവൽക്കരിക്കുവാൻ കഴിയുമോയെന്നുള്ളതിനും സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ട് ( Audit Evidence No.5). ട്രസ്റ്റ് തദ്ദേശസ്വയംഭരണ മന്ത്രിയ്ക്ക് സമർപ്പിച്ച അപേക്ഷയിൽ, ഓഡിറ്റ് പരാമർശം ഉള്ളതുകൊണ്ട് കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നമ്പർ നൽകുന്നില്ലെന്നും, 6/6/07ന് മുമ്പ് NOC ലഭിച്ച കെട്ടിടങ്ങൾക്ക് കെട്ടിട നിർമ്മാണ ചട്ടം ബാധകമാക്കേണ്ടതില്ലെന്നും, ആയതിനാൽ നമ്പർ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നപേക്ഷിച്ചിട്ടുണ്ട്. 11/9/17 ലെ പഞ്ചായത്ത് ഡെ.ഡയറക്ടറുടെ കത്തിൽ 23/3/07 ൽ എൻ.ഒ.സി നൽകിയ കെട്ടിടങ്ങൾക്ക് കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾ (06/6/07 ൽ) നിലവിൽ വന്നതിന് ശേഷം 31/12/2007ൽ പെർമിറ്റ് ഫീസ് ഈടാക്കി പ്ലാൻ അപ്രൂവ് ചെയ്തതായി കാണുന്നെങ്കിലും, പെർമിറ്റ് അധികരിച്ച് നിർമ്മാണം നടത്തിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നതിന്, കെട്ടിട ഉടമകൾ ടൗൺ പ്ലാനർ നിർദ്ദേശിച്ച ന്യൂനതകൾ പരിഹരിച്ച് അപേക്ഷ സമർപ്പിക്കാത്തതിനാൽ ചീഫ് ടൗൺ പ്ലാനറിൽ നിന്ന് സ്പഷ്ടീകരണം വാങ്ങുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്

(Audit Evidence No.6). 26/9/17 ലെ ചീഫ് ൌൺ പ്ലാനറിൽ നിന്ന് ലഭിച്ച സ്പഷ്ടീകരണ കത്തിൽ നിലവിൽ കെട്ടിടനമ്പർ ലഭിച്ച (ഡെന്റൽ കോളേജ് & മെഡിക്കൽ കോളേജ്) കെട്ടിടങ്ങൾക്ക് ഒഴികെയുള്ള എല്ലാ നിർമ്മാണങ്ങളും 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ആവശ്യമായ അനുമതികൾ ലഭ്യമാക്കണമെന്നറിയിച്ചിട്ടുണ്ട് (Audit Evidence No.7) . 26/9/17 ലെ ചീഫ് ൌൺ പ്ലാനറുടെ മറുപടി 5/10/17 ൽ പഞ്ചായത്തിൽ നമ്പരിട്ട് എടുത്തതായി ഫയലിലുണ്ടെങ്കിലും, 03/10/17 ൽ പഞ്ചായത്ത് സെക്രട്ടറി തദ്ദേശഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക്, കെട്ടിടം ക്രമവൽക്കരിക്കുന്നതിന് ചീഫ് ൌൺ പ്ലാനറുടെ അംഗീകാരം വാങ്ങാതെ ക്രമവൽക്കരണം നടത്തി നമ്പർ നൽകാമോയെന്ന് സ്പഷ്ടീകരണം ലഭ്യമാക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട് (Audit Evidence No.8 ). 13/12/17 ൽ പഞ്ചായത്ത് ഡയറക്ടർ ടി കെട്ടിടങ്ങൾക്ക് ക്രമവൽക്കരണ നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ പ്ലാനും മറ്റ് അനുബന്ധങ്ങളും ഉൾപ്പെടെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദമായ പ്രൊപ്പോസൽ സഹിതം ൌൺ പ്ലാനർക്ക് അപേക്ഷ നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട്(Audit Evidence No.9). 17/1/2018 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ട്രസ്റ്റിന് നൽകിയ കത്തിൽ 13/12/17 ലെ പഞ്ചായത്ത് ഡയറക്ടറുടെ കത്തിൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്(Audit Evidence No.10). ടി കെട്ടിടങ്ങൾക്ക് ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ നിന്ന് അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ നിർമ്മാണ പ്രവർത്തികൾ നിർത്തിവയ്ക്കുവാൻ പഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിക്കണമെന്ന് 14/3/18 ലെ കത്തിൽ അഡീഷണൽ ഡിവിഷണൽ ഓഫീസർ ഫയർ & സേഫ്റ്റി അറിയിച്ചിട്ടുണ്ട്. 9/5/18 ലെ തദ്ദേശഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ കത്തിൽ (Audit Evidence No.11) അസ്സീസിയ മെഡിക്കൽ കോളേജ് കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് NOC നൽകിയത് KPBR നിലവിൽ വരുന്നതിന് മുമ്പാണോയെന്ന് വിശദമായ റിപ്പോർട്ട് നൽകുവാൻ ആവശ്യപ്പെട്ടതിന് 22/5/18 ൽ പഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയിൽ, KMBR നിലവിൽ വരുന്നതിന് മുമ്പാണ് നിരാക്ഷേപപത്രം നൽകിയതെന്നും ചീഫ് ൌൺ പ്ലാനറുടെ സ്പഷ്ടീകരണം ആവശ്യമില്ലാതെ ക്രമവൽക്കരിച്ച് നൽകുന്നതിന് ത.ഭ.വ സെക്രട്ടറിയോട് ആവശ്യപ്പെട്ടുകൊണ്ടുള്ള 3/10/17 ലെ കത്തും നൽകിയിട്ടുണ്ട്. എന്നാൽ 5/10/17 ൽ നമ്പരിട്ട് സ്വീകരിച്ച ചീഫ് ൌൺ പ്ലാനറുടെ 26/9/17 ലെ കത്തിൽ രണ്ടു കെട്ടിടങ്ങൾ ഒഴികെ മറ്റെല്ലാ കെട്ടിടങ്ങൾക്കും 2011 ലെ KPBR ചട്ടങ്ങൾ അടിസ്ഥാനത്തിൽ പരിശോധിച്ച് അനുമതി ലഭ്യമാക്കണമെന്ന് അറിയിച്ചിട്ടുള്ളത് മറച്ചുവെച്ചുകൊണ്ടാണ് സർക്കാരിന്റെ അനുമതി ആവശ്യപ്പെട്ടിട്ടുള്ളത്. 28/5/18 ലെ തദ്ദേശഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കത്തിൽ KPBR വരുന്നതിന് മുമ്പ് നിരാക്ഷേപപത്രം നൽകിയതിനാൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ക്രമവൽക്കരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ക്രമവൽക്കരിച്ചുനൽകിയത് (Audit Evidence No.12). 28.05.18 ലെ കത്തിന്റെയടിസ്ഥാനത്തിൽ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനാവശ്യമായ പ്ലാനുകൾ, ലൊക്കേഷൻ സ്കെച്ച്, റവന്യൂ രേഖകൾ എന്നിവ KPBR 2011 പ്രകാരം തയ്യാറാക്കി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ220(B) പ്രകാരം നടപടികൾ സ്വീകരിക്കണമെന്നുള്ള വ്യവസ്ഥയിലാണ് 11/4/2003ൽ നിരാക്ഷേപ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്, മാത്രമല്ല 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 235(എം) വകുപ്പ് പ്രകാരം നിർദ്ദിഷ്ട കാലത്തിനുള്ളിൽ ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണമോ, പുനർനിർമ്മാണമോ പൂർത്തിയാകാതിരുന്നാൽ നിർദ്ദിഷ്ടകാലം അവസാനിക്കുന്നതിന് മുമ്പ് സമയം നീട്ടികിട്ടുന്നതിനുള്ള അപേക്ഷ ബോധിപ്പിക്കാത്ത പക്ഷം അനുവാദം കാലഹരണപ്പെട്ട് പോകുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ആയതിനാൽ കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിൽ ക്രമവൽക്കരിച്ച് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സർക്കാർ നിർദ്ദേശം പാലിയ്ക്കുമ്പോൾ തന്നെ, പഞ്ചായത്ത് രാജ് ആക്ടിലെ നിർദ്ദിഷ്ട വ്യവസ്ഥകൾ പാലിക്കേണ്ടതായിട്ടുണ്ട്. നിലവിൽ

കെട്ടിടങ്ങൾ ക്രമവൽക്കരിച്ചതിലെയും നികുതി നിർണ്ണയത്തിലെയും അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ അസ്സീസിയ മെഡിക്കൽ ഡെന്റൽ കോളേജ് ക്യാമ്പസിലെ എല്ലാ നിർമ്മാണ പ്രവർത്തികളും സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ അസി.എഞ്ചിനീയർ അളന്ന് തിട്ടപ്പെടുത്തി ഹാജരാക്കിയിട്ടുള്ള പ്ലാനുകളുമായി പരിശോധിച്ച് മാറ്റങ്ങൾക്കനുസൃതമായി പുതിയ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച്, അനധികൃത നിർമ്മാണങ്ങൾ ചീഫ് ൗൺ പ്ലാനർ നിർദ്ദേശിച്ച പ്രകാരം 2011 ലെ KPBR പ്രകാരം ക്രമവൽക്കരിയ്ക്കുകയും ഉപയോഗക്രമത്തിനനുസരിച്ച് കേരള പഞ്ചായത്ത് രാജ് കെട്ടിട നികുതി നിർണ്ണയ ചട്ടങ്ങൾ പ്രകാരം നികുതി പുനർ നിർണ്ണയിച്ച്, ഈടാക്കി വിശദമായ റിപ്പോർട്ട് സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

അസ്സീസിയ മെഡിക്കൽ ഡെന്റൽ കോളേജ് ക്യാമ്പസുകളിലെ കെട്ടിടങ്ങളിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനാ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(എ) അസ്സീസ്സിയ മെഡിക്കൽ കോളേജ് കെട്ടിടം (കെട്ടിട നം. 1291) ക്രമവത്ക്കരിച്ച് ഫീസ് ഈടാക്കിയതിലെ കുറവ്

സെല്ലാർ ഉൾപ്പെടെ 10 നിലകളിലായി പ്രവർത്തിക്കുന്ന അസ്സീസ്സിയ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ 2019-20ൽ ക്രമവൽക്കരിച്ചതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ കൂട്ടിച്ചേർത്ത 20231.09എം$^2$ ഭാഗത്തിന് ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്. ഹോസ്പിറ്റൽ കെട്ടിടങ്ങൾക്ക് 5/- രൂപ നിരക്കിലാണ് പെർമിറ്റ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. അനുമതി കൂടാതെ നടത്തിയ നിർമ്മാണ പ്രവർത്തികൾക്ക് KPBR ചട്ടം 92-96 പ്രകാരം പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് പ്രകാരം കൂട്ടിച്ചേർത്ത 20231.09എം$^2$ പ്രവർത്തിയ്ക്ക് 20231.09x5x2 = 202310/-രൂപ ക്രമവത്ക്കരണ പെർമിറ്റ് ഫീസ് ഈടാക്കേണ്ടതായിരുന്നെങ്കിലും 26.09.19 ലെ രസീത് നം. 119010500019 പ്രകാരം 20231/-രൂപ മാത്രമാണ് ഈടാക്കിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/30.09.21 ന് മറുപടിയായി 202310/-രൂപയാണ് ഈടാക്കേണ്ടിയിരുന്നതെന്നും ഈ കെട്ടിടത്തോടൊപ്പം 9/881, 9/882 എന്നീ കെട്ടിടങ്ങൾക്കുകൂടി റഗുലറൈസേഷൻ ഫീസ്, 2013-14 മുതൽ 2019-20 വരെയുള്ള നികുതി കുടിശ്ശിക കൂടി ഉൾപ്പെടുത്തി 1167749/- രൂപയുടെ ചെക്ക് നൽകിയെന്നും, ഫ്രണ്ട് ഓഫീസിൽ രസീത് ചെയ്തപ്പോൾ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിന്റെ റഗുലറൈസേഷൻ ഫീസായി 20231/- രൂപ തെറ്റായി രസീത് ചെയ്തതു മനസ്സിലാക്കി ബാക്കി തുക Other Receipts And Penalities & Fines എന്ന ഹെഡിൽ 2013-14 മുതൽ 2018-19 വരെയുള്ള കുടിശ്ശികയും ഉൾപ്പെടെ 404111/- രൂപ രസീത് നം. 119010500020/26.09.2019 പ്രകാരം ഒടുക്കിയിട്ടുള്ളതായും അറിയിച്ചു. എന്നാൽ ഇത് ഈയിനത്തിലുള്ളത് തന്നെയാണെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

മേൽ കെട്ടിടം (IX/291) സെല്ലാർ ഏരിയ 3365.05 എം$^2$, എട്ടാമത്തെ നില 83.95 എം$^2$ ഏരിയ കണക്കാക്കിയാണ് ക്രമവൽക്കരിച്ച വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. സെല്ലാറിന്റെ അതേ വിസ്തൃതിയിൽ നിർമ്മിച്ചിട്ടുള്ള താഴത്തെ നിലയിലെ വിസ്തീർണ്ണം 3878.56 എം$^2$ , 8-ാമത്തെ നിലയുടെ അതേ വിസ്തീർണ്ണത്തിലുള്ള 7-ാം നിലയുടെ വിസ്തീർണ്ണം 1889.12 ച. മീറ്ററുമായി കണക്കാക്കിയിട്ടുള്ളപ്പോൾ സെല്ലാറിന്റെയും 8-ാമത്തെ നിലയുടെയും വിസ്തീർണ്ണം നികുതി നിർണ്ണയത്തിനായി വാർഡ് ക്ലാർക്ക് അളന്നത് പൂർണ്ണമായും തെറ്റാണെന്നും 513.51 + 1805.17 = 2318.68 എം$^2$ വിസ്തീർണ്ണത്തിൽ കുറവ് വന്നിട്ടുള്ളതായും ബോധ്യപ്പെട്ടിട്ടുള്ളതിനാൽ അസി. എഞ്ചിനീയർ അളന്ന് തിട്ടപ്പെടുത്തി നികുതി പുനർനിർണ്ണയം നടത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

(ബി) അസ്സീസ്സിയ ഡെന്റൽ കോളേജ് കാന്റീൻ/ക്വാർട്ടേഴ്സ് കെട്ടിടം-വസ്തു നികുതി ഇനത്തിൽ 3,72,768/- രൂപയുടെ നഷ്ടം.

കെട്ടിട നമ്പർ-IX/881, 882 (അസ്സീസ്സിയ ഡെന്റൽ കോളേജ് കാന്റീൻ/ക്വാർട്ടേഴ്സ് കെട്ടിടം)

ഉടമസ്ഥന്റെ പേര്-അബ്ദുൽ അസീസ്,അസ്സീസ്സിയ മെഡിക്കൽ കോളേജ്, മിയ്യണ്ണൂർ.

1) കാന്റീനുകൾ പ്രവർത്തിക്കുന്ന നിലകൾക്ക് വസ്തു നികുതി ഈടാക്കാത്തത് സംബന്ധിച്ച്.

29.07.21-ൽ അസ്സീസ്സിയ മെഡിക്കൽ കോളേജിൽ നടത്തിയ പരിശോധനയിൽ ഡെന്റൽ കോളേജ് കാന്റീൻ കെട്ടിടം സെല്ലാർ ഉൾപ്പടെ 8 നിലകളാണുള്ളത്. ഇതിൽ സെല്ലാറിൽ 450.03$m^2$ ഏരിയയിൽ കാന്റീൻ പ്രവർത്തിക്കുന്നു. കൂടാതെ താഴത്തെ നിലയിലും 243.54$m^2$ ഏരിയയിൽ സ്വകാര്യ വ്യക്തി കാന്റീൻ പ്രവർത്തിപ്പിക്കുന്നുണ്ട്. താഴത്തെ നിലയിലെ കാന്റീൻ ഭാഗം കഴിഞ്ഞ് ശേഷിക്കുന്ന 8-ാമത്തെ നില വരെയുള്ള ഭാഗത്ത് ക്വാർട്ടേഴ്സുകളാണ് പ്രവർത്തിക്കുന്നത്.

തദ്ദേശസ്വയം ഭരണവകുപ്പ് (RA)28/05/2018-ലെ തസ്വഭവ.ആർഎ3-275/2017 തസ്വഭവ കത്ത് പ്രകാരം അസ്സീസ്സിയ ഡെന്റൽ കോളേജ് കാന്റീൻ /ക്വാർട്ടേഴ്സ് കെട്ടിടം 2013-14 ഒന്നാം അർദ്ധവാർഷികം മുതൽ ക്രമവൽകരിച്ച് വസ്തു നികുതി ഈടാക്കി കെട്ടിട നമ്പറുകൾ IX/881, 882 അനുവദിച്ച് നൽകിയിട്ടിണ്ട്. ഇതിൽ 881-ൽ സെല്ലാർ കണക്കിലെടുക്കാതെ താഴത്തെ നിലയും, ഒന്നാമത്തെ നിലയും മാത്രമാണ് 2013-14 ഒന്നാം അർദ്ധവാർഷികം മുതൽ ക്രമവൽകരിച്ച് വസ്തു നികുതി ഈടാക്കിയത്. 2019-20-ൽ ക്രമവൽകരണത്തിനായി നൽകിയ കംപ്ലീഷൻ പ്ലാനിൽ സെല്ലാറിൽ അടുക്കളയും, ഡൈനിംഗ് ഏരിയയും കാണിച്ചിട്ടുള്ളതാണ്. എന്നാൽ സെല്ലാറിൽ പ്രവർത്തിക്കുന്ന കാന്റീന് 450.03$m^2$ ഏര്യയ്ക്ക് വാണിജ്യ കെട്ടിടം 200$m^2$ മുകളിലുള്ള നിരക്ക് വാങ്ങി 2013-14 മുതൽ ക്രമവൽകരിച്ച് വസ്തു നികുതി ഈടാക്കുന്നതിന് പകരം 2020-21 മുതൽ മാത്രമാണ് ക്രമവൽകരിച്ച് വസ്തു നികുതി ഈടാക്കിയിട്ടുള്ളത് (കെട്ടിടനമ്പർ 905).

450.03$m^2$ ഏരിയയിൽ പ്രവർത്തിക്കുന്ന കാന്റീനിന്റെ 2013-14 മുതൽ ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി സംബന്ധിച്ച വിവരം താഴെ പറയുന്നു .

2020-21-ൽ ഒന്നാം അർദ്ധവാർഷികം 450.03$m^2$ ഏരിയിൽ പ്രവർത്തിക്കുന്ന കാന്റീന് ഈടാക്കിയ വസ്തു നികുതി-19020/-രൂപ (അർദ്ധവാർഷിക നികുതി) (കെട്ടിട നമ്പർ: IX/905).

2013-14 മുതൽ 2019-20 വരെ ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി- 7 X 19020 X 2 = 2,66,280/- രൂപ.

2,66,280/-രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2) പാർപ്പിട ആവശ്യത്തിന്റെ ഗണത്തിൽപ്പെടുത്തി ക്യാന്റീനിന്റെ വസ്തു നികുതി ഈടാക്കിയത് സംബന്ധിച്ച് -

29.07.21-ൽ അസ്സീസ്സിയ മെഡിക്കൽ കോളേജ് കാന്റീൻ താഴത്തെനില കെട്ടിടത്തിൽ നടത്തിയ പരിശോധനയിൽ (കെട്ടിട നമ്പർ IX/881-ൽ) സ്വകാര്യ വ്യക്തിയുടെ കാന്റീൻ 243.54$m^2$ ഏര്യയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പാർപ്പിട ആവശ്യത്തിനുള്ള ഗണത്തിലാണ് 2019-20-ൽ ക്രമവൽകരണം ചെയ്ത് 2013-14 മുതലുള്ള വസ്തു നികുതി ഈടാക്കിയിട്ടുള്ളത്. ആയതിനാൽ വാണിജ്യ ആവശ്യമായിട്ടുള്ള ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി 2013-14 ഒന്നാം അർദ്ധ വാർഷികം മുതൽ പുനർ നിർണ്ണയിച്ച് താഴെ പറയുന്നപ്രകാരമുള്ള വസ്തു നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

വാണിജ്യ ആവശ്യത്തിനുള്ള 100 ച. മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ/റെസ്റ്റോറന്റ് നികുതി നിരക്ക്: 50/-രൂപ

ഹോട്ടൽ/റെസ്റ്റോറന്റ് ആയി ഉപയോഗിക്കുന്ന ഏരിയ : 243.54$m^2$
അടിസ്ഥാന വസ്തു നികുതി : 50 X 243.54 = 12177/- രൂപ
അടിസ്ഥാന വസ്തു നികുതിയിൽ മേലുള്ള ഇളവുകൾ :- ഇല്ല
അടിസ്ഥാന വസ്തു നികുതിയിൽ മേലുള്ള വർദ്ധനവ് – പ്രഥമം (20%) - 2435.4
ലൈബ്രറി സെസ്സ് (5%) – 730.62
സർവീസ് ചാർജ്ജ് (10%) - 1461.24

ആകെ വസ്തു നികുതി - 16804.26
2013-14 മുതൽ 2020-21 വരെ ഈടാക്കേണ്ടിയിരുന്ന ക്യാന്റീനിന്റെ വസ്തു നികുതി = 8 X 16804.26 = 1,34,434/-

2013-14 മുതൽ 2020-21 വരെ കെട്ടിട നമ്പർ 881-ൽ താഴത്തെ നിലയുടെ (450.03 $M^2$) ഫോറം 6 പ്രകാരം വാർഷിക വസ്തു നികുതിയായി ഒടുക്കുന്നത് 3493.350 രൂപയാണ്. 2013 മുതൽ 2020-21 വരെ ഒടുക്കിയ 27946/- (8 X 3493.35) രൂപ കിഴിച്ച് ബാക്കി തുകയായ 106488/- രൂപ ഈടാക്കേണ്ടതാണ്. ആകെ നഷ്ടം = 3,72,768/-രൂപ. നഷ്ടം ഈടാക്കാത്ത പക്ഷം സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

മറ്റ് അപാകതകൾ

882-ാം നമ്പറിൽ തന്നെയുള്ള കെട്ടിടത്തിൽ 5-ാമത്തെ നിലയായ 526.87m2 ഏരിയ്ക്ക് മുകളിൽ 6-ാമത്തെ നില പണികഴിപ്പിച്ചതിന് പെർമിറ്റ് എടുക്കാത്ത സാഹചര്യത്തിൽ ടി നില ക്രമവൽകരിച്ച് നിയമപ്രകാരമുള്ള ക്രമവൽകരണംനടത്തി വസ്തു നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
881 -ൽ താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന കാന്റീനിന്റെ നികുതി പുനർനിർണ്ണയിക്കാമെന്നും, 882 ക്രമവൽകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം : 27/30.09.21

(സി) അസ്സീസ്സിയ ഡെന്റൽ കോളേജ്/ക്ലിനിക്ക് - ക്രമവൽകരിച്ച് നൽകിയതിന്റെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
കെട്ടിട നമ്പർ-IX/291(അസ്സീസ്സിയ ഡെന്റൽ കോളേജ്/ക്ലിനിക്ക് )

അസീസിയ ഡെന്റൽ കോളേജ് / ക്ലിനിക്കിൽ 29.07.2021-ൽ കെട്ടിടത്തിന്റെ 4 നിലകളും, ബേസ്മെൻറ് ഫ്ലോറുകളും എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തുകയുണ്ടായി. 4 നിലകളും, 3 ബേസ്മെൻറ് ഫ്ലോറുകളുമായിട്ടാണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. 2019-20 ൽ തദ്ദേശസ്വയം ഭരണവകുപ്പ് (RA)28/05/2018-ലെ തസ്വഭവ.ആർഎ3-275/2017 തസ്വഭവ കത്ത് പ്രകാരം 1 സെല്ലാറും, താഴത്തെ നില ഉൾപ്പടെ 4 നിലകൾ നിലവിലുള്ള കെട്ടിടത്തോടു കൂടി കൂട്ടി ചേർത്തതിന് 6928.15$m^2$ ക്രമവൽകരിച്ച് (ഫോം 6 പ്രകാരം) കെട്ടിട നമ്പർ IX/290 വസ്തു നികുതി ഈടാക്കിയതിന്റെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഫയൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-15 പഠനമുറി പൂർത്തിയാക്കിയില്ല.

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി എന്ന പേരിൽ (പദ്ധതി നം. 8/20) അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതിയിൽ ഗുണഭോക്താവായ ശ്രീമതി. സിനി. എസ്സ്, മരുത്തടി വിള മേലതിൽ മുട്ടയ്ക്കാവ് എന്ന വ്യക്തി ആദ്യ മൂന്നു ഗഡുക്കളായി ഒന്നര ലക്ഷം രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ പണി പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. കോവിഡ് സാഹചര്യത്തിൽ പണി പൂർത്തീകരിക്കുന്നതിന് ഗുണഭോക്താവിന് സാമ്പത്തികമായും ശാരീരികമായും ബുദ്ധിമുട്ടുകളുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുള്ളതിനാൽ ഭരണ സമിതി ഇടപെട്ട് സന്നദ്ധ സംഘടനകളുടെ കൂടെ സഹായത്തിൽ പണി പൂർത്തീകരിക്കാൻ ശ്രമിക്കേണ്ടതാണ്.

1-16 വാടകമുറി ഒഴിഞ്ഞ് കിടക്കുന്നു.

പഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 8-ാമത്തെ മുറി പട്ടികജാതി/പട്ടികവർഗ്ഗത്തിനായി ഒഴിച്ചിട്ടിരിക്കുകയാണ്. പക്ഷെ ഈ മുറി വർഷങ്ങളായി ഒഴിഞ്ഞുകിടക്കുന്ന അവസ്ഥയാണ്. ആയത് പരിഹരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായ നടപടികൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി - 17-നുള്ള മറുപടിയിൽ കൃത്യമായ പ്രചാരണങ്ങൾ നൽകിയിട്ടും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർ ആരും തന്നെ

മുറി ഏറ്റെടുക്കാൻ സമീപിക്കുന്നില്ലെന്ന് സൂചിപ്പിക്കുന്നുണ്ട്. സംവരണം ചെയ്യപ്പെട്ട കടമുറികൾക്ക് പരസ്യമായി അപേക്ഷ ക്ഷണിച്ച ശേഷവും ബന്ധപ്പെട്ട വിഭാഗത്തിൽ അപേക്ഷകർ ആരും ഇല്ലാത്തപക്ഷം മറ്റ് വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിക്കാവുന്നതും എന്നാൽ അടുത്തുണ്ടാകുന്ന ഒഴിവ് ഈ വിഭാഗത്തിൽപ്പെട്ടവർക്കായി അനുവദിക്കേണ്ടതുമാണെന്ന് പഞ്ചായത്ത് രാജ് ആക്ടിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ മുറി ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം ഒഴിവാക്കാൻ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-17 തുടർ വിദ്യാഭ്യാസ പദ്ധതി - പൂർത്തീകരണരേഖകൾ ഹാജരാക്കിയിട്ടില്ല.

പത്താംതരം തുല്യതാ പഠിതാക്കളിൽ പട്ടികജാതി ഗുണഭോക്താവിനായി ചെലവഴിച്ച തുക ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരികെ ഈടാക്കി.പദ്ധതി പൂർത്തീകരണ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പദ്ധതി, നം | തുടർ വിദ്യാഭ്യാസ പദ്ധതി, (28/20) |
| അടങ്കൽ തുക | 75000/-(വികസന ഫണ്ട്) |
| ചെലവ് തുക | 42550/-(7/17.3.20) |

ഹെഡ്മിസ്ട്രസ് നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ തുടർ വിദ്യാഭ്യാസ പദ്ധതിയിൽ പത്താംതരം തുല്യതാ പരീക്ഷയ്ക്കായി 23 പഠിതാക്കൾക്ക് 1850 രൂപ നിരക്കിൽ ആകെ 42550/- രൂപ സാക്ഷരതാ മിഷനിൽ 2019 -20 സാമ്പത്തിക വർഷം ഒടുക്കിയിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. പഠിതാക്കളുടെ കോഴ്സ് അറ്റൻഡ് ചെയ്തത് സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.
2. തുക പൂർണ്ണമായും വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
3. പത്താംതരം തുല്യതാ പഠിതാക്കളിൽ ഒരു ഗുണഭോക്താവായ ശ്രീമതി ഷീജ. എ, ചരുവിള വീട്, നെടുമ്പന എന്ന വ്യക്തി പട്ടികജാതി വിഭാഗത്തിൽ പെട്ടതാണ് എന്ന് ഹാജരാക്കിയ രേഖകളിൽ കാണുന്നു. സർക്കാർ നിർദ്ദേശാനുസരണം പട്ടികജാതി വിഭാഗത്തിൽപെടുന്ന ഗുണഭോക്താക്കളുടെ കോഴ്സ് ഫീസ് 1750/- രൂപ പട്ടികജാതി വകുപ്പ് തന്നെ നിർവഹിക്കുമെന്ന് ഉള്ളതിനാൽ വികസനഫണ്ടിൽ നിന്ന് തുക ചെലവഴിക്കേണ്ടതില്ല. (സർക്കുലർ നം.48360/എഫ്.എം.1 /2009/ത.സ്വ.ഭ,വ 6.10.2009) ആയതിനാൽ ടി ഗുണഭോക്താവിനായി ചെലവഴിച്ച 1750/- രൂപ തിരികെ ഈടാക്കേണ്ടതാണ് എന്ന ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 1750/- രൂപ 20.07.2021 ലെ ചെലാൻ നമ്പർ പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടച്ചു.
4. ഗുണഭോക്താക്കൾ കോഴ്സ് പാസായത് സംബന്ധിക്കുന്ന സർട്ടിഫിക്കറ്റുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ പരാമർശിത കാരണങ്ങളാൽ ടി പദ്ധതിക്കായി ചെലവഴിച്ച 40800/-(42550-1750) രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരണ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 8/19.7.21

തടസ്സപ്പെടുത്തിയ തുക - 40800/- രൂപ.

## 1-18 സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി കാർഷികോപകരണങ്ങൾ വ്യക്തികൾക്ക് വാങ്ങി നൽകി.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പദ്ധതി, നം | നെൽകൃഷി വികസനം(33/20) |
| അടങ്കൽ തുക | 207850/-രൂപ (വികസന ഫണ്ട്) |

| | |
|---|---|
| | 425000/-രൂപ (ബ്ലോക്ക് വിഹിതം)<br>425000/-രൂപ (ജില്ലാപഞ്ചായത്ത് വിഹിതം)<br>637500/-രൂപ (ഗ്രണ.വിഹിതം) |
| ചെലവ് തുക | 1084675/-രൂപ |

നെൽകൃഷിക്കാവശ്യമായ വിത്ത്, വളം, കൂലിച്ചെലവ് പദ്ധതിയുമായി ബന്ധപ്പെട്ട് മൂന്ന് സ്പ്രേയറുകൾ റെയ്ഡ്കോയിൽ നിന്ന് 2,500/- രൂപ സബ്സിഡി നിരക്കിൽ 7500/-രൂപയ്ക്ക് (ബിൽ നം. 710/13.3.20) വാങ്ങിയിട്ടുണ്ട്. അതിൽ 2 സ്പ്രേയറുകൾ വ്യക്തികൾക്കായാണ് വാങ്ങിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

1. ഇബ്രാഹിം കുട്ടി, ഐ എസ്, വെളിച്ചിക്കാല
2. സന്തോഷ് കുമാർ, ഭക്തി വിലാസം, പള്ളിമൺ

സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ. തീയതി. 14.2.2018 ഖണ്ഡിക 6.1.8 പ്രകാരം കാർഷിക ഉപകരണങ്ങൾ സമിതി കൾക്കും, സംഘങ്ങൾക്കും മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇതിന് വിരുദ്ധമായി വ്യക്തികൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകുവാൻ ഉണ്ടായ സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് ശ്രീ ഇബ്രാഹിംകുട്ടി പാടശേഖരസമിതി പ്രസിഡന്റ് ആയിരുന്നുവെന്നും, ശ്രീ. സന്തോഷ് കുമാർ പാടശേഖരസമിതി അംഗമാണ് എന്നുമാണ്. കാർഷിക ഉപകരണങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസറും, കൈവശാധികാരം സമിതിക്കുമാണെന്നിരിക്കെ വ്യക്തികൾക്കായി ഉപകരണങ്ങൾ വാങ്ങിനൽകിയ നടപടി നിയമവിധേയമല്ല. ആയതിനാൽ വ്യക്തികളിൽ നിന്നും ഉപകരണങ്ങൾ തിരികെ വാങ്ങി കൃഷിഭവനിലെ സ്റ്റോക്ക് രജിസ്റ്ററിലുൾപ്പെടുത്തേണ്ടതും പാടശേഖര സമിതിയുമായി കരാറിലേർപ്പെട്ട് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.7/20.7.21

1-19 കാർഷിക കർമ്മ സേന റിവോൾവിങ് ഫണ്ട്-തുക നാളിതു വരെ വിനിയോഗിച്ചിട്ടില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പദ്ധതി, നം | കാർഷിക കർമ്മ സേന<br>റിവോൾവിങ് ഫണ്ട്(206/20) |
| അടങ്കൽ തുക | 1,00,000/-രൂപ (തനത്ഫണ്ട്) |
| ചെലവ് തുക | 1,00,000/-രൂപ (ചെക്ക് നം.5133044/10.3.20) |

കാർഷിക കർമ്മസേനയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നെടുമ്പന കാർഷിക കർമ്മസേനക്കായി 2019-20 വർഷം 100000 /- രൂപ റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ടി തുക തനത് ഫണ്ടിൽ നിന്നും കാർഷിക കർമ്മ സേനയുടെ എസ്.ബി.ഐ അക്കൗണ്ടിൽ 10.03. 2020 ൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട് എന്നാൽ ടി തുക നാളിതു വരെ വിനിയോഗിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് 2021-22 സാമ്പത്തിക വർഷം തുക വിനിയോഗിച്ചിട്ടില്ലെങ്കിൽ ടി തുക തിരിച്ചടക്കുന്നതാണ് എന്നാണ്. അതിനാൽ തുക തിരിച്ചടക്കുകയോ, വിനിയോഗിക്കുകയോ ചെയ്യുന്നതുവരെ 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക വിനിയോഗിക്കാത്ത പക്ഷം തിരികെ ഈടാക്കി ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 7/20.7.21.
തടസ്സപ്പെടുത്തിയ തുക – 1,00,000/- രൂപ

1-20 വാണിജ്യ കെട്ടിടം / അപ്പാർട്ട്മെന്റുകൾ - കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്തത് സംബന്ധിച്ച്.

A) വാണിജ്യ കെട്ടിടം / അപ്പാർട്ട്മെന്റുകൾ – റാംപ്, മഴവെള്ള സംഭരണി എന്നിവ നിർമ്മിക്കാത്തത് സംബന്ധിച്ച് .

ഫിലിപ്പ്. കെ. മാത്യു വലിയവിളലൈറ്റ്, നല്ലില, 691515
പെർമിറ്റ് നം. A2-BA(296172)2019/23.10.19

ഫിലിപ്പ്. കെ. മാത്യു വലിയവിളലൈറ്റ്, നല്ലില, 691515 എന്ന വ്യക്തിയുടെ ഉടമസ്ഥയിലുള്ള കെട്ടിട നം. 932 മുതൽ 939 വരെയുള്ള 5 പാർപ്പിട അപ്പാർട്ട്മെന്റുകൾക്കും, 3 വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിനുമാണ് സെക്രട്ടറി കെട്ടിട നമ്പർ നൽകിയിരിക്കുന്നത്.

27.07.21-ൽ നടത്തിയ ഭൗതിക പരിശോധനയിൽ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം 102, 104 എന്നിവ പ്രകാരം മഴവെള്ള സംഭരണി, റാംപ് എന്നിവ നിർമ്മിച്ച് കാണുന്നില്ല.

ഭൗതിക പരിശോധനയിൽ പങ്കെടുത്ത അസിസ്റ്റന്റ് എൻജിനീയർ ടി വിവരങ്ങൾ ബോധ്യപ്പെടുത്തുകയും, വിശദീകരണം ലഭ്യമാക്കാൻ എൻക്വയറി നൽകുകയും ചെയ്തു. കെട്ടിട നിർമ്മാണ ചട്ടം 102, 104 എന്നിവയിൽ അനുശാസിക്കുന്ന റാംപ്, മഴവെള്ള സംഭരണി എന്നിവ നിർമ്മിച്ച ശേഷമേ സ്ഥാപനത്തിന് ലൈസൻസ് നൽകുകയുള്ളുവെന്ന മറുപടി സെക്രട്ടറി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

B) അനുമതിവാങ്ങാതെ നിലവിലുള്ള കെട്ടിടത്തോട് ചേർത്ത് പുതിയ കെട്ടിടം നിർമ്മിച്ചത് സംബന്ധിച്ച്.

ശ്രീമതി. ഷിബിന, കിണറുവിള, മുട്ടയ്ക്കാവ് എന്ന വ്യക്തി ബ്ളോക് നം. 21 സർവ്വേനം (153/8, 153/7, 153/6, 153/16/2, 153/4/4/2, 153/23/2 )-ൽപ്പെട്ട വസ്തുവിൽ ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ള ഗണത്തിലുള്ള ഉപയോഗക്രമത്തിൽ കാണിച്ച് പെർമിറ്റ് (A2-BA(8365)2018/26.02.2020 എടുക്കുകയും തുടർന്ന് കെട്ടിട നമ്പർ(1099) പഞ്ചായത്ത് അനുവദിച്ച് നൽകുകയും ചെയ്തിട്ടുള്ളതാണ്. 27.07.21-ൽ നടത്തിയ ഭൗതിക പരിശോധനയിൽ നിലവിലുള്ള 187.93$m^2$ കെട്ടിടത്തോട് ചേർത്ത് ഷീറ്റ് മേഞ്ഞ പുതിയ കെട്ടിടം നിർമ്മിക്കുകയും, മറ്റൊരു ഷീറ്റ് മേഞ്ഞ കെട്ടിടം പ്രത്യേകമായി നിർമ്മിച്ചിട്ടുള്ളതാണ്. ഭൗതിക പരിശോധനയിൽ പങ്കെടുത്ത അസിസറ്റന്റ് എൻജിനീയർ പുതിയതായി നിർമ്മിച്ച കെട്ടിടങ്ങളുടെ താഴെ പറയുന്ന അളവുകൾ രേഖപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളതാണ്.

1) നിലവിലെ കെട്ടിടത്തിനോടു ചേർത്ത് നിർമ്മിച്ച കെട്ടിടത്തിന്റെ അളവുകൾ - 240.54$m^2$

2) പ്രത്യേകമായി നിർമ്മിച്ച കെട്ടിടത്തിന്റെ അളവുകൾ - 31.81$m^2$

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം അനുശാസിക്കുന്ന പിഴയും,വസ്തുനികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണെന്ന് കാണിച്ച് എൻക്വയറി നൽകിയതിൽ കെട്ടിടം നിയമാനുസൃതമാണെങ്കിൽ ക്രമവൽകരിച്ച് നൽകുമെന്നും, അനധികൃതമാണെങ്കിൽ പൊളിച്ച് കളയുമെന്ന മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ളത്.

തുടർ നടപടികൾ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 21/28/07/21.

1-21 ഭൂമി വാങ്ങൽ (എസ്.സി.പി)- അധികം തുക ചെലവഴിച്ചു

ഭൂമി വാങ്ങൽ (എസ്.സി.പി) പദ്ധതിയിൽ സർക്കാർ മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായി അധികം തുക അനുവദിച്ചു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| പദ്ധതി, നം | ഭൂമി വാങ്ങൽ (എസ്.സി.പി) (174/20) |
| അടങ്കൽ തുക | 520161/- (വികസന ഫണ്ട്എസ്.സി.പി) |

| | |
|---|---|
| ചെലവ് തുക | 375000/- (5/25.7.19) |

സുധ, ചരുവിള വീട്ടിൽ, മുട്ടക്കാവ് എന്ന വ്യക്തിക്ക് നളിനാക്ഷൻ, താഴെ തൊടിയിൽ പേർക്കുള്ള 4.49 സെന്റ് വസ്തു വിലയാധാരമായി 3,75,000/- രൂപയ്ക്ക് വാങ്ങി നൽകി. സർക്കാർ നിർദ്ദേശാനുസരണം സർക്കുലർ നം.289/ഡി.ബി.1/2018 തസ്വഭവ 31.3.2018 ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭൂരഹിതരായ പട്ടിക ജാതി പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനുള്ള നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ (2018-19) വാങ്ങി നൽകുന്ന ഭൂമിയുടെ വിസ്തീർണ്ണവും, നിരക്കും പട്ടികജാതി, പട്ടിക വർഗ്ഗവികസന വകുപ്പിലെ നിലവിലെ നിരക്കായിരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.എസ് സി ഗുണഭോക്താവിന് അഞ്ച് സെൻറ് ഭൂമി 375000/- രൂപയ്ക്ക് വാങ്ങി നൽകാവുന്നതാണ്. 5 സെൻറ് ഭൂമിയിൽ കുറവാണ് വാങ്ങുന്നതെങ്കിൽ ആനുപാതികമായി മാത്രമേ തുക നൽകുവാൻ കഴിയുകയുള്ളൂ. എന്നാൽ ഈ ഉത്തരവിന് വിരുദ്ധമായി 4.49 സെന്റ് (1.82 ആർ) വസ്തുവിന് 375000/- രൂപ നൽകിയിരിക്കുന്നു .

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് 5 സെൻറ് ഭൂമിക്കായാണ് തുക അനുവദിച്ചതെന്നും രേഖകൾ പരിശോധിച്ച് ഉറപ്പാക്കുന്നതിൽ വീഴ്ച വന്നതിനാലാണ് അധികം തുക നൽകേണ്ടി വന്നത് എന്നുമാണ്.

5 സെൻറ് ഭൂമിക്ക് 375000/- രൂപ നിരക്കിൽ 4.49 സെന്റിന് അനുവദനീയമായ തുക = 375000 X 4.49/5 = 336750/- രൂപ

അനുവദിച്ച തുക = 375000/- രൂപ

അധികം അനുവദിച്ച തുക = 38250/- രൂപ

അധികം അനുവദിച്ച തുകയായ 38250/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ.യിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.- 22/27.7.21

നിരാകരിച്ച തുക - 38250/- രൂപ

1-22 പഞ്ചായത്തിലെ സെർവർ റൂം നെറ്റ് വർക്കിംഗ് - എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ അളവ് രേഖപ്പെടുത്തി തുക നൽകി.

പ്രോജക്റ്റ് നം. : 157/ 19-20 (സ്പിൽ ഓവർ)

പ്രവൃത്തിയുടെ പേര് : സെർവർ റൂം ശീതികരിക്കലും നെറ്റ് വർക്കിംഗ് നടത്തലും

അടങ്കൽ : 3,97,788/-

കരാർ നം. : A4-1289/19തീ.05.03.19

കരാർതുക : എസ്റ്റിമേറ്റ് നിരക്ക്

കരാറുകാരൻ : ശ്രീ സുനിലാൽ

എം. ബുക്ക് നം. : 61/18-19

ആകെ പ്രവൃത്തിമൂല്യം : 378463 + 15300/- (സൂപ്പർവിഷൻ & മെഷർമെന്റ് ചാർജ്)

ബിൽ നം./തീയതി/തുക : 1/19-20 തീ. 14.05.19 / 234561/- രൂപ.

ചെക്ക് നം. 22008 / തീ. 31.03.19 / 128762/- രൂപ.

സെക്രട്ടറി നിർവഹണം നടത്തിയ മേൽ സൂചന പ്രോജക്റ്റിനായി ഇലക്ട്രിക്കൽ പ്രവൃത്തിക്കുള്ള പാനൽ എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെണ്ടർനടപടികൾ മുഖേന പ്രവൃത്തി നിർവഹിച്ചിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തിയുടെ ചുവടെ ചേർക്കുന്ന ഇനങ്ങൾക്ക് എസ്റ്റിമേറ്റ് പ്രകാരം നിർണയിച്ചതിനേക്കാൾ കൂടുതൽ അളവ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തി തുക നൽകിയിട്ടുണ്ട്.

| ക്രമ | പ്രവൃത്തി | നിരക്ക് | എസ്റ്റിമേറ്റ് | എം.ബുക്ക് | നൽകാവുന്ന | നൽകിയ | അധികം |
|---|---|---|---|---|---|---|---|

| നം | വിവരണം | | പ്രകാരം അളവ് | പ്രകാരം അളവ് | തുക | തുക (₹) | നൽകിയ തുക (₹) |
|---|---|---|---|---|---|---|---|
| 1 | 100 X 50 Mm CMS With Base & lid | 935 | 58 | 62 | 54230 | 57970 | 3740 |
| 2 | End Cap | 92 | 12 | 32 | 1104 | 2944 | 1840 |

മേൽസൂചന അപാകതയിന്മേൽ രേഖാമൂലമുള്ള വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പ്രസ്തുത രണ്ടിനങ്ങളിലും പ്രവൃത്തി ചെയ്തുവന്നപ്പോൾ എസ്റ്റിമേറ്റിൽ പറഞ്ഞിരുന്ന അളവിൽകൂടുതൽ ചെയ്യേണ്ടിവന്നു എന്നും എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടില്ല എന്നും സാങ്കേതികജ്ഞാനമുള്ള പാനൽ എഞ്ചിനീയർ തയ്യാറാക്കിയ ബില്ലിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയാണുണ്ടായതെന്നും മറുപടി നൽകിയിട്ടുണ്ട്.

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും അളവുകൾ രേഖപ്പെടുത്തുന്നതിനും പ്രതിഫലം പറ്റുന്ന പാനൽ എഞ്ചിനീയർ നിർമാണപ്രവൃത്തിയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് ആവശ്യമുണ്ടെങ്കിൽ പി.ഡബ്ല്യു.ഡി മാന്വലിലും പദ്ധതി ആസൂത്രണ മാർഗരേഖയിലും നിർദ്ദേശിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ എസ്റ്റിമേറ്റിനേക്കാൾ പറഞ്ഞിരുന്ന അളവിൽ കൂടുതൽ ചെയ്ത പ്രവൃത്തിക്ക് ബിൽ തയ്യാറാക്കി എന്നത് അംഗീകരിക്കാനാവില്ല.

എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ അളവ് രേഖപ്പെടുത്തി നൽകിയ 5580/- രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു. പ്രസ്തുത തുക പാനൽ എഞ്ചിനീയറിൽ നിന്നും ഈടാക്കുന്നതിന് നിർവഹണോദ്യോഗസ്ഥൻ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 24/30.7.21

നിരാകരിച്ച തുക - 5580/- രൂപ

1-23 കന്നുകുട്ടി പരിപാലന പദ്ധതി - തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പദ്ധതി,നം | കന്നുകുട്ടി പരിപാലന പദ്ധതി (19/20) |
| അടങ്കൽ തുക | 1000000/- (വികസന ഫണ്ട്)<br>1000000/- (ഗുണഭോക്തൃ വിഹിതം) |
| ചെലവ് തുക | 1000000/-<br>(500000/- 3/24.10.19<br>450000/- 5/22.1.20<br>50000/- 8/7.12.19) |

കന്നുകുട്ടി പരിപാലന പദ്ധതിക്കായി 2019 -20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും 80 കന്നുകുട്ടികൾക്കായി 12,500/- രൂപ നിരക്കിൽ 10 ലക്ഷം രൂപ അസിസ്റ്റൻറ് ഡയറക്ടർ, കാഫ് ഫീഡ് ഓഫീസിലേക്ക് ഒടുക്കു വരുത്തിയിട്ടുണ്ട്. 14.7.2021 ലെ Assistant Director, Calf Feed Subsidy Scheme ന്റെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 80 കന്നുകുട്ടികൾക്കായി 8,51,214/- രൂപ വിനിയോഗിച്ചിട്ടുള്ളതായും പദ്ധതി നിലവിലും തുടരുന്നു എന്നും അറിയിച്ചിട്ടുണ്ട്. ആകെ 10 ലക്ഷം രൂപ ഒടുക്കു വരുത്തിയതിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകയായ 1,48,786/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകയായ 1,48,786/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 1,48,786/- രൂപ

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 സ്ഥാപന തൊഴിൽ നികുതി -22,500/-രൂപ നഷ്ടം.

ചുവടെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്യുന്നതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | 2019-20 |
|---|---|---|
| 1 | നെടുമ്പന സർവ്വീസ് സഹകരണ ബാങ്ക്, നല്ലില ബ്രാഞ്ച് | 2,500/- |
| 2 | നെടുമ്പന സർവ്വീസ് സഹകരണ ബാങ്ക്, പള്ളിമൺ ബ്രാഞ്ച്. | 2,500/- |
| 3 | പഴങ്ങാലം സർവ്വീസ് സഹകരണ ബാങ്ക്, പഴങ്ങാലം മുക്ക് ശാഖ | 2,500/- |
| 4 | ക്ഷീരോത്പാദക സഹകരണ സംഘം, പഴങ്ങാലം | 2,500/- |
| 5 | ക്ഷീരോത്പാദക സഹകരണ സംഘം, നല്ലില | 2,500/- |
| 6 | ക്ഷീരോത്പാദക സഹകരണ സംഘം, പള്ളിമൺ | 2,500/- |
| 7 | ക്ഷീരോത്പാദക സഹകരണ സംഘം, മുട്ടക്കാവ് | 2,500/- |
| 8 | ക്ഷീരോത്പാദക സഹകരണ സംഘം, കുണ്ടുമൺ | 2,500/- |
| 9 | ക്ഷീരോത്പാദക സഹകരണ സംഘം, മലേവയൽ | 2,500/- |
| | ആകെ | 22,500/- |

സ്ഥാപന തൊഴിൽ നികുതി 2019-20 മുതൽ അടവാക്കേണ്ടതാണ്. ഈടാക്കാത്ത പക്ഷം അവസാന മൂന്ന് വർഷത്തെ കുടിശ്ശിക സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്. ഈ വിഷയത്തിൽ സെക്രട്ടറിയുടെ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറി-13 നുള്ള മറുപടിയിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-2 അസ്സീസിയ മെഡിക്കൽ ഡെന്റൽ കോളേജ് കെട്ടിടങ്ങൾ ക്രമവൽക്കരിച്ചതിലെയും നികുതി നിർണ്ണയത്തിലെയും അപാകതകൾ

അസ്സീസിയ മെഡിക്കൽ ഡെന്റൽ കോളേജ് കെട്ടിടങ്ങൾ ക്രമവൽക്കരിച്ചതിന്റെയും നികുതി നിർണ്ണയത്തിലെയും അപാകതകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2012-13, 2013-14 വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നു (Audit Evidence No.1). ഇതിനെ തുടർന്ന് നികുതി ഈടാക്കുന്നതിനും ക്രമവൽക്കരിക്കുന്നതിനുമായി പഞ്ചായത്ത് സ്വീകരിച്ച നടപടിയുടെ ഭാഗമായി മെഡിക്കൽ കോളേജ് ട്രസ്റ്റിന് നൽകിയ നിർദ്ദേശത്തിന് ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടങ്ങൾക്ക് KMBR, KPBR നിലവിൽ വരുന്നതിന് മുമ്പ് 2007 മാർച്ച് മാസത്തിൽ തന്നെ പഞ്ചായത്തിൽ നിന്ന് NOC ലഭിച്ചിട്ടുണ്ടെന്നും, 06/06/07 ന് മുമ്പ് നിർമ്മാണം ആരംഭിച്ച പ്രവർത്തികൾക്ക് സെക്രട്ടറി ഡോർ നമ്പർ മാത്രം നൽകിയാൽ മതിയെന്നും, KMBR പാലിക്കേണ്ടതില്ലെന്നും ഓഡിറ്റ് കണ്ടെത്തലുകൾ വസ്തുതാ വിരുദ്ധമാണെന്നും അസ്സീസിയ മെഡിക്കൽ കോളേജ് ട്രസ്റ്റ് അറിയിച്ചു (Audit Evidence No. 1a). ഇതിന് മറുപടിയായി 26.10.16 ന് സെക്രട്ടറി നൽകിയ കത്തിൽ (Audit Evidence No.2) ഓഡിറ്റ് കണ്ടെത്തലുകളിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ക്രമവൽക്കരണ നടപടികൾ സ്വീകരിച്ച് നികുതി നിർണ്ണയം നടത്തേണ്ടതാണെന്നും കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് 30/11/15ൽ താങ്കൾ സമർപ്പിച്ച അപേക്ഷ ഠൗൺ പ്ലാനർക്ക് നൽകിയിരുന്നത് ന്യൂനതകൾ ഉള്ളതിനാൽ നിരസിച്ചുകൊണ്ടും കത്ത് നൽകിയിട്ടുണ്ടെന്നും ( Audit Evidence No.3) ആയതിനാൽ കത്ത് കൈപ്പറ്റി 7 ദിവസത്തിനകം ജില്ലാ ഠൌൺ പ്ലാനർ നിർദ്ദേശിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിച്ച് പുതുക്കിയ അപേക്ഷയും പ്ലാനും മറ്റ് ആവശ്യമായ രേഖകളുമുൾപ്പെടെ നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതിന് കൂടുതൽ സമയം ആവശ്യപ്പെട്ട് 16/11/16ൽ ട്രസ്റ്റ് കത്ത് നൽകിയതിന് സെക്രട്ടറി 15 ദിവസം അധികം സമയം അനുവദിച്ചിരുന്നു ( Audit Evidence No.4). 9/2/17ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജില്ലാ ഠൌൺ പ്ലാനർക്ക് നൽകിയ കത്തിൽ, 25/7/16 ലെ ജില്ലാ ഠൌൺ പ്ലാനർ നിർദ്ദേശിച്ച ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതെ, കെട്ടിടങ്ങൾക്ക് NOC ലഭിച്ചത് 6/6/07 ന്

മുമ്പായതിനാൽ, റൌൺ പ്ലാനറുടെ അംഗീകാരം ആവശ്യമില്ലെന്ന നിലപാടിൽ കെട്ടിടം ഉടമകൾ പ്ലാനുകളും ഡോക്യുമെന്റുകളും ഹാജരാക്കാത്തതിനാൽ, 23/03/07 ൽ NOC നേടിയെന്ന കാരണത്താൽ 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണചട്ടങ്ങൾ പരിഗണിക്കാതെയും ചീഫ് ടൌൺ പ്ലാനറുടെ അംഗീകാരം ഇല്ലാതെയും ടി കെട്ടിടങ്ങൾ ക്രമവൽക്കരിക്കുവാൻ കഴിയുമോയെന്നുള്ളതിനും സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ട് ( Audit Evidence No.5). ട്രസ്റ്റ് തദ്ദേശസ്വയംഭരണ മന്ത്രിയ്ക്ക് സമർപ്പിച്ച അപേക്ഷയിൽ, ഓഡിറ്റ് പരാമർശം ഉള്ളത്കൊണ്ട് കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നമ്പർ നൽകുന്നില്ലെന്നും, 6/6/07ന് മുമ്പ് NOC ലഭിച്ച കെട്ടിടങ്ങൾക്ക് കെട്ടിട നിർമ്മാണ ചട്ടം ബാധകമാക്കേണ്ടതില്ലെന്നും, ആയതിനാൽ നമ്പർ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നപേക്ഷിച്ചിട്ടുണ്ട്. 11/9/17 ലെ പഞ്ചായത്ത് ഡെ.ഡയറക്ടറുടെ കത്തിൽ 23/3/07 ൽ എൻ.ഒ.സി നൽകിയ കെട്ടിടങ്ങൾക്ക് കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾ (06/6/07 ൽ) നിലവിൽ വന്നതിന് ശേഷം 31/12/2007ൽ പെർമിറ്റ് ഫീസ് ഈടാക്കി പ്ലാൻ അപ്രൂവ് ചെയ്തതായി കാണുന്നെങ്കിലും, പെർമിറ്റ് അധികരിച്ച് നിർമ്മാണം നടത്തിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നതിന്, കെട്ടിട ഉടമകൾ ടൌൺ പ്ലാനർ നിർദ്ദേശിച്ച ന്യൂനതകൾ പരിഹരിച്ച് അപേക്ഷ സമർപ്പിക്കാത്തതിനാൽ ചീഫ് ഠൗൺ പ്ലാനറിൽ നിന്ന് സ്പഷ്ടീകരണം വാങ്ങുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട് (Audit Evidence No.6). 26/9/17 ലെ ചീഫ് ടൌൺ പ്ലാനറിൽ നിന്ന് ലഭിച്ച സ്പഷ്ടീകരണ കത്തിൽ നിലവിൽ കെട്ടിടനമ്പർ ലഭിച്ച (ഡെന്റൽ കോളേജ് & മെഡിക്കൽ കോളേജ്) കെട്ടിടങ്ങൾക്ക് ഒഴികെയുള്ള എല്ലാ നിർമ്മാണങ്ങളും 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ആവശ്യമായ അനുമതികൾ ലഭ്യമാക്കണമെന്നറിയിച്ചിട്ടുണ്ട് (Audit Evidence No.7) . 26/9/17 ലെ ചീഫ് ഠൗൺ പ്ലാനറുടെ മറുപടി 5/10/17 ൽ പഞ്ചായത്തിൽ നമ്പരിട്ട് എടുത്തതായി ഫയലിലുണ്ടെങ്കിലും, 03/10/17 ൽ പഞ്ചായത്ത് സെക്രട്ടറി തദ്ദേശഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക്, കെട്ടിടം ക്രമവൽക്കരിക്കുന്നതിന് ചീഫ് ഠൗൺ പ്ലാനറുടെ അംഗീകാരം വാങ്ങാതെ ക്രമവൽക്കരണം നടത്തി നമ്പർ നൽകാമോയെന്ന് സ്പഷ്ടീകരണം ലഭ്യമാക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട് (Audit Evidence No.8 ). 13/12/17 ൽ പഞ്ചായത്ത് ഡയറക്ടർ ടി കെട്ടിടങ്ങൾക്ക് ക്രമവൽക്കരണ നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ പ്ലാനും മറ്റ് അനുബന്ധങ്ങളും ഉൾപ്പെടെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദമായ പ്രൊപ്പോസൽ സഹിതം ടൌൺ പ്ലാനർക്ക് അപേക്ഷ നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട്(Audit Evidence No.9). 17/1/2018 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ട്രസ്റ്റിന് നൽകിയ കത്തിൽ 13/12/17 ലെ പഞ്ചായത്ത് ഡയറക്ടറുടെ കത്തിൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്(Audit Evidence No.10). ടി കെട്ടിടങ്ങൾക്ക് ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ നിന്ന് അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ നിർമ്മാണ പ്രവർത്തികൾ നിർത്തിവയ്ക്കുവാൻ പഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിക്കണമെന്ന് 14/3/18 ലെ കത്തിൽ അഡീഷണൽ ഡിവിഷണൽ ഓഫീസർ ഫയർ & സേഫ്റ്റി അറിയിച്ചിട്ടുണ്ട്. 9/5/18 ലെ തദ്ദേശഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ കത്തിൽ (Audit Evidence No.11) അസ്സീസിയ മെഡിക്കൽ കോളേജ് കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് NOC നൽകിയത് KPBR നിലവിൽ വരുന്നതിന് മുമ്പാണോയെന്ന് വിശദമായ റിപ്പോർട്ട് നൽകുവാൻ ആവശ്യപ്പെട്ടതിന് 22/5/18 ൽ പഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയിൽ, KMBR നിലവിൽ വരുന്നതിന് മുമ്പാണ് നിരാക്ഷേപപത്രം നൽകിയതെന്നും ചീഫ് ഠൗൺ പ്ലാനറുടെ സ്പഷ്ടീകരണം ആവശ്യമില്ലാതെ ക്രമവൽക്കരിച്ച് നൽകുന്നതിന് ത.ഭ.വ സെക്രട്ടറിയോട് ആവശ്യപ്പെട്ടുകൊണ്ടുള്ള 3/10/17 ലെ കത്തും നൽകിയിട്ടുണ്ട്. എന്നാൽ 5/10/17 ൽ നമ്പരിട്ട് സ്വീകരിച്ച ചീഫ് ഠൗൺ പ്ലാനറുടെ 26/9/17 ലെ കത്തിൽ രണ്ടു കെട്ടിടങ്ങൾ ഒഴികെ മറ്റെല്ലാ കെട്ടിടങ്ങൾക്കും 2011 ലെ KPBR ചട്ടങ്ങൾ അടിസ്ഥാനത്തിൽ പരിശോധിച്ച് അനുമതി ലഭ്യമാക്കണമെന്ന് അറിയിച്ചിട്ടുള്ളത് മറച്ചുവെച്ചുകൊണ്ടാണ് സർക്കാരിന്റെ അനുമതി ആവശ്യപ്പെട്ടിട്ടുള്ളത്. 28/5/18 ലെ തദ്ദേശഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കത്തിൽ KPBR വരുന്നതിന് മുമ്പ് നിരാക്ഷേപപത്രം നൽകിയതിനാൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ക്രമവൽക്കരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതിന്റെ

അടിസ്ഥാനത്തിലാണ് ക്രമവൽക്കരിച്ചുനൽകിയത്(Audit Evidence No.12). 28.05.18 ലെ കത്തിന്റെയടിസ്ഥാനത്തിൽ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനാവശ്യമായ പ്ലാനുകൾ, ലൊക്കേഷൻ സ്കെച്ച്, റവന്യൂ രേഖകൾ എന്നിവ KPBR 2011 പ്രകാരം തയ്യാറാക്കി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ220(B)പ്രകാരം നടപടികൾ സ്വീകരിക്കണമെന്നുള്ള വ്യവസ്ഥയിലാണ് 11/4/2003ൽ നിരാക്ഷേപ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്, മാത്രമല്ല 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 235(എം) വകുപ്പ് പ്രകാരം നിർദ്ദിഷ്ട കാലത്തിനുള്ളിൽ ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണമോ, പുനർനിർമ്മാണമോ പൂർത്തിയാകാതിരുന്നാൽ നിർദ്ദിഷ്ടകാലം അവസാനിക്കുന്നതിന് മുമ്പ് സമയം നീട്ടികിട്ടുന്നതിനുള്ള അപേക്ഷ ബോധിപ്പിക്കാത്ത പക്ഷം അനുവാദം കാലഹരണപ്പെട്ട് പോകുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ആയതിനാൽ കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിൽ ക്രമവൽക്കരിച്ച് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സർക്കാർ നിർദ്ദേശം പാലിയ്ക്കുമ്പോൾ തന്നെ, പഞ്ചായത്ത് രാജ് ആക്ടിലെ നിർദ്ദിഷ്ട വ്യവസ്ഥകൾ പാലിക്കേണ്ടതായിട്ടുണ്ട്. നിലവിൽ കെട്ടിടങ്ങൾ ക്രമവൽക്കരിച്ചതിലെയും നികുതി നിർണ്ണയത്തിലെയും അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ അസ്സീസിയ മെഡിക്കൽ ഡെന്റൽ കോളേജ് ക്യാമ്പസിലെ എല്ലാ നിർമ്മാണ പ്രവർത്തികളും സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ അസി.എഞ്ചിനീയർ അളന്ന് തിട്ടപ്പെടുത്തി ഹാജരാക്കിയിട്ടുള്ള പ്ലാനുകളുമായി പരിശോധിച്ച് മാറ്റങ്ങൾക്കനുസൃതമായി പുതിയ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച്, അനധികൃത നിർമ്മാണങ്ങൾ ചീഫ് ററൗൺ പ്ലാനർ നിർദ്ദേശിച്ച പ്രകാരം 2011 ലെ KPBR പ്രകാരം ക്രമവൽക്കരിയ്ക്കുകയും ഉപയോഗക്രമത്തിനനുസരിച്ച് കേരള പഞ്ചായത്ത് രാജ് കെട്ടിട നികുതി നിർണ്ണയ ചട്ടങ്ങൾ പ്രകാരം നികുതി പുനർ നിർണ്ണയിച്ച്, ഈടാക്കി വിശദമായ റിപ്പോർട്ട് സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.
അസ്സീസിയ മെഡിക്കൽ ഡെന്റൽ കോളേജ് ക്യാമ്പസുകളിലെ കെട്ടിടങ്ങളിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനാ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(എ) അസ്സീസ്സിയ മെഡിക്കൽ കോളേജ് കെട്ടിടം (കെട്ടിട നം. 1291) ക്രമവത്ക്കരിച്ച് ഫീസ് ഈടാക്കിയതിലെ കുറവ്

സെല്ലാർ ഉൾപ്പെടെ 10 നിലകളിലായി പ്രവർത്തിക്കുന്ന അസ്സീസ്സിയ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ 2019-20ൽ ക്രമവൽക്കരിച്ചതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ കൂട്ടിച്ചേർത്ത 20231.09എം$^2$ ഭാഗത്തിന് ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്. ഹോസ്പിറ്റൽ കെട്ടിടങ്ങൾക്ക് 5 രൂപ നിരക്കിലാണ് പെർമിറ്റ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. അനുമതി കൂടാതെ നടത്തിയ നിർമ്മാണ പ്രവർത്തികൾക്ക് KPBR ചട്ടം 92-96 പ്രകാരം പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് പ്രകാരം കൂട്ടിച്ചേർത്ത 20231.09എം$^2$ പ്രവർത്തിയ്ക്ക് 20231.09x5x2 = 202310/-രൂപ ക്രമവത്ക്കരണ പെർമിറ്റ് ഫീസ് ഈടാക്കേണ്ടതായിരുന്നെങ്കിലും 26.09.19 ലെ രസീത് നം. 119010500019 പ്രകാരം 20231/-രൂപ മാത്രമാണ് ഈടാക്കിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/30.09.21 ന് മറുപടിയായി 202310/-രൂപയാണ് ഈടാക്കേണ്ടിയിരുന്നതെന്നും ഈ കെട്ടിടത്തോടൊപ്പം 9/881, 9/882 എന്നീ കെട്ടിടങ്ങൾക്കുകൂടി റഗുലറൈസേഷൻ ഫീസ്, 2013-14 മുതൽ 2019-20 വരെയുള്ള നികുതി കുടിശ്ശിക കൂടി ഉൾപ്പെടുത്തി 1167749/- രൂപയുടെ ചെക്ക് നൽകിയെന്നും, ഫ്രണ്ട് ഓഫീസിൽ രസീത് ചെയ്തപ്പോൾ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിന്റെ റഗുലറൈസേഷൻ ഫീസായി 20231/- രൂപ തെറ്റായി രസീത് ചെയ്തത് മനസ്സിലാക്കി ബാക്കി തുക Other Receipts And Penalities & Fines എന്ന ഹെഡിൽ 2013-14 മുതൽ 2018-19 വരെയുള്ള കുടിശ്ശികയും ഉൾപ്പെടെ 404111/- രൂപ രസീത് നം. 119010500020/26.09.2019 പ്രകാരം ഒടുക്കിയിട്ടുള്ളതായും അറിയിച്ചു. എന്നാൽ ഇത് ഈയിനത്തിലുള്ളത് തന്നെയാണെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

മേൽ കെട്ടിടം (IX/291) സെല്ലാർ ഏരിയ 3365.05 എം$^2$, എട്ടാമത്തെ നില 83.95 എം$^2$ ഏരിയ കണക്കാക്കിയാണ് ക്രമവൽക്കരിച്ച വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. സെല്ലാറിന്റെ അതേ വിസ്തൃതിയിൽ നിർമ്മിച്ചിട്ടുള്ള താഴത്തെ നിലയിലെ വിസ്തീർണ്ണം 3878.56 എം$^2$, 8-ാമത്തെ നിലയുടെ അതേ വിസ്തീർണ്ണത്തിലുള്ള 7-ാം നിലയുടെ വിസ്തീർണ്ണം 1889.12 ച. മീറ്ററുമായി കണക്കാക്കിയിട്ടുള്ളപ്പോൾ സെല്ലാറിന്റെയും 8-ാമത്തെ നിലയുടെയും വിസ്തീർണ്ണം നികുതി നിർണ്ണയത്തിനായി വാർഡ് ക്ലാർക്ക് അളന്നത് പൂർണ്ണമായും തെറ്റാണെന്നും 513.51 + 1805.17 = 2318.68 എം$^2$ വിസ്തീർണ്ണത്തിൽ കുറവ് വന്നിട്ടുള്ളതായും ബോധ്യപ്പെട്ടിട്ടുള്ളതിനാൽ അസി. എഞ്ചിനീയർ അളന്ന് തിട്ടപ്പെടുത്തി നികുതി പുനർനിർണ്ണയം നടത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

(ബി) അസ്സീസ്സിയ ഡെന്റൽ കോളേജ് കാന്റീൻ/ക്വാർട്ടേഴ്സ് കെട്ടിടം-വസ്തു നികുതി ഇനത്തിൽ 3,72,768/- രൂപയുടെ നഷ്ടം.

കെട്ടിട നമ്പർ-IX/881, 882 (അസ്സീസ്സിയ ഡെന്റൽ കോളേജ് കാന്റീൻ/ക്വാർട്ടേഴ്സ് കെട്ടിടം)

ഉടമസ്ഥന്റെ പേര്-അബ്ദുൽ അസീസ്, അസ്സീസ്സിയ മെഡിക്കൽ കോളേജ്, മിയ്യണ്ണൂർ.

1) കാന്റീനുകൾ പ്രവർത്തിക്കുന്ന നിലകൾക്ക് വസ്തു നികുതി ഈടാക്കാത്തത് സംബന്ധിച്ച്.

29.07.21-ൽ അസ്സീസ്സിയ മെഡിക്കൽ കോളേജിൽ നടത്തിയ പരിശോധനയിൽ ഡെന്റൽ കോളേജ് കാന്റീൻ കെട്ടിടം സെല്ലാർ ഉൾപ്പടെ 8 നിലകളാണുള്ളത്. ഇതിൽ സെല്ലാറിൽ 450.03m$^2$ ഏരിയയിൽ കാന്റീൻ പ്രവർത്തിക്കുന്നു. കൂടാതെ താഴത്തെ നിലയിലും 243.54m$^2$ ഏരിയയിൽ സ്വകാര്യ വ്യക്തി കാന്റീൻ പ്രവർത്തിപ്പിക്കുന്നുണ്ട്. താഴത്തെ നിലയിലെ കാന്റീൻ ഭാഗം കഴിഞ്ഞ് ശേഷിക്കുന്ന 8-ാമത്തെ നില വരെയുള്ള ഭാഗത്ത് ക്വാർട്ടേഴ്സുകളാണ് പ്രവർത്തിക്കുന്നത്.

തദ്ദേശസ്വയം ഭരണവകുപ്പ് (RA)28/05/2018-ലെ തസ്വഭവ.ആർഎ3-275/2017 തസ്വഭവ കത്ത് പ്രകാരം അസ്സീസ്സിയ ഡെന്റൽ കോളേജ് കാന്റീൻ /ക്വാർട്ടേഴ്സ് കെട്ടിടം 2013-14 ഒന്നാം അർദ്ധവാർഷികം മുതൽ ക്രമവൽകരിച്ച് വസ്തു നികുതി ഈടാക്കി കെട്ടിട നമ്പറുകൾ IX/881, 882 അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ 881-ൽ സെല്ലാർ കണക്കിലെടുക്കാതെ താഴത്തെ നിലയും, ഒന്നാമത്തെ നിലയും മാത്രമാണ് 2013-14 ഒന്നാം അർദ്ധവാർഷികം മുതൽ ക്രമവൽകരിച്ച് വസ്തു നികുതി ഈടാക്കിയത്. 2019-20-ൽ ക്രമവൽകരണത്തിനായി നൽകിയ കംപ്ളീഷൻ പ്ളാനിൽ സെല്ലാറിൽ അടുക്കളയും, ഡൈനിംഗ് ഏരിയയും കാണിച്ചിട്ടുള്ളതാണ്. എന്നാൽ സെല്ലാറിൽ പ്രവർത്തിക്കുന്ന 450.03m$^2$ കാന്റീനിന് 200m$^2$ മുകളിലുള്ള വാണിജ്യ കെട്ടിടത്തിന്റെ നിരക്ക് വാങ്ങി 2013-14 മുതൽ ക്രമവൽകരിച്ച് വസ്തു നികുതി ഈടാക്കുന്നതിന് പകരം 2020-21 മുതൽ മാത്രമാണ് ക്രമവൽകരിച്ച് വസ്തു നികുതി ഈടാക്കിയിട്ടുള്ളത് (കെട്ടിട നമ്പർ 905).

450.03m$^2$ ഏരിയയിൽ പ്രവർത്തിക്കുന്ന കാന്റീനിന്റെ 2013-14 മുതൽ ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി സംബന്ധിച്ച വിവരം താഴെ പറയുന്നു .

2020-21-ൽ ഒന്നാം അർദ്ധവാർഷികം 450.03m$^2$ ഏരിയിൽ പ്രവർത്തിക്കുന്ന കാന്റീനിന് ഈടാക്കിയ വസ്തു നികുതി-19020/-രൂപ (അർദ്ധവാർഷിക നികുതി) (കെട്ടിട നമ്പർ : IX/905).

2013-14 മുതൽ 2019-20 വരെ ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി- 7 X 19020 X 2 = 2,66,280/- രൂപ.

2,66,280/-രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2) പാർപ്പിട ആവശ്യത്തിന്റെ ഗണത്തിൽപ്പെടുത്തി ക്യാന്റീനിന്റെ വസ്തു നികുതി ഈടാക്കിയത് സംബന്ധിച്ച് -

29.07.21-ൽ അസ്സീസ്സിയ മെഡിക്കൽ കോളേജ് കാന്റീൻ താഴത്തെനില കെട്ടിടത്തിൽ നടത്തിയ

പരിശോധനയിൽ (കെട്ടിട നമ്പർ IX/881-ൽ) സ്വകാര്യ വ്യക്തിയുടെ കാന്റീൻ 243.54m$^2$ ഏര്യയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പാർപ്പിട ആവശ്യത്തിനുള്ള ഗണത്തിലാണ് 2019-20-ൽ ക്രമവൽകരണം ചെയ്ത് 2013-14 മുതലുള്ള വസ്തു നികുതി ഈടാക്കിയിട്ടുള്ളത്. ആയതിനാൽ വാണിജ്യ ആവശ്യമായിട്ടുള്ള ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി 2013-14 ഒന്നാം അർദ്ധ വാർഷികം മുതൽ പുനർ നിർണ്ണയിച്ച് താഴെ പറയുന്നപ്രകാരമുള്ള വസ്തു നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

വാണിജ്യ ആവശ്യത്തിനുള്ള 100 ച. മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ/റെസ്റ്റോറന്റ് നികുതി നിരക്ക്: 50/-

ഹോട്ടൽ/റെസ്റ്റോറന്റ് ആയി ഉപയോഗിക്കുന്ന ഏരിയ : 243.54m$^2$
അടിസ്ഥാന വസ്തു നികുതി : 50 X 243.54 = 12177/- രൂപ
അടിസ്ഥാന വസ്തു നികുതിയിൽ മേലുള്ള ഇളവുകൾ :- ഇല്ല
അടിസ്ഥാന വസ്തു നികുതിയിൽ മേലുള്ള വർദ്ധനവ് – പ്രഥമം (20%) - 2435.4
ലൈബ്രറി സെസ്സ് (5%) – 730.62
സർവ്വീസ് ചാർജ്ജ് (10%) - 1461.24
ആകെ വസ്തു നികുതി - 16804.26
2013-14 മുതൽ 2020-21 വരെ ഈടാക്കേണ്ടിയിരുന്ന ക്യാന്റീനിന്റെ വസ്തു നികുതി = 8 X 16804.26 = 1,34,434/-

2013-14 മുതൽ 2020-21 വരെ കെട്ടിട നമ്പർ 881-ൽ താഴത്തെ നിലയുടെ (450.03 M$^2$) ഫോറം 6 പ്രകാരം വാർഷിക വസ്തു നികുതിയായി ഒടുക്കുന്നത് 3493.350 രൂപയാണ്. 2013 മുതൽ 2020-21 വരെ ഒടുക്കിയ 27946/- (8 X 3493.35) രൂപ കിഴിച്ച് ബാക്കി തുകയായ 106488/- രൂപ ഈടാക്കേണ്ടതാണ്. ആകെ നഷ്ടം = 3,72,768/-രൂപ. നഷ്ടം ഈടാക്കാത്ത പക്ഷം സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

മറ്റ് അപാകതകൾ

882-ാം നമ്പറിൽ തന്നെയുള്ള കെട്ടിടത്തിൽ 5-ാമത്തെ നിലയായ 526.87m2 ഏരിയ്ക്ക് മുകളിൽ 6-ാമത്തെ നില പണികഴിപ്പിച്ചതിന് പെർമിറ്റ് എടുക്കാത്ത സാഹചര്യത്തിൽ ടി നില ക്രമവൽകരിച്ച് നിയമപ്രകാരമുള്ള ക്രമവൽകരണംനടത്തി വസ്തു നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
881 -ൽ താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന കാന്റീന്റെ നികുതി പുനർനിർണ്ണയിക്കാമെന്നും, 882 ക്രമവൽകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം : 27/30.09.21

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഭൂമി വാങ്ങൽ (എസ്.സി.പി)-അധികം തുക ചെലവഴിച്ചു.

ഭൂമി വാങ്ങൽ (എസ്.സി.പി) പദ്ധതിയിൽ സർക്കാർ മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായി അധികം തുക അനുവദിച്ചു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ. |
| പദ്ധതി, നം | ഭൂമി വാങ്ങൽ (എസ്.സി.പി) (174/20) |
| അടങ്കൽ തുക | 520161/-(വികസന ഫണ്ട്എസ്.സി.പി) |
| ചെലവ് തുക | 375000/-(5/25.7.19) |

സുധ, ചരുവിള വീട്ടിൽ, മുട്ടക്കാവ് എന്ന വ്യക്തിക്ക് നളിനാക്ഷൻ, താഴെ തൊടിയിൽ പേർക്കുള്ള 4.49

സെന്റ് വസ്തു വിലയാധാരമായി 3,75,000/- രൂപയ്ക്ക് വാങ്ങി നൽകി. സർക്കാർ നിർദ്ദേശാനുസരണം സർക്കുലർ നം. 289/ഡി.ബി.1/2018 തസ്വഭവ 31.3.2018 ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭൂരഹിതരായ പട്ടിക ജാതി പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനുള്ള നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ (2018-19)വാങ്ങി നൽകുന്ന ഭൂമിയുടെ വിസ്തീർണ്ണവും, നിരക്കും പട്ടികജാതി, പട്ടിക വർഗ്ഗവികസന വകുപ്പിലെ നിലവിലെ നിരക്കായിരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എസ് സി ഗുണഭോക്താവിന് അഞ്ച് സെൻറ് ഭൂമി 375000 രൂപയ്ക്ക് വാങ്ങി നൽകാവുന്നതാണ്. 5 സെന്റ് ഭൂമിയിൽ കുറവാണ് വാങ്ങുന്നതെങ്കിൽ ആനുപാതികമായി മാത്രമേ തുക നൽകുവാൻ കഴിയുകയുള്ളൂ. എന്നാൽ ഈ ഉത്തരവിന് വിരുദ്ധമായി 4.49 സെന്റ് (1.82 ആർ) വസ്തുവിന് 375000/- രൂപ നൽകിയിരിക്കുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് 5 സെൻറ് ഭൂമിയ്ക്കായാണ് തുക അനുവദിച്ചതെന്നും രേഖകൾ പരിശോധിച്ച് ഉറപ്പാക്കുന്നതിൽ വീഴ്ച വന്നതിനാലാണ് അധികം തുക നൽകേണ്ടി വന്നത് എന്നുമാണ്.

5 സെൻറ് ഭൂമിക്ക് 375000/- രൂപ നിരക്കിൽ 4.49 സെന്റിന് അനുവദനീയമായ തുക = 375000 X 4.49 / 5 = 336750/- രൂപ.
അനുവദിച്ച തുക = 375000/- രൂപ.
അധികം അനുവദിച്ച തുക = 38250/- രൂപ.
അധികം അനുവദിച്ച തുകയായ 38250/- രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.- 22/27.7.21.
നിരാകരിച്ച തുക - 38250/- രൂപ.

3-2 പഞ്ചായത്തിലെ സെർവർ റൂം നെറ്റ് വർക്കിംഗ് - എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ അളവ് രേഖപ്പെടുത്തി തുക നൽകി.

പ്രോജക്റ്റ് നം. : 157/ 19-20 (സ്പിൽ ഓവർ)
പ്രവർത്തിയുടെ പേര് : സെർവർ റൂം ശീതികരിക്കലും നെറ്റ് വർക്കിംഗ് നടത്തലും
അടങ്കൽ : 3,97,788/- രൂപ
കരാർ നം. : A4-1289/19 തീ. 05.03.19
കരാർതുക : എസ്റ്റിമേറ്റ് നിരക്ക്
കരാറുകാരൻ : ശ്രീ സുനിലാൽ
എം.ബുക്ക് നം. : 61/18-19
ആകെ പ്രവൃത്തിമൂല്യം : 378463/- + 15300/-(സൂപ്പർവിഷൻ & മെഷർമെന്റ് ചാർജ്)
ബിൽ നം./തീയതി/തുക : 1/19-20 തീ. 14.05.19 / 234561/- രൂ.
ചെക്ക് നം. 22008/ തീ. 31.03.19/128762/- രൂ.

സെക്രട്ടറി നിർവഹണം നടത്തിയ മേൽ സൂചന പ്രോജക്ടിനായി ഇലക്ട്രിക്കൽ പ്രവൃത്തികളുള്ള പാനൽ എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ മുഖേന പ്രവൃത്തി നിർവഹിച്ചിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തിയുടെ ചുവടെ ചേർക്കുന്ന ഇനങ്ങൾക്ക് എസ്റ്റിമേറ്റ് പ്രകാരം നിർണയിച്ചതിനേക്കാൾ കൂടുതൽ അളവ്, അളവു പുസ്തകത്തിൽ രേഖപ്പെടുത്തി തുക നൽകിയിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തി വിവരണം | നിരക്ക് | എസ്റ്റിമേറ്റ് പ്രകാരം അളവ് | എം. ബുക്ക് പ്രകാരം അളവ് | നൽകാവുന്ന തുക | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | 100 X 50 Mm | 935 | 58 | 62 | 54230 | 57970 | 3740 |

| | | | | | | | |
|---|---|---|---|---|---|---|---|
| | CMS With Base & lid | | | | | | |
| 2 | End Cap | 92 | 12 | 32 | 1104 | 2944 | 1840 |

മേൽസൂചന അപാകതയിന്മേൽ രേഖാമൂലമുള്ള വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പ്രസ്തുത രണ്ടിനങ്ങളിലും പ്രവൃത്തി ചെയ്തുവന്നപ്പോൾ എസ്റ്റിമേറ്റിൽ പറഞ്ഞിരുന്ന അളവിൽകൂടുതൽ ചെയ്യേണ്ടിവന്നു എന്നും എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടില്ല എന്നും സാങ്കേതികജ്ഞാനമുള്ള പാനൽ എഞ്ചിനീയർ തയ്യാറാക്കിയ ബില്ലിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയാണുണ്ടായതെന്നും മറുപടി നൽകിയിട്ടുണ്ട്.

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും അളവുകൾ രേഖപ്പെടുത്തുന്നതിനും പ്രതിഫലം പറ്റുന്ന പാനൽ എഞ്ചിനീയർ നിർമാണപ്രവൃത്തിയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് ആവശ്യമുണ്ടെങ്കിൽ പി.ഡബ്ല്യു.ഡി മാന്വലിലും പദ്ധതി ആസൂത്രണ മാർഗരേഖയിലും നിർദ്ദേശിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ എസ്റ്റിമേറ്റിനേക്കാൾ പറഞ്ഞിരുന്ന അളവിൽകൂടുതൽ ചെയ്ത പ്രവൃത്തിക്ക് ബിൽ തയ്യാറാക്കി എന്നത് അംഗീകരിക്കാനാവില്ല.

എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ അളവ് രേഖപ്പെടുത്തി നൽകിയ 5580/- രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു. പ്രസ്തുത തുക പാനൽ എഞ്ചിനീയറിൽ നിന്നും ഈടാക്കുന്നതിന് നിർവഹണോദ്യോഗസ്ഥൻ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 24/30.07.21

നിരാകരിച്ച തുക – 5580/- രൂപ

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 12-07-2021 മുതൽ 13-07-2021 വരെ | കെ.എസ്.എ.കെ.എൽ.എം.പി.7/1059/2021 /13.04.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 4,25,000/- | നെൽകൃഷി വികസനം | 4,25,000/- | 0 |
| | | 19,05,777/- | ലൈഫ് പദ്ധതി | 19,05,777/- | 0 |
| | | 2,50,000/- | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,50,000/- | 0 |
| | | 0 | റോഡ് റീടാറിംഗ് | 1,50,000/- | 0 |
| | | 1,92,000/- | ODF | 1,92,000/- | 0 |
| ജില്ലാ പഞ്ചായത്ത്, കൊല്ലം | 2019-20 | 10,00,000/- | ലൈഫ് പദ്ധതി (ജനറൽ) | 10,00,000/- | 0 |
| | | 2,72,000/- | ലൈഫ് പദ്ധതി (SCP) | 2,72,000/- | 0 |
| | | 2,50,000/- | മാനസിക വെല്ലുവിളി | 2,50,000/- | 0 |

| | | | | |
|---|---|---|---|---|
| | | നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്.

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 85,80,000/- രൂപ വരവുണ്ട്. മുൻബാക്കി 8,80,000/- രൂപയടക്കം 94,60,000/- രൂപയിൽ 84,80,000/- വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (രൂപ) തൻവർഷം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്) 111/18/13.8.2018 | 85,80,000/- | 4,18,00,000/- | 33,82,352/- | | 4,69,97,648/- |

4-6 സ്ഥിര നിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 3-1 | 2016-17 | 4.1.3 | അടിസ്ഥാന സൗകര്യ വികസനം | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 3-2 | 2016-17 | 4.6.1 | ആസ്തി ആർജ്ജിക്കൽ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-2 | 2016-17 | 3-12 | പെർമിറ്റ് ഫീസ് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 16,05,15,887/- രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 11,67,18,529/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | : 3,95,268/- രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 43,830/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 2,89,586/- രൂപ |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക(₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 22,500/- | | ശ്രീ. ഹാരീസ് മുഹമ്മദ് കോയ, സെക്രട്ടറി |
| 2-2 | 3,72,768/- | | ശ്രീ. ഹാരീസ് മുഹമ്മദ് കോയ, സെക്രട്ടറി |
| 3-1 | | 38,250/- | ശ്രീമതി ആശാദേവി, വി.ഇ.ഒ, നെടുമ്പന സർക്കിൾ |
| 3-2 | | 5,580/- | ശ്രീ. ഹാരീസ് മുഹമ്മദ് കോയ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 40800/- | ശ്രീമതി ശശികല, എച്ച്.എം |
| 1-19 | 100000/- | ആർ. ഷംന, കൃഷി ഓഫീസർ |
| 1-23 | 148786/- | ഡോ. ഷാജ്ജ റഹ്മാൻ, വെറ്റിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| | |
|---|---|
| 1-7-2 | 40300/- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സ ത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ആർ. ഷംന, കൃഷിഓഫീസർ | കൃഷി ഓഫീസർ നെടുമ്പന | റഷീദ് മൻസിൽ, കിളികൊല്ലൂർ. പി.ഒ കൊല്ലം-691004 |
| ശ്രീ. ഹാരീസ് മുഹമ്മദ് കോയ സെക്രട്ടറി | വിരമിച്ച | പണ്ടകശാല , പ്രാക്കുളം പി.ഒ, കൊല്ലം |
| ഡോ. ഷാജ്ജ റഹ്മാൻ | വെറ്റിനറി സർജൻ | ദാറുൽ റഹ്മ, TKMC PO, കരിക്കോട്, |

| | | |
|---|---|---|
| വെറ്റിനറി സർജൻ | നെടുമ്പന<br>ഗ്രാമ പഞ്ചായത്ത് | കൊല്ലം |
| ശ്രീമതി ശശികല, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്<br>നെടുമ്പന | ഗായത്രി, നടുവിലക്കര, മുഖത്തല<br>പി.ഒ, |
| ആശാദേവി. വി, വി.ഇ.ഒ. | വി.ഇ.ഒ, പേരയം<br>ഗ്രാമ പഞ്ചായത്ത് | ചോതി നിവാസ്, ഭാവനാ<br>നഗർ-160<br>കടപ്പാക്കട, കൊല്ലം-691 008 |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2005-06 | കെ.എസ്സ്.എ.കെ.എൽ.എം.പി7/415/2018, തീയതി - 26-2-18 |
| 2006-07 | കെ.എസ്സ്.എ.കെ.എൽ.എം.പി7/810(1)/2019, തീയതി - 12-6-19 |
| 2007-08 | കെ.എസ്സ്.എ.കെ.എൽ.എം.പി7/810(2)/2019, തീയതി - 12-6-19 |
| 2008-09 | കെ.എസ്സ്.എ.കെ.എൽ.എം.പി7/810(3)/2019, തീയതി - 12-6-19 |
| 2009-10 | കെ.എസ്സ്.എ.കെ.എൽ.എം.പി7/810(4)/2019, തീയതി - 12-6-19 |
| 2010-11- 2011-12 | കെ.എസ്സ്.എ.കെ.എൽ.എം.പി7/810(5)/2019, തീയതി - 12-6-19 |
| 2012-13- 2013-14 | എൽ.എഫ്.ക്യൂ.പി1/122222/14, തീയതി - 4.3.15 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി1/22222/14, തീയതി – 4.3.15 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.7/1838/17, തീയതി – 22.1.18 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി.7/1838/18, തീയതി – 22.1.18 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി.7/1868/18, തീയതി – 26.02.18 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി.7/87/20, തീയതി – 16.03.2020 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം , കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## അനുബന്ധ പത്രികകൾ.

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-4

## Audit Evidences

Audit Evidences (1)

നിർമ്മാണ പെർമിറ്റിന് വേണ്ടി ട്രസ്റ്റ് ഗ്രാമ പഞ്ചായത്തിൽ അപേക്ഷിച്ചിരിക്കുന്നത് എന്ന്
പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ആയതിനാൽ പെർമിറ്റ് ഫീസോ, കെട്ടിട നികുതിയോ
ഈടാക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. കൂടാതെ 1996 ലെ കേരള പഞ്ചായത്ത്
രാജ് നിയമങ്ങളും ചട്ടങ്ങളും സെക്ഷൻ 235(എ, എ) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച
ടി കെട്ടിടങ്ങൾക്ക് നികുതി ഈടാക്കൽ പ്രകാരം അനധികൃത നിർമ്മാണത്തിന്
ബാധകമായിരിക്കുന്ന ഫീസ് കൂടി ഈടാക്കേണ്ടതാണ്. മാത്രമല്ല, ഇത് ഈടാക്കുന്നതിന്
വേണ്ട യാതൊരു നടപടികളും നാളിതുവരെ ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും നികുതി
ഈടാക്കുന്നതിനായി ഒരു കത്തുപോലും ട്രസ്റ്റിന് നൽകിയിട്ടില്ല. 2009 ലെ കേരള പഞ്ചായത്ത്
രാജ് (രണ്ടാം ഭേദഗതി) ആക്ടിലെ 207(ബി) പ്രകാരം സർക്കാർ വകയോ, എയ്ഡഡോ,
സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ
കെട്ടിടങ്ങളെ മാത്രമാണ് നികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നത്. സെൽഫ് ഫിനാൻസിംഗ്
സ്ഥാപനങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന് കെട്ടിട
നികുതിയിനത്തിൽ വൻ നഷ്ടമുണ്ടായതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

1) <u>യുനൂസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി</u>

ഫാത്തിമ മെമ്മോറിയൽ എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ അധീനതയിലുള്ളതും,
ശ്രീ.ഹാജി.എ. യൂനുസുകുഞ്ഞിന്റെ പേരിൽ നെടുമ്പന വില്ലേജിൽ 7524, 7602, 8378 എന്നീ
തണ്ടപ്പേരുകളിലുള്ള ബ്ലോക്ക് നമ്പർ 21 -ൽ പ്പെട്ട 59,60,61 എന്നീ സർവ്വേ നമ്പരുകളിൽ 4.47
ഏക്കറിൽ 8270 സ്ക്വയറിൽ യൂനുസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയും 3960 സ്ക്വയറിൽ
മൂന്ന് നിലകളുള്ള ലേഡീസ് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു. ഗ്രാമ പഞ്ചായത്തിന്റെ
അനുമതിയില്ലാതെ കെട്ടിടങ്ങൾ നിർമ്മിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്ന ടി
സ്ഥാപനത്തിൽ നിന്ന് 2013-2014 രണ്ടാം അർദ്ധ വർഷം മുതൽ ജീവനക്കാരുടെ തൊഴിൽ
നികുതി ഈടാക്കുന്നുണ്ടെങ്കിലും കെട്ടിട നികുതി ഈടാക്കുന്നതിന് വേണ്ട യാതൊരു
നടപടികളും നാളിതുവരെ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ പെർമിറ്റ്

ലഭിക്കുന്നതിന് ട്രസ്റ്റ് നൽകിയ അപേക്ഷ, പ്ലാൻ എന്നിവയിൽ നിന്ന് ലഭിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## I) യൂനുസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി

| 1) എഞ്ചിനീയറിംഗ് കോളേജ് | വിസ്തീർണ്ണം(സ്കയർ) | നികുതി (@ 3/ squ) |
|---|---|---|
| തറവിസ്തീർണ്ണം | 2058 | 6174 |
| ഒന്നാം നില | 2054 | 6162 |
| രണ്ടാം നില | 2054 | 6162 |

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823



(2)

| | | |
|---|---|---|
| 2) വർക്ക് ഷോപ്പ് | 311 | 933 |
| വർക്ക് ഷോപ്പ് | 406 | 1218 |
| വർക്ക് ഷോപ്പ് | 525 | 1575 |
| വർക്ക് ഷോപ്പ് | 669 | 2007 |
| ക്യാന്റീൻ | 202 | 606 |
| | ആകെ നികുതി | 24836/- |

2012 2013, 2013 2014 വർഷങ്ങളിലെ കെട്ടിട നികുതി - 24836 X 2 = 49672/-

5% ലൈബ്രറി സെസ് - 2484/-

ആകെ 52156/-

==============

അനധികൃത കെട്ടിടങ്ങൾക്ക് നിലവിലെ നികുതിയുടെ മൂന്നിരട്ടി 52156 X 3 = 156468/- രൂപ.

## II) അസീസിയ മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും

പൊടിക്കുഞ്ഞ് മുസിലിയാർ മെമ്മോറിയൽ ചാരിറ്റബിൾ ആന്റ് എഡ്യൂക്കേഷണൽ ട്രസ്റ്റിന്റെ അധീനതയിലുള്ള അസീസിയ മെഡിക്കൽ കോളേജ്, ഡെന്റൽ കോളേജ്, നഴ്സിംഗ് കോളേജ് എന്നിവ നെടുമ്പന ഗ്രാമ പഞ്ചായത്തിൽ മിയന്നൂർ വാർഡിൽ 512/2, 512/3, 512/6, 517, 517/3, 518 എന്നീ സർവ്വേ നമ്പരുകളിലായി ഗ്രാമ പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണം നടത്തുകയും പ്രവർത്തിച്ചുവരുകയും ചെയ്യുന്നു. 2012-2013 ഒന്നാം അർദ്ധവർഷം മുതൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും കെട്ടിട നികുതി ഈടാക്കുന്നില്ല. 2006-2007 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടനിർമ്മാണം പൂർത്തീകരിച്ച മേൽ സ്ഥാപനങ്ങൾക്ക് നികുതി നിർണ്ണയിക്കുന്നതിന് 24.08.2007ൽ ട്രസ്റ്റ് അപേക്ഷ, കെട്ടിട നിർമ്മാണ പ്ലാൻ എന്നിവ നൽകിയെങ്കിലും ഗ്രാമ പഞ്ചായത്ത് യാതൊരു നടപടികളും നാളിതുവരെ സ്വീകരിച്ചിട്ടില്ല. ടി അപേക്ഷകളിൽ നിന്നും ലഭിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപയോഗം | വിസ്തീർണ്ണം(സ്കയർ) | നികുതി |
|---|---|---|
| 1) മെഡിക്കൽ കോളേജ് (തറ വിസ്തീർണ്ണം) (ലെവൽ 1) | 1831.15 | 5493 |
| ഒന്നാം നില (ലെവൽ 2) | 2291.52 | 6874 |
| രണ്ടാം നില (ലെവൽ 3) | 4106.17 | 12318 |
| മൂന്നാംനില(ലെവൽ 4) | 3374.33 | 10122 |

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059 9496041823

| | | |
|---|---|---|
| നാലാംനില (ലെവൽ 5) | 1869.52 | 5608 |
| അഞ്ചാം നില (ലെവൽ 6) | 1359.09 | 4077 |
| | ആകെ | 44492 |

2) ജന്റ്സ് ഹോസ്റ്റൽ (ആറു നില കെട്ടിടം)

502.93 X 6 = 3017 സ്ക്വയർ 9051/- രൂപ (നികുതി)

3) ലേഡീസ് ഹോസ്റ്റൽ (ആറുനില കെട്ടിടം)

816.5 X 6 = 4899 സ്ക്വയർ 14697/- രൂപ (നികുതി)

======

4) സ്റ്റാഫ് കോട്ടേഴ്സ്, ക്യാന്റീൻ

| | | |
|---|---|---|
| ബെയ്സ്മെന്റ് നില | 450.03 | 1350 |
| ഗ്രൗണ്ട് ഫ്ളോർ (തറ വിസ്തീർണ്ണം) | 450.03 | 1350 |
| ഒന്നാം നില | 526.87 | 1580 |
| രണ്ടാം നില | 526.87 | 1580 |
| മൂന്നാം നില | 526.87 | 1580 |
| നാലാംനില | 526.87 | 1580 |
| ടെറസ് | 25.82 | 77 |
| | ആകെ | 9097 |

5) മെഡിക്കൽ കോളേജ്

| ഹോസ്പിറ്റൽ ബ്ലോക്ക് | വിസ്തീർണ്ണം (സ്ക്വയർ) | നികുതി |
|---|---|---|
| ബെയ്സ്മെന്റ് നില (1) | 1247.61 | 3742 |
| ,, (2) | 797.75 | 2393 |
| ഗ്രൗണ്ട് ഫ്ളോർ | 2934.39 | 8803 |
| ഒന്നാം നില | 2572.86 | 7718 |
| രണ്ടാം നില | 2569.56 | 7708 |
| മൂന്നാം നില | 1992.28 | 5976 |
| നാലാം നില | 1857.43 | 5572 |
| അഞ്ചാംനില | 1857.43 | 5572 |
| ആറാംനില | 814.87 | 2444 |
| | ആകെ രൂ. | 49928/- |



V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823

(4)

6) ഡെന്റൽ കോളേജ്

| | വിസ്തീർണ്ണം (സ്ക്വയർ) | നികുതി |
|---|---|---|
| ബെയ്സ്മെന്റ് നില | 729.79 | 2189 |
| ഗ്രൗണ്ട് ഫ്ളോർ | 1536.46 | 4609 |
| ഒന്നാം നില | 1536.46 | 4609 |
| രണ്ടാം നില | 1536.46 | 4609 |
| മൂന്നാം നില | 1536.46 | 4609 |
| Extension at East | 80m$^2$ | 240 |
| | ആകെ | 20865/- |

7) ഡെന്റൽ സയൻസ് മെൻസ് ആന്റ് വുമൻസ് ഹോസ്റ്റൽ

| | വിസ്തീർണ്ണം (സ്ക്വയർ) | നികുതി |
|---|---|---|
| ഗ്രൗണ്ട് ഫ്ളോർ | 947.08 | 2841 |
| ഒന്നാം നില | 947.08 | 2841 |
| രണ്ടാം നില | 947.08 | 2841 |
| | ആകെ | 8523/- |

8) നഴ്സിംഗ് കോളേജ് ആന്റ് ഹോസ്റ്റൽ

ഗ്രൗണ്ട് ഫ്ളോർ - 1776.36 സ്ക്വയർ - 5329/-

അസീസിയ മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും ആകെ നികുതി - 161982/-

2012-2013, 2013-2014 വർഷങ്ങളിലെ ആകെ നികുതി - 161982 X 2 - 323964/-

5% ലൈബ്രറി സെസ്സ് - 16198/-

ആകെ 340162/-

=======

UA കെട്ടിടങ്ങൾക്ക് നിലവിലെ നികുതിയുടെ മുന്നിരട്ടി - 340162 X 3 = 1020486/-

തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പിന്റെ 11.01.2011 ലെ 19/11, 20/11 എന്ന സർക്കാർ ഉത്തരവുകൾ പ്രകാരവും, നെടുമ്പന ഗ്രാമ പഞ്ചായത്തിന്റെ 22.09.2011 ലെ V-ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരവും ഗ്രാമ പഞ്ചായത്തിന്റെ വസ്തു നികുതി തറവിസ്തൃതിയുടെ അടിസ്ഥാനത്തിൽ ആശുപത്രികൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും 1 സ്ക്വയർ/3 രൂപ നിരക്കിലാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ടി രണ്ടു



V.S. LEKHA Secretary Nedumpana Gramapanchayat Nedumpana P.O., Kollam-691576 Ph: 04742562059, 9496041823

(5)

സ്ഥാപനങ്ങളുടേയും 2012-2013, 2013-2014 വർഷങ്ങളിലെ വസ്തുനികുതി (ലൈബ്രറി സെസ് ഉൾപ്പെടെ) താഴെപ്പറയും പ്രകാരം കണക്കാക്കുന്നു.

ആകെ കെട്ടിട നികുതി

യൂനൂസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി - 1,56,468

അസീസിയ മെഡിക്കൽ കോളേജും

അനുബന്ധ സ്ഥാപനങ്ങളും - 10,20,486

ആകെ 11,76,954/-

വസ്തു നികുതി ഈടാക്കാത്തത് സംബന്ധിച്ച് 30.08.2014 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 28 ന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമ പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മിച്ച മേൽ കെട്ടിടങ്ങളുടെ നികുതിയിനത്തിലുള്ള തുക 1176954/- രൂപയായി കണക്കാക്കി പലിശ സഹിതം ഈടാക്കേണ്ടതാണ്. ടി കെട്ടിടങ്ങളിൽ നിന്ന് മുൻ വർഷങ്ങളിലെ നികുതി കൂടി നിർണ്ണയിച്ച് ഈടാക്കുന്നതിന് വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2:5: നല്ലില മാർക്കറ്റിലെ ഗേറ്റ്ഫീസ് പിരിവ് 'തറവാടക' ഈടാക്കുന്നില്ല.

2012-2013 സാമ്പത്തിക വർഷത്തിലേയ്ക്ക് നല്ലില മാർക്കറ്റിലെ ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ശ്രീ.ജെയിംസ്, കല്ലുവിളവീട്, നല്ലില.പി.ഒ എന്നയാൾ 5550/- രൂപയ്ക്ക് ലേലത്തിൽ പിടിച്ചിട്ടുള്ളതാണ്. ഗ്രാമ പഞ്ചായത്തിന്റെ 2012-2013 ലെ ലേല പരസ്യത്തിലെ പൊതു ലേല വ്യവസ്ഥയിൽ ഗേറ്റ് ഫീസ് പിരിവ് ലേലത്തിൽ പിടിക്കുന്ന ആൾ ലേലസംഖ്യയ്ക്ക് പുറമേ പഞ്ചായത്ത് നിശ്ചയിക്കുന്ന സംഖ്യ തറവാടകയായി നൽകേണ്ടതാണ്. ഗേറ്റ് ഫീസ് പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് അനുസൃതമായിരിക്കും എന്നാണ്. ഇതിൻപ്രകാരം പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള തറവാടകയുടെ നിരക്കും ഈടാക്കിയതിന്റെ വിശദാംശങ്ങളും ഓഡിറ്റന്വേഷണം നമ്പർ 1 തീയതി:19.08.2014 മുഖേന ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയിട്ടില്ല. ലേലവ്യവസ്ഥ പ്രകാരമുള്ള തറവാടക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2:6: ലേലം - മുദ്രപത്രത്തിൽ കരാർ വച്ചിട്ടില്ല.

2012-2013 വർഷത്തിലേയ്ക്ക് ലേലം ചെയ്ത് കൊടുക്കുന്ന അവകാശങ്ങളിലെ ഒന്നാം ഇനമായ നല്ലില മാർക്കറ്റിൽ താൽക്കാലിക സ്റ്റാൾ കെട്ടി നിബന്ധനകൾക്ക് വിധേയമായി മാട്ടിറച്ചി വ്യാപാരം നടത്തുവാനുള്ള അവകാശം 19.03.2012 ലെ കമ്മിറ്റിയുടെ 3-ാം നമ്പർ തീരുമാനപ്രകാരം ശ്രീ.നൗഷാദ്, നവാസ് മൻസിൽ, നെടുമ്പന.പി.ഒ, മുട്ടയ്ക്കാവ് എന്നയാളുടെ പേരിൽ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ലേല നോട്ടീസിലെ രണ്ടും മൂന്നും ഇനങ്ങളുടെ



V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576

(6)

അവകാശം ശ്രീ.എ.ഷൗക്കത്ത്, ഷീബാ മൻസിൽ, കുളപ്പാടം, നെടുമ്പന എന്നയാൾക്കും അംഗീകരിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ടിയാളുകൾ 100/- രൂപ മുദ്രപത്രത്തിൽ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -3

## ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3:1: പ്രിന്റിംഗ് പ്രവൃത്തികൾ അധികം നൽകിയ 3638/- രൂപ നിരാകരിക്കുന്നു.

2012-2013 വർഷത്തിലേയ്ക്ക ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാവിധ പ്രിന്റിംഗ് പ്രവൃത്തികൾക്കും സെന്റ് മേരീസ് ഓഫ്സെറ്റ്, നല്ലിലയ്ക്ക് 19.03.2012 ലെ VII-ാം നമ്പർ കമ്മിറ്റി തീരുമാനമനുസരിച്ച് അംഗീകരിച്ചു നൽകി. വിവിധ പ്രന്റിംഗ് പ്രവൃത്തികൾക്കായി ടി സ്ഥാപനത്തിന് തുകകൾ നൽകിയതിന്റെ വൗച്ചറുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വ്യക്തിഗത ആനുകൂല്യം നൽകുന്നതിനുള്ള അപേക്ഷകൾ A4 സൈസ് ഡബിൾ സൈസ് പേപ്പറിൽ ആയിരം കോപ്പികൾ പ്രിന്റ് ചെയ്യുന്നതിന് 800/- രൂപയാണ് ക്വട്ടേഷൻ നിരക്ക്. പ്രസ്തുത നിരക്കിൽ 10,000 കോപ്പികൾ പ്രിന്റ് ചെയ്യുന്നതിന് നൽകേണ്ട തുക - 8000/- രൂപയാണ്. എന്നാൽ 10,000/- കോപ്പികൾ പ്രിന്റ് ചെയ്തതിന് 28.12.2012 ലെ സെന്റ് മേരീസ് ഓഫ് സെറ്റിന്റെ 132-ാം നമ്പർ ക്യാഷ് ബില്ല് പ്രകാരം നൽകിയ തുക - 10400/- രൂപ (ബിൽ നമ്പർ 799/12-13/28.12.2013) യാണ്. ഈയിനത്തിൽ 2400/- രൂപ (10400-800) അധികമായി ചെലവഴിച്ചിരിക്കുന്നു.

ഇതു സംബന്ധിച്ച് 27.08.2014 ൽ നൽകിയ ഓഡിറ്റ് അന്വേഷണം 22 ന് 13000/- കോപ്പിയുടെ വിലയായിട്ടാണ് 10,400/- രൂപ നൽകിയതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. 13.02.2012 ലെ I (2)-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം 10000 കോപ്പികൾ അച്ചടിക്കുന്നതിനുള്ള അനുവാദമാണ് നൽകിയത്. കൂടാതെ സ്റ്റോക്ക് രജിസ്റ്ററിൽ 10,000 എന്നത് 13000 ആയി തിരുത്തിയെഴുതിരിക്കുന്നതിനാലും, സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ കുറിപ്പ് ഫയലിൽ 10,000 കോപ്പികൾ എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാലും മറുപടി 13000 കോപ്പികൾക്കുള്ള വിലയാണ് 10,400/- രൂപ എന്ന് ഓഡിറ്റ് അംഗീകരിക്കുന്നില്ല. അധികരിച്ച് നൽകിയ 2400/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

2) ടി കാലയളവിൽ ഗവ: ഹോമിയോ ഡിസ്പെൻസറിക്ക് ഓ.പി.ഷീറ്റ് പ്രിന്റ് ചെയ്ത വകയിൽ 10000 കോപ്പികൾക്ക് 2475/- രൂപ നൽകാൻ 17.01.2013 ലെ XI (4) നമ്പർ കമ്മിറ്റി തീരുമാനിച്ചു. എന്നാൽ 15.01.2013 ലെ സെന്റ് മേരീസ് ഓഫ്സെറ്റിന്റെ 114-ാം നമ്പർ ക്യാഷ്



V.S. LEKHA
Secretary
Nedumpana Gramapanchayat

(7)

No. 395 /2013

Office of the Station Officer
Fire and Rescue Station
Kundara
Phone:- 0474-2522490
Email-firestationkundara@gmail.com
Dated.31.03.2016

A2 5713
22/6/16

Station Officer
Fire and Rescue Station
Kundara

Secretary
Nedumpana
panchayath
...............................

Sir,

Sub:-Fire and Rescue Station,Kundara- No- objection certificate renewal reg:-
Ref:- GO (MS) No.107/2013/Home dated 18.04.2013
Letter dated 11.09.2013 of this office

As per reference cited , All No- objection certificate issued for high rise building from this department need to be renewed annually . The following building under the jurisdiction of Fire and Rescue Station,kundara not renew their NOC So please take necessary steps

jurisdiction of Fire and Rescue Station,Kundara not renew their NOC.So please take nenessary steps for the renewal of the same.

1.Azzezia Hospital Hostel compelx
2.Rohini building,Ezhukone
3.Dimos Furniture,Chandanathoppu
4.Inroyal Furniture,Chandanathoppu
5. Building of Thomas Thankachan,Robin cottage,Thrippalazhikam

സ്റ്റേഷൻ ആഫീസർ
ഫയർ & റെസ്ക്യൂ സ്റ്റേഷൻ
കുണ്ടറ-691 501.

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823

7093/16
16/8/16
A2

Audit Evidence (1a)

18

**AZEEZIA**

**PODIKUNJU MUSALIAR MEMORIAL CHARITABLE & EDUCATIONAL TRUST**

To

The Secretaty
Nedumpana Grama Panchayath
Nedumpana – 691580

Sir,

Sub :- Intimation of audit report directing for renewal of NOC from the Fire and Rescue station Reg.

Ref:- Your Letter No. A2 5713/16 dated 23.06.2016

We are in receipt of your above mentioned letter and copy of the extract of the audit report.

It is seen that the Local Fund Audit has commented in the report that the constructions of the buildings for the Azeezia Medical College, Dental College and Nursing College were made by M/s. Podikunju Musaliar Memorial Charitable and Educational Trust in their property, without permission from the Grama Panchayath and that the property tax is not paid and that above buildings were constructed unauthorisedly in the year 2006-07.

We are highly aggrieved and concerned of the above mentioned unfounded comments of the audit. These comments are absolutely without any basis and are made without verifying the records or hearing our side.

It may be seen that Government in their circular No. 24136(I)/R.A.1/07 dated 26.07.2007 has clearly ordered that the Building Rules are not to be implemented for the buildings constructed in Panchayaths on or before 06.06.2007 and started construction before 06.06.2007 or for such buildings the Secretary shall assign Door number on submission of plan if it is not affected by any Town Planning Scheme or CRZ.

This circular was issued based on the settled possession of law declared by the Hon'ble High Court in WP(C)No. 9781/16 and in various other rulings.

We have obtained No objection Certificate (NOC) for construction of our building as early in March 2007 and construction of all our buildings were started well before prior to 06.06.2007. It was an easily verifiable fact for any authority.

The same being the actual facts, the above comments reference of the audit that our buildings are unauthorized is highly inappropriate and incorrect. We have remitted permit fee for all these buildings for which NOCs were obtained prior to 06.06.2007 and certified the plan by the Secretary, Nedumpana Grama Panchayath.

We shall be renewing the NOC from the Fire and Rescue Station, Kundara from time to time as required by law. We are also ready and willing to pay the property tax for the buildings for the period permitted by law.

In the light of the above facts we request you to accept the explanation and drop any action in pursuance of the above Audit report or your notice.

Copy to – Hon. President,

Nedumpana Grama Panchayath

Yours Sincerely

Abdul Azeez

V. S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
0474 2562059, 9496041823

Meeyannoor P.O., Kollam-691537. Tel.0474 27222-22 , email : chairman@azeezia.com

---

9

# നെടുമ്പന ഗ്രാമപഞ്ചായത്ത് കാര്യാലയം

നെടുമ്പന പി.ഒ. – 691576

ഫോൺ : 2562059

നമ്പർ A2. 8152/15 തീയതി 30/7/2016

പ്രേക്ഷിതൻ

പ്രസിഡന്റ് / സെക്രട്ടറി

സ്വീകർത്താവ്: ചെയർമാൻ

[illegible]

സർ,

വിഷയം : [illegible]

സൂചന : (1) 30.11.2015 തീയതിയിൽ 8152/15 [illegible]

(2) [illegible] 05.04.2016 തീയതിയിലെ C/1121/16 [illegible]

മേൽ സൂചന (1) പ്രകാരം [illegible]

[illegible] സൂചന (2) പ്രകാരം [illegible]

[illegible] അറിയിക്കുന്നു.

[illegible]

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823

(Audit Evidence 2)

# നെടുമ്പന ഗ്രാമപഞ്ചായത്ത്

നെടുമ്പന പി ഒ, കൊല്ലം - 691576ഫോൺ.0474 2562059,
ഇ മെയിൽ: nedumpanagp@gmail.com , വെബ്സൈറ്റ് : www.lsgkerala.in/nedumpanapanchayat

JS7093/16 26.10.2016

Regd with A/D

പ്രേഷകൻ

സെക്രട്ടറി
നെടുമ്പന ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

അബ്ദുൽ അസീസ്
ചെയർമാൻ
അസീസിയ പൊടിക്കുഞ്ഞ് മുസ്ല്യാർ മെമ്മോറിയൽ ചാരിറ്റബൾ &
എഡ്യൂക്കേഷണൽ ട്രസ്റ്റ്
മീയ്യണ്ണൂർ.

സർ,

വിഷയം : നെടുമ്പന ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണം ക്രമവൽകരണം സംബന്ധിച്ച്.

സൂചന :1)ഈ ഓഫീസിൽ നിന്നും നൽകിയിട്ടുള്ള എ2-5713/16 തീയതി 23.06.2016 –ാം നമ്പർ കത്ത്
2)16.08.2016 ൽ താങ്കൾ സമർപ്പിച്ചിട്ടുള്ള മറുപടി
3)എ2-8182/15 തീയതി 30.07.2016 നമ്പരായി ഈ ഓഫീസിൽ നിന്നും നൽകിയിട്ടുള്ള കത്ത്

അസീസിയ മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ക്രമ പ്രകാരം നമ്പർ നേടാതെ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നതായും ആയത് പഞ്ചായത്തിന് ഭീമമായ വരുമാന നഷ്ടം ഉണ്ടാക്കുന്നതായും സംസ്ഥാന ആഡിറ്റ് വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിലേക്ക് സൂചന (1) പ്രകാരം താങ്കൾക്ക് ഈ ആഫീസിൽ നിന്നും കത്ത് നൽകിയിട്ടുള്ളതുമാണ്.എന്നാൽ നിലവിലുള്ള നിർമ്മാണങ്ങൾ നിയമ വിധേയമാണെന്ന് കാണിച്ച് സൂചന(2) പ്രകാരം മറുപടി നൽകുകയാണ് താങ്കൾ ചെയ്തിട്ടുള്ളത് . താങ്കളുടെ മറുപടി പരിശോധിച്ചതിൽ ടി ഹോസ്പിറ്റലുമായി ബന്ധപ്പെട്ട എല്ലാ നിർമ്മാണങ്ങളും 06.06.2007 ന് മുമ്പ് നടത്തിയതാണെന്നും ആയതിനാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ടി കാലയളവിൽ നിലവിലുണ്ടായിരുന്നില്ല എന്ന് വാദിക്കുന്നു. എല്ലാ നിർമ്മാണങ്ങൾക്കും NOC വാങ്ങിയിരുന്നതായും ആയത് 06.06.2007 ന് മുമ്പാണെന്നും ആയതിനാൽ നിർമ്മാണങ്ങളൊന്നും തന്നെ അനധികൃതമല്ലെന്നും പരാമർശിക്കപ്പെടുന്നു. എന്നാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വരുന്നതിനും മുമ്പ് നിർമ്മിച്ച ടി

1 - 3

V.S. LEKHA
Secretary

Nedumpana Gramapanchayat
Nedumpana P.O., Kollam-691574
Ph: 04742562059, 9496041823

(13)

2

കെട്ടിടങ്ങൾക്കെല്ലാം തന്നെ പെർമിറ്റ് ഫീസ് ഒടുക്കിയതായും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ നേടിയിട്ടുള്ളതായും വാദിക്കുന്നു . കെട്ടിട നിർമ്മാണ ചട്ടം നിലവിലില്ലാത്ത കാലയളവിൽ പെർമിറ്റ് ഫീസ് ഒടുക്കേണ്ടതില്ലാത്തതാണ്. എന്നാൽ ടി കത്തിനോടൊപ്പം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പ്ലാനുകളുടെ പകർപ്പ് ഹാജരാക്കിയിട്ടുമില്ല . ആയതിനാൽ നിയമവിധേയമായി കെട്ടിട നമ്പർ നേടാതെ വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾ ഉപയോഗിക്കുന്ന താങ്കളുടെ നടപടി സമർപ്പിക്കപ്പെട്ട മറുപടിയിലൂടെ സാധൂകരിക്കപ്പെടുന്നതല്ല. ടി സാഹചര്യത്തിൽ താഴെ പറയുന്ന വസ്തുതകൾ താങ്കളുടെ ശ്രദ്ധയിൽ പെടുത്തുന്നു.

അസീസിയ പൊടിക്കുഞ്ഞു മുസ്ലിയാർ മെമ്മോറിയൽ ചാരിറ്റബിൾ ആന്റ് എഡ്യൂക്കേഷണൽ ട്രസ്റ്റിന്റെ കീഴിൽ വിവിധ സർവ്വേ നമ്പരുകളിലായി

| | | | |
|---|---|---|---|
| 1. | ഡെന്റൽ കോളേജ് കെട്ടിടം | - | 6144 $m^2$ |
| 2. | മെഡിക്കൽകോളേജ് കെട്ടിടം | - | 8657 $m^2$ |
| 3. | എഡ്യൂക്കേഷണൽ ബ്ലോക്ക്/അക്കാഡമിക് ബ്ലോക്ക് | - | 18074.15 $m^2$ |
| 4. | ലേഡീസ് ഹോസ്റ്റൽ / എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻ | - | 5325.2 $m^2$ |
| 5. | ക്യാന്റീൻ ബ്ലോക്ക് /ഗസ്റ്റ് ഹൌസ് | - | 3380.61 $m^2$ |
| 6. | പുതിയ ലേഡീസ് ഹോസ്റ്റൽ ബ്ലോക്ക് | - | 18512 $m^2$ |
| 7. | പുതിയ മെൻസ് ഹോസ്റ്റൽ | - | 7384.89 $m^2$ |

എന്നീ കെട്ടിടങ്ങൾ നിലവിലുള്ളതായി കാണുന്നു. പഞ്ചായത്തിൽ നിലവിലുള്ള അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 1 , 2 ക്രമ നമ്പർ വരുന്ന കെട്ടിടങ്ങൾക്ക് മാത്രം നമ്പർ അനുവദിച്ചിട്ടുള്ളതായി കാണുന്നു. ആയതിന് നികുതി ഈടാക്കി വന്നിട്ടുള്ളത് 2013 -14 മുതൽ മാത്രമാണ്. അവശേഷിക്കുന്ന 3 മുതൽ 7 വരെ ക്രമനമ്പർ ഉള്ള കെട്ടിടങ്ങൾക്ക് പഞ്ചായത്തിൽ നിന്നും നമ്പർ നേടുകയോ ആയതിനുള്ള രേഖകൾ സമർപ്പിച്ചിട്ടുള്ളതായോ കാണുന്നില്ല. എന്നാൽ 31.07.2007 ൽ 4 കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീസ് ഒടുക്കിയതായും കാണുന്നു. എന്നാൽ പെർമിറ്റ് ഫീസ് ഒടുക്കിയ പ്ലിന്തേരിയയും നിലവിൽനിർമ്മാണം പൂർത്തീകരിച്ച പ്ലിന്തേരിയയും തമ്മിൽ വ്യത്യാസവും നിലനിൽക്കുന്നു.ടി കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കപ്പെട്ടിട്ടുമില്ല. ടി സാഹചര്യത്തിൽ ക്രമ നമ്പർ 1 , 2 കെട്ടിടങ്ങൾ ഒഴികയുള്ള എല്ലാ കെട്ടിടങ്ങളും കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വന്നതിന് ശേഷം ടി പ്ലിന്തേരിയ അളവിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് ചീഫ് ടൌൺ പ്ലാനറുടെ അനുമതിയും ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ അനുമതിയും കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രങ്ങളും ആവശ്യമാണ്. ടി സാഹചര്യങ്ങൾ മുഴുവൻ കണക്കിലെടുത്താണ് കെട്ടിട നിർമ്മാണങ്ങൾ പഞ്ചായത്ത് അനുമതി ഇല്ലാതെ അനധികൃതമായി നടത്തിയെന്നും കംപ്ലീഷൻ പ്ലാൻ ഹാജരാക്കി നിയമ പ്രകാരം നമ്പർ നേടാതെ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കി വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചു വരുന്നതായും ആഡിറ്റ് നിരീക്ഷണം ഉണ്ടായിട്ടുള്ളത് .ടി സാഹചര്യത്തിൽനിലവിലുള്ള കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് വേണ്ടി താങ്കൾ ഈ ഓഫീസിൽ അപേക്ഷ

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691574
Ph: 04742562059, 9496041823



(12)

3

സമർപ്പിക്കുകയും ആയത് ചീഫ് ടൌൺ പ്ലാനറുടെ പരിഗണനയ്ക്കായി ഈ ഓഫീസിൽ നിന്നും അയച്ചു നൽകുകയും ചെയ്തിരുന്നു. എന്നാൽ സമർപ്പിക്കപ്പെട്ട അപേക്ഷയിൽ അപാകത ഉള്ളതിനാൽ 25.07.2016 ൽ അപാകതകൾ ചൂണ്ടികാട്ടി ബഹു.കൊല്ലം ടൌൺ പ്ലാനർ സി/1121/16 നമ്പരായി കത്ത് നൽകിയിരുന്നതാണ്. ടി കത്തിലെ നിർദ്ദേശാനുസരണം അപാകതകൾ പരിഹരിക്കണമെന്ന് കാണിച്ച് 30.07.2016 ൽ സൂചന (3) പ്രകാരം താങ്കൾക്ക് ഈ ഓഫീസിൽ നിന്നും കത്ത് നൽകിയിട്ടുള്ളതുമാണ്. എന്നാൽ ടി അപാകതകൾ പരിഹരിക്കുന്നതിന് നാളിതുവരെ താങ്കൾ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ടി സാഹചര്യത്തിൽ അനുമതി ഇല്ലാതെയും കെട്ടിട നമ്പർ ഇല്ലാതെയും പ്രവർത്തിക്കുന്ന എല്ലാ കെട്ടിടങ്ങളും അനധികൃത നിർമ്മാണങ്ങളായി പരിഗണിച്ച് തുടർ നടപടികൾ കൈക്കൊള്ളാൻ പഞ്ചായത്ത് നിർബന്ധിതമായിരിക്കുകയാണ്. ആയതിനാൽ ഈ കത്ത് കൈപ്പറ്റി 7 ദിവസത്തിനുള്ളിൽ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിലേക്ക് ജില്ലാ നഗരാസൂത്രണ കാര്യാലയത്തിൽ നിന്നും നൽകിയിട്ടുള്ള അപാകതകൾ പൂർണ്ണമായും പരിഹരിച്ച് പ്ലാനും ആവശ്യമായ മറ്റ് രേഖകളും ഈ ഓഫീസിൽ സമർപ്പിക്കേണ്ടതും . കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച കാലയളവു മുതലുള്ള കെട്ടിട നികുതിയും മറ്റ് ചാർജ്ജുകളും അടവു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആയത് രേഖാമൂലമോ നേരിട്ടോ താങ്കൾ ചുമതലപ്പെടുത്തിയിട്ടുള്ള വ്യക്തികൾ മുഖാന്തിരമോ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം നിലവിൽ നടത്തിയിട്ടുള്ള നിർമ്മാണങ്ങൾ അനധികൃതമായി പരിഗണിച്ച് ആഡിറ്റ് വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളതുടർ നടപടികളും കേരള പഞ്ചായത്ത്രാജ് ആക്ട് 1994 കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 എന്നിവ പ്രകാരമുള്ള നിയമ നടപടികളും മറ്റൊരറിയിപ്പ് ഇല്ലാതെ തന്നെ താങ്കൾക്കെതിരെ കൈക്കൊള്ളുമെന്നുള്ള വിവരം അറിയിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

P. Anil Kumar
Secretary
Nedumpana Grama Panchayat
Nedumpana P.O., Kollam Kerala, India
Pin Code: 691 576
Ph: 0474 2562059, 94960 41823

(Seal: NEDUMPANA GRAMA PANCHAYAT OFFICE, NEDUMPANA P.O. KOLLAM, PinCode: 691576, e-mail)

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823



Audit Evidence No: 3

Audit Evidence (2)

Audit Evidence (3)

(8) (13)

A2-6662
28/7/16

"ഭരണഭാഷ മാതൃഭാഷ"

നം. സി/1121/16

ജില്ലാ നഗരാസൂത്രണ കാര്യാലയം,
കൊല്ലം - 691 001
തീയതി 25.07.2016
ഫോൺ നമ്പർ- 0474-2742062,2760106
ഇമെയിൽ- tpkollam@gmail.com

പ്രേഷിതൻ

ടൗൺ പ്ലാനർ,
കൊല്ലം

സ്വീകർത്താവ്

സെക്രട്ടറി,
നെടുമ്പന ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, കൊല്ലം - നെടുമ്പന ഗ്രാമപഞ്ചായത്ത് - കെട്ടിടം ക്രമവൽക്കരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 01.07.16-ലെ A2/8152/16 നമ്പർ കത്ത്.

മേൽ സൂചന കത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ചെക്ക് ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ല എന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഉള്ളടക്കം: ചെക്ക്‌ലിസ്റ്റ്

ടൗൺ പ്ലാനർ
കൊല്ലം

പകർപ്പ്: ചെയർമാൻ,
പൊടികുഞ്ഞ് മുസലിയാർ,
മെമ്മോറിയൽ ചാരിറ്റബിൾ & എജ്യുക്കേഷണൽ ട്രസ്റ്റ്,
മീയണ്ണൂർ

OFFICE OF THE TOWN PLANNER - KOLLAM
Date:
PIN-691001 Ph: 0474-2742062

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576

(14)

## Check list for Intial Scrutiny of Building Application

(As per notified no. E3/10616/2012 dated 12-05-2014) നം:സി/1121/16 തീയതി 20.07.16

| ക്രമ നം. | ആവശ്യമായ രേഖകൾ | അപേക്ഷ പൂർണമാണെങ്കിൽ ✔ മാർക്കും അല്ലാത്തപക്ഷം ✗ മാർക്കും രേഖപ്പെടുത്തുക | മറ്റ് അഭിപ്രായങ്ങൾ |
|---|---|---|---|
| 1 | വിശദാംശങ്ങൾ രേഖപ്പെടുത്തിയ സൈറ്റ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ, പാർക്കിംഗ് പ്ലാൻ എന്നിവയുടെ 3/2 ★ കോപ്പികൾ | ✗ | വസ്തുവിന്റെ അതിരളവുകളും, നിലവിലെ കെട്ടിടങ്ങളും, അവയുടെ അളവുകളും, കെട്ടിടങ്ങൾ അംഗീകൃതമാണെങ്കിൽ അവയുടെ കെട്ടിട നമ്പറും മറ്റും കാണിക്കുന്ന കെ.പി.ബി.ആർ ചട്ടം 7(11) (a) പ്രകാരം നൽകേണ്ട സൈറ്റ് പ്ലാൻ നൽകിയിട്ടില്ല |
| 2 | വിശദാംശങ്ങൾ രേഖപ്പെടുത്തിയ പ്ലാൻ, സെക്ഷൻ, എലിവേഷൻ എന്നിവയുടെ 3/2 ★ കോപ്പികൾ | ✔ | |
| 3 | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി സ്ഥല പരിശോധന സർട്ടിഫിക്കറ്റ്/ഉടമസ്ഥാവകാശം സംബന്ധിച്ച സർട്ടിഫിക്കറ്റ് എന്നിവ സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിസാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ ? | ✔ | |
| 4 | രജിസ്റ്റേർഡ് ആയിട്ടുള്ള എഞ്ചിനീയർ/ ആർക്കിടെക്/ ടൗൺ പ്ലാനർ/സൂപ്പർ വൈസർ എന്നിവരുടെ അഡ്രസ്സ്, ഒപ്പ്, സീല് എന്നിവ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ടോ ? | ✔ | |

| | | | |
|---|---|---|---|
| 5 | രജിസ്റ്റേർഡ് ആയിട്ടുള്ള എഞ്ചിനീയർ/ ആർക്കിടെക്ട്/ ടൗൺ പ്ലാനർ/സൂപ്പർ വൈസർ എന്നിവർ KMBR 153(1),(2)/KPBR 144(1),(2) പ്രകാരമുള്ള സർട്ടിഫിക്കറ്റ് പ്ലാനിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ ? | ✗ | |
| 6 | അപേക്ഷകന്റെ പേരും മേൽവിലാസവും, ഒപ്പും പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ടോ ? | ✓ | |
| 7 | ചുറ്റുപാടുമുള്ള വികസനവും മറ്റും കണക്കിലെടുക്കുമ്പോൾ പ്ലാൻ പ്രകാരമുള്ള നിർമ്മാണം പ്രസ്തുത സ്ഥലത്ത് അനുവദനീയമാണോ എന്ന സെക്രട്ടറിയുടെ അഭിപ്രായം കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടോ ? ചീഫ് ടൗൺ പ്ലാനർക്കുള്ള അപേക്ഷയിൽ കത്ത് ചീഫ് ടൗൺ പ്ലാനറെ അഭിസംബോധന ചെയ്ത് ജില്ലാ ടൗൺ പ്ലാനർ മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. | ✗ | |
| 8 | സർവ്വെ നമ്പർ മറ്റു റവന്യൂ രേഖകൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയുടെ റിപ്പോർട്ടിലും ടി ഓഫീസിൽ സമർപ്പിച്ച പ്ലാനിലും ഒന്നുതന്നെയാണോ ? | ✓ | |
| 9 | നിലവിലുള്ള കെട്ടിടം സംബന്ധിച്ച വിവരങ്ങൾ- കെട്ടിട നമ്പർ, പ്ലിന്ത് ഏരിയ, കാർപ്പറ്റ് ഏരിയ, കവറേജ്, പാർക്കിംഗ് മുതലായവയെക്കുറിച്ചും കരം അടച്ചതിനെപ്പറ്റിയുമുള്ള വിവരങ്ങൾ (രസീതിന്റെ കോപ്പി ഉൾപ്പെടെ) | ✓ | |
| 10 | മേൽപ്പറഞ്ഞതിൽ കൂടുതലായി എന്തെങ്കിലും വിവരങ്ങൾ | | |

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823

പരിശോധനാ ഉദ്യോഗസ്ഥന്റെ അഭിപ്രായം - നിരസിക്കാനുള്ള ശുപാർശ

ടൗൺ പ്ലാനറുടെ അന്തിമ തീരുമാനം - നിരസിക്കുന്നു

★ ചീഫ് ടൗൺ പ്ലാനർക്കയയ്ക്കേണ്ട അപേക്ഷയിൽ പ്ലാനിന്റെ 3 കോപ്പി സമർപ്പിക്കണം/അല്ലാത്തവയിൽ 2 കോപ്പി

TOWN PLANNER
KOLLAM

Audit Evidence (4) (15)

# നെടുമ്പന ഗ്രാമപഞ്ചായത്ത്

നെടുമ്പന പി ഒ, കൊല്ലം - 691576ഫോൺ.0474 - 2562059,
ഇ മെയിൽ: nedumpanagp@gmail.com , വെബ്സൈറ്റ് : www.lsgkerala.in/nedumpanapanchayat

A2-9402/16 17.11.2016

പ്രേഷകൻ
സെക്രട്ടറി
നെടുമ്പന ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്
ചെയർമാൻ
പൊടിക്കുഞ്ഞ് മുസ്ല്യാർ മെമ്മോറിയൽ ചാരിറ്റബിൾ എഡ്യൂക്കേഷൻ ട്രസ്റ്റ്.

സർ,

വിഷയം : നെടുമ്പന ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണം ക്രമവൽക്കരണം സംബന്ധിച്ച്.

സൂചന :1) ഈ ഓഫീസിൽ നിന്നും നൽകിയിട്ടുള്ള എ2- 7093/16 തീയതി 26.10.2016-ാം നമ്പർ കത്ത്.

2) 16.11.2016 ൽ ലഭിച്ച താങ്കളുടെ കത്ത്

മേൽ സൂചന പ്രകാരം താങ്കൾ കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഓഡിറ്റ് റിപ്പോർട്ടിൻമേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുന്ന സാഹചര്യത്തിൽ 3 ആഴ്ച സമയം അനുവദിക്കാൻ കഴിയുന്നതല്ല. ടി കത്ത് തീയതി മുതൽ 15 ദിവസം കൂടി അധികമായി അനുവദിക്കുന്നു.

19/11/16

വിശ്വസ്തതയോടെ,

NEDUMPANA GRAMA PANCHAYAT OFFICE e-mail: nedumpanagp@gmail.com PinCode: 691576 NEDUMPANA P.O. KOLLAM

P. Anil Kumar
Secretary
Nedumpana Grama Panchayat
Nedumpana P.O., Kollam, Kerala, India
Pin Code. 691 576
Ph: 0474 2562059, 94960 41823

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823

A2 - 9402
16/11/16

# PODIKUNJU MUSALIAR MEMORIAL CHARITABLE & EDUCATIONAL TRUST

Reg Address: Chandanathope, Kollam-691014.Phone No: 0474-2722200, 222

To 12-11-2016

The Secretary
Nedumpana Grama Panchayath
Nedumpana P.O
Kollam

Sir,

Sub: - Application for assignment of door numbers to the buildings of the Trust. – reg.
Ref:- Your Letter No. J8/7093/16 dated. 26.10.2016 received on 08.11.2016

We are in receipt of the above letter requiring us to reply the notice within 7 days.

We request that we may be given 3 weeks time to get legal opinion and to furnish our reply.

Sincerely yours,

CHAIRMAN
PODIKUNJU MUSALIAR MEMORIAL CHARITABLE AND EDUCATIONAL TRUST

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823

Audit Evidence (5) (17)

# നെടുമ്പന ഗ്രാമപഞ്ചായത്ത്

നെടുമ്പന പി ഓ, കൊല്ലം691576 - ഫോൺ2562059 - 0474.,
ഇ മെയിൽ :nedumpanagp@gmail.com , വെബ്സൈറ്റ് : www.lsgkerala.in/nedumpanapanchayat

എ)2-8152/15 09.02.2017

പ്രേഷകൻ
സെക്രട്ടറി
നെടുമ്പന ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്
ടൌൺ പ്ലാനർ
ജില്ലാ നഗരാസൂത്രണ കാര്യാലയം
കൊല്ലം

വിഷയം:നെടുമ്പന ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ചിട്ടില്ലാത്തത്-സംബന്ധിച്ച്.

സൂചന 1. 2014-2015 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് പരാമർശം

2. 26.10.2016 തിയതിയിൽ ഈ ആഫീസിൽ നിന്ന് ജെ എസ് 7093/16 നമ്പരായി അസീസിയ മെഡിക്കൽ കോളേജിന് നൽകിയ കത്ത്.

നെടുമ്പന ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന അസീസിയ മെഡിക്കൽ കോളേജ് താഴെ പറയുന്ന കെട്ടിടനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്.

1.ഡെന്റൽ കോളേജ് കെട്ടിടം - 6144 M $m^2$

2.മെഡിക്കൽ കോളേജ് കെട്ടിടം – 8657 $m^2$

3.എഡ്യുക്കേഷണൽ ബ്ലോക്ക് /അക്കാഡമിക്ക് ബ്ലോക്ക് - 18074.15 $m^2$

4.ലേഡീസ് ഹോസ്റ്റൽ /എഡ്യുക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻ - 5325.2 $m^2$

5.ക്യാന്റിൻ ബ്ലോക്ക്/ ഗസ്റ്റ് ഹൌസ് - 3380.61 $m^2$

6.പുതിയ ലേഡീസ് ഹോസ്റ്റൽ ബ്ലോക്ക് – 18512 $m^2$

7.പുതിയ മെൻസ് ഹോസ്റ്റൽ - 7384.89 $m^2$

എന്നാൽ ഇതിൽ ഡെന്റൽ കോളേജ് കെട്ടിടം മെഡിക്കൽ കോളേജ് കെട്ടിടം എന്നിവയ്ക്ക് മാത്രമാണ് ക്രമപ്രകാരം കെട്ടിട നമ്പർ വാങ്ങിയിട്ടുള്ളത്. അവശേഷിക്കുന്ന കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ വാങ്ങാതെ തന്നെ വിവിധ ആവിശ്യങ്ങൾക്കായി ഉപയോഗിച്ചു ഇതു സംബന്ധിച്ച് പരിശോധന നടത്തിയ

കേരള സംസ്ഥാന അഡിറ്റ് വകുപ്പ് ടി കെട്ടിടങ്ങൾക്ക് നമ്പരില്ലാതെ പ്രവർത്തിക്കുന്നതു മൂലം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടെന്നും ആയത്

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823

(18)

ഈടാക്കണമെന്നും കാണിച്ച് റിപ്പോർട്ട് നൽകി എന്നാൽ ടി കക്ഷിക്ക് സൂചന (2) പ്രകാരം നൽകിയ കത്തിന് മറുപടി അയി ടി നിർമ്മാണങ്ങൾക്ക് 23/3/2007 ൽ പഞ്ചായത്തിൽ നിന്ന് എൻ ഒ സി ലഭിച്ചിട്ടുള്ളതാണെന്നും കെട്ടിട നിർമ്മാണചട്ടം നിലവിൽ വരുന്നതിന് മുമ്പുള്ള നിർമ്മാണങ്ങൾ ആയതിനാൽ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഗണിക്കാതെയും ചീഫ് ടൌൺ പ്ലാനറുടെ അനുമതി ഇല്ലാതെയും കെട്ടിട നമ്പർ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് മറുപടി നൽകുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഇതേ കെട്ടിടങ്ങൾക്ക് 31/12/2007 തീയതിയിൽ പെർമിറ്റ് ഫീ ആയി 162788/- രൂപ അടയ്ക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നില്ല. എന്നാൽ കത്തിൽ അവകാശപ്പെടും പോലെ കെട്ടിട നിർമ്മാണം പൂർത്തികരിച്ച് പൂർത്തികരണ പ്ലാൻ ഉൾപ്പെടെ അപേക്ഷ നൽകിയതായി കാണുന്നില്ല. ടി കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിലേക്ക് ടി ആഫീസിൽ നിന്നും ചീഫ് ടൌൺ പ്ലാനറുടെ അനുമതിക്കായി അപേക്ഷ നൽകിയിരുന്നു. കൊല്ലം ടൌൺ പ്ലാനറുടെ 25/7/2016 തിയതിയിലെ സി-1121/16 നമ്പർ കത്ത് പ്രകാരം അപാകതകൾ പരിഹരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.എന്നാൽ എൻ ഒ സി ലഭിച്ചിട്ടുള്ള കെട്ടിടം ആയതിനാൽ നിലവിൽ എൻ ഒ സി ലഭിക്കുന്നതിന് ടൌൺ പ്ലാനറുടെ അംഗികാരം ആവിശ്യമില്ല എന്ന നിലപാട് ടി സ്ഥാപനം സ്വീകരിക്കുകയും ആയതു കൊണ്ട് തന്നെ മേൽ കത്തിലെ അപാകത പരിഹരിച്ച് കൊണ്ടുള്ള പ്ലാനുകളും ഡോക്യുമെന്റുകളും ഹാജരാക്കപ്പെടുന്നുമില്ല.

ടി സാഹചര്യത്തിൽ 23/3/2007 തിയതിയിൽ എ് ഒ സി നേടിയെന്ന ഒറ്റ കാരണത്താൽ നിലവിൽ, 2011 കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഗണിക്കാതെയും ചീഫ് ടൌൺ പ്ലാനറുടെ അംഗികാരം ഇല്ലാതെയും ടി കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ കഴിയുമോ എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

ഉള്ളടക്കം

1.സൂചന (2) നമ്പർ കത്ത് അസീസിയ മെഡിക്കൽ കോളേജിന് നൽകിയിട്ടുള്ള മറുപടി.

2.എൻ ഒ സി പകർപ്പുകൾ.

3.പെർമിറ്റ് ഫീ ഒടുക്കിയ രസീതുകൾ.

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823

(19)

പ്രേക്ഷിതൻ

എം. അബ്ദുൾ അസീസ്
ചെയർമാൻ
പൊടിക്കുഞ്ഞു മുസലിയാർ മെമ്മോറിയൽ
ചാരിറ്റബിൾ ആന്റ് എഡ്യൂക്കേഷണൽ ട്രസ്റ്റ്
ചന്ദനത്തോപ്പ്
കൊല്ലം

ഡോ. കെ.ടി. ജലീൽ

ബഹുമാനപ്പെട്ട കേരളാ തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി അവർകളുടെ മുൻപാകെ

വിഷയം :-കൊല്ലം ജില്ലയിൽ നെടുമ്പന ഗ്രാമ പഞ്ചായത്തിൽ പൊടിക്കുഞ്ഞു മുസലിയാർ മെമ്മോറിയൽ ചാരിറ്റബിൾ ആന്റ് എഡ്യൂക്കേഷണൽ ട്രസ്റ്റ് കേരളാ പഞ്ചായത്ത് കെട്ടിട നിർമമാണ ചട്ടം ബാധകമാക്കിയ 06.06.2007 ന് മുൻപ് നിരാക്ഷേപ പത്രം വാങ്ങി നിർമ്മാണം നടത്തിയ കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നത് സംബന്ധിച്ച്.

ടി ട്രസ്റ്റ് വിവിധ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് 11.04.2003 ൽ നെടുമ്പന ഗ്രാമ പഞ്ചായത്തിൽ നിന്നും ട്രസ്റ്റിന്റെ കൈവശം ഉള്ള സർവേ നമ്പരുകളിൽ പെട്ട വസ്തുവിൽ നിർമ്മാണം നടത്തുന്നതിന് പൊതുനിരാക്ഷേപ പത്രം പഞ്ചായത്തിൽ നിന്നും വാങ്ങിയിട്ടുള്ളതാണ്. കൂടാതെ ഓരോ കെട്ടിട നിർമ്മാണത്തിനും 23.03.2007 ൽ പ്രത്യേകം പ്രത്യേകം നിരാക്ഷേപ പത്രങ്ങൾ വാങ്ങുകയും ഓരോ നിർമ്മാണത്തിന്റെയും പ്ലാൻ അനുസരിച്ചുള്ള പെർമിറ്റ് ഫീസ് നിർദ്ദേശാനുസരണം അടച്ച് പ്ലാൻ സർട്ടിഫൈ ചെയ്ത് വാങ്ങിയിട്ടുള്ളതുമാണ്.

24136(1)/ RA-1/07-ം നമ്പരായ 26.07.2007 ലെ സർക്കാർ സർക്കുലർ പ്രകാരം 06.06.2007 ലാണ് നെടുമ്പന ഗ്രാമ പഞ്ചായത്തിൽ കെട്ടിട നിർമ്മാണ ചട്ടം ബാധകമാക്കിയിട്ടുള്ളത്. 06.06.2007 നു മുൻപ് നിർമ്മാണം ആരംഭിച്ച കെട്ടിടങ്ങൾക്ക് കെട്ടിട നിർമ്മാണ ചട്ടം ബാധകമാക്കേണ്ടതില്ല എന്നും നഗരാസൂത്രണ പദ്ധതിയെയോ തീരദേശ പരിപാലന നിയമത്തെയോ ലംഘിക്കാത്ത പക്ഷം അത്തരം കെട്ടിടങ്ങൾക്ക് പ്ലാൻ സമർപ്പിക്കുന്ന മുറയ്ക്ക് നമ്പർ ഇട്ടു നൽകുന്നതിന് സർക്കാർ ടി സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823

20

എന്നാൽ ആഡിറ്റു നിർദ്ദേശം വന്നു എന്ന കാരണത്താൽ ട്രസ്റ്റ് പണിത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തി വരുന്ന മേൽ രീതിയിൽ നിർമ്മാണം നടത്തിയ

കെട്ടിടങ്ങളിൽ രണ്ടെണ്ണം ഒഴികെ ശേഷിക്കുന്ന ആറ് കെട്ടിടങ്ങൾക്ക് നമ്പർ ഇട്ടു നൽകിയിട്ടില്ല.

ഇതു സംബന്ധിച്ച് 10.08.2016, 30.11.2016 തീയതികളിൽ പഞ്ചായത്തിന് നൽകിയ അപേക്ഷകളുടെ കോപ്പി ഇതു സഹിതം സമർപ്പിക്കുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളായി ഉപയോഗിക്കുന്നതും 06.06.2007 നു മുൻപ് നിരാക്ഷേപ പത്രങ്ങൾ വാങ്ങി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് നമ്പർ ഇട്ടു കിട്ടാൻ ഉണ്ടാകുന്ന കാലതാമസം മൂലം വളരെയധികം ബുദ്ധിമുട്ടും കഷ്ടനഷ്ടങ്ങളും ട്രസ്റ്റിന് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.

ആകയാൽ അങ്ങ് ദയവുണ്ടായി ട്രസ്റ്റു വക ടി കെട്ടിടങ്ങൾക്ക് താമസം വിനാ കെട്ടിട നമ്പർ ഇട്ടു നൽകുന്നതിന് ബന്ധപ്പെട്ട നെടുമ്പന ഗ്രാമ പഞ്ചായത്ത് അധികാരികളോട് നിർദ്ദേശിച്ച് ഉത്തരവുണ്ടാകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

എൻ.ഒ.സി യുടെയും പെർമിറ്റ് ഫീസ് അടച്ച രസീതുകളുടെയും കോപ്പി ഇതോടൊപ്പം ചേർത്തിരിക്കുന്നു.

ബഹുമാനപൂർവ്വം

എം. അബ്ദുൾ അസീസ്

ചെയർമാൻ

PODIKUNJU MUSALIAR MEMORIAL CHARITABLE AND EDUCATIONAL TRUST

22.03.2017

മീയണ്ണൂർ

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823

---

Audit Evidence (6)

21

A2/8705 15/9/17

ഭരണഭാഷ - മാതൃഭാഷ

# പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,

സിവിൽ സ്റ്റേഷൻ, കൊല്ലം,
പിൻ - 691013. ഫോൺ : 0474 2794961,
ഇ-മെയിൽ : ddpklm@gmail.com

നം:സി4-2614/17

തീയതി: 11.09.2017

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
കൊല്ലം

സെക്രട്ടറി,
നെടുമ്പന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുമ്പന ഗ്രാമപഞ്ചായത്ത് - പൊടിക്കുഞ്ഞ് മുസ്ലിയാർ മെമ്മോറിയൽ ചാരിറ്റബിൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നത് - സംബന്ധിച്ച്

സൂചന : 24.06.2017 തീയതിയിൽ നമ്പർ പിഎയുസി 58/17 നമ്പറായി ചാത്തന്നൂർ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസറുടെ റിപ്പോർട്ട്.

ബഹു:തദ്ദേശ ഭരണ മന്ത്രിയുടെ കാര്യാലയത്തിൽ നിന്നുള്ള സൂചന (1) പ്രകാരമുള്ള എം.അബ്ദുൽ അസ്സീസ്സിന്റെ പരാതിയിന്മേൽ സൂചന (2) അന്വേഷണ റിപ്പോർട്ട് പരിശോധിച്ചതിൽ നെടുമ്പന ഗ്രാമ പഞ്ചായത്തിൽ പൊടിക്കുഞ്ഞ് മുസ്ലിയാർ മെമ്മോറിയൽ ചാരിറ്റബിൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് കെട്ടിട ങ്ങൾക്ക് 23.03.2017 എൻ.ഒ.സി നൽകിയിരുന്നതായി കാണുന്നു. എന്നാൽ പിന്നീട് കേരള മുൻസിപ്പൽ ബിൽഡിംഗ് റൂൾ (06.06.2017 തീയതിയിൽ ) നിലവിൽ വന്നതിനു ശേഷം 31.12.2007 തീയതിയിൽ ടി ബിൽഡിംഗുകൾക്ക് പെർമിറ്റ് ഫീസ് ഈടാക്കി പ്ലാൻ അപ്രൂവ് ചെയ്ത് നൽകിയിട്ടുള്ളതായി കാണുന്നു. പെർമിറ്റ് അനുവദിച്ചതിൽ നിന്നും അധികരിച്ച് (കാന്റീൻ ബ്ലോക്ക് - 442.6 $M^2$ , ലേഡീസ് ഹോസ്റ്റൽ -1752 $M^2$, മെൻസ് ഹോസ്റ്റൽ 132.89 $M^2$, അക്കാഡമിക് ബ്ലോക്ക് - 346.15 $M^2$) നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ടി കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നതിലേക്കായി അധികരിച്ച ഏരിയ ഉൾപ്പെടെ ക്രമവൽക്കരിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും സമർപ്പിച്ച അപേക്ഷ അപാകതകൾ സൂചിപ്പിച്ചുകൊണ്ട് ജില്ലാ ടൗൺപ്ലാനിൽ നിന്നും നിരസിച്ചിട്ടുള്ളതായും കാണുന്നു. അപാകതകൾ പരിഹരിച്ച് അപേക്ഷ പുന:സമർപ്പിക്കുന്നതിന് സ്ഥാപന അധികാരികൾ തയ്യാറാകാത്ത സാഹചര്യ ത്തിൽ, കേരള മുൻസിപ്പൽ ബിൽഡിംഗ് റൂൾ നിലവിൽ വന്നതിനു മുൻപ് സ്ഥാപനത്തിന് എൻ.ഒ.സി. നൽകി എന്നതിനാൽ നിർമ്മാണം പൂർത്തീകരിച്ച മേൽ കെട്ടിടങ്ങൾക്ക് ചീഫ് ടൗൺ പ്ലാനറുടെ അംഗീ കാരം വാങ്ങാതെ ക്രമവൽക്കരണം നടത്തി നമ്പർ അനുവദിക്കാൻ കഴിയുമോ എന്നതിലുള്ള സ്പഷ്ടീ കരണം ചീഫ് ടൗൺപ്ലാനറിൽ നിന്നോ ബഹു:സർക്കാരിൽ നിന്നോ വാങ്ങി വിഷയത്തിൽ സത്വര നട പടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,

1/9/17

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കു വേണ്ടി

ആർ.

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823

---

Audit Evidence 7 22

A2 A2/9311/17 5/10/17

ഭരണഭാഷ മാതൃഭാഷ

നമ്പർ-സി3/3029/2017

ചീഫ് ടൗൺ പ്ലാനറുടെ ഓഫീസ്
നഗര-ഗ്രാമാസൂത്രണ വകുപ്പ്,
സ്വരാജ് ഭവൻ,2nd & 3rd ഫ്ളോർ, നന്തൻകോട്,
തിരുവനന്തപുരം- 695 003, തീയതി: 26-09-2017.
ഫോൺ നം.0471 2721447, ctpkeralam@gmail.com

05/10/17

ചീഫ് ടൗൺ പ്ലാനർ,
തിരുവനന്തപുരം.

സെക്രട്ടറി,
നെടുമ്പന ഗ്രാമപഞ്ചായത്ത്,
കൊല്ലം.

സർ,

വിഷയം: കൊല്ലം-നെടുമ്പന ഗ്രാമപഞ്ചായത്ത്- കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1) താങ്കളുടെ 9/2/17ലെ എ2/8152/15 നമ്പർ കത്ത്.

2) കൊല്ലം ടൗൺ പ്ലാനറുടെ 13/3/17 ലെ സി/212/17 നമ്പർ കത്ത്

സൂചന കത്തുകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

അനധികൃതമായി നിർമ്മാണം പൂർത്തിയാക്കിയ ' അസീസിയ മെഡിക്കൽ കോളേജിന്റെ' കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചു നൽകണമെന്ന അപേക്ഷകന്റെ ആവശ്യം സംബന്ധിച്ച് ഉള്ള സ്പഷടീകരണത്തിനായി സമർപ്പിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷയും കൊല്ലം ടൗൺ പ്ലാനറുടെ റിപ്പോർട്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിലവിൽ കെട്ടിട നമ്പർ ഉള്ള രണ്ട് കെട്ടിടങ്ങൾ (ഡെന്റൽ കോളേജ് & മെഡിക്കൽ കോളേജ് കെട്ടിടങ്ങൾ) ഒഴികെയുള്ള എല്ലാ നിർമ്മാണങ്ങളും 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ആവശ്യമായ അനുമതികൾ ലഭ്യമാക്കേണ്ടതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
ഷിബ്ബി.ഇ.ചന്ദ്രൻ
ടൗൺ പ്ലാനർ
മുഖ്യനഗരാസൂത്രകനുവേണ്ടി.

പകർപ്പ്:- 1) ടൗൺ പ്ലാനർ, കൊല്ലം
2) അധികം

അംഗീകാരത്തോടെ,

ജൂനിയർ സൂപ്രണ്ട്.
(ഒ)27.9.17

ടൗൺ പ്ലാനറുടെ കാര്യാലയം, തിരുവനന്തപുരം, പിൻ-695 ...

V.S. LEKHA Secretary Nedumpana Gramapanchayat Nedumpana P.O., Kollam-691576 Ph: 04742562059, 9496041823

0482144 GOVERNMENT OF KERALA 2015

23

# നെടുമ്പന ഗ്രാമപഞ്ചായത്ത്

നെടുമ്പന പി ഓ, കൊല്ലം - 691576ഫോൺ.0474 2562059, ഇ മെയിൽ: nedumpanagp@gmail.com , വെബ്സൈറ്റ് : www.lsgkerala.in/nedumpanapanchayat

A2-8705/17 03.10.2017

പ്രേഷകൻ

സെക്രട്ടറി

നെടുമ്പന ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

ബഹു. പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടർ

കൊല്ലം

സർ,

വിഷയം : കൊല്ലം ജില്ല – നെടുമ്പന ഗ്രാമപഞ്ചായത്ത് അസീസിയ മെഡിക്കൽ കോളേജ്- കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ച് കെട്ടിട നമ്പർ നൽകുന്നത്-സ്പഷ്ടീകരണം ലഭിക്കുന്നത് സംബന്ധിച്ച്.

സൂചന : ബഹു. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 11.09.2017ലെ സി4-2614/17 നമ്പർ കത്ത്

സി4-2614/17 നമ്പർ കത്ത്

മേൽ വിഷയം സംബന്ധിച്ച് സൂചന കത്തിലെ നിർദ്ദേശ പ്രകാരം അസീസിയ മെഡിക്കൽ കോളേജ് കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ച് കെട്ടിട നമ്പർ നൽകുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ലഭിക്കുന്നതിന് വേണ്ടി ബഹു പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിക്കുന്ന അപേക്ഷയുടെ 3 പകർപ്പ് ഇതോടൊപ്പം അനന്തര മേൽനടപടികൾക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

3/10/17

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823

24

# നെടുമ്പന ഗ്രാമപഞ്ചായത്ത്

നെടുമ്പന പി ഓ, കൊല്ലം - 691576 ഫോൺ.0474 2562059, ഇ മെയിൽ: nedumpanagp@gmail.com , വെബ്സൈറ്റ് : www.lsgkerala.in/nedumpanapanchayat

A2-8705/17 03.10.2017

പ്രേഷകൻ

സെക്രട്ടറി

നെടുമ്പന ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

ബഹു. പ്രിൻസിപ്പൽ സെക്രട്ടറി

തദ്ദേശ സ്വയംഭരണ വകുപ്പ്

തിരുവനന്തപുരം (ഉചിതമാർഗ്ഗേണ)

സർ,

വിഷയം : കൊല്ലം ജില്ല – നെടുമ്പന ഗ്രാമപഞ്ചായത്ത് അസീസിയ മെഡിക്കൽ കോളേജ്- കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ച് കെട്ടിട നമ്പർ നൽകുന്നത്-സ്പഷ്ടീകരണം ലഭിക്കുന്നത് സംബന്ധിച്ച്.

സൂചന : ബഹു. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 11.09.2017ലെ സി4-2614/17 നമ്പർ കത്ത്

കൊല്ലം ജില്ലയിലെ നെടുമ്പന, ഗ്രാമപഞ്ചായത്തിൽ പൊടിക്കഞ്ഞ് മുസ്ലിയാർ മെമ്മോറിയൽ ചാരിറ്റബിൾ ആന്റ് എഡ്യൂക്കേഷൻ ട്രസ്റ്റ് എന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിൽ അസീസിയ മെഡിക്കൽ കോളേജും ഡെന്റൽ കോളേജും പ്രവർത്തിച്ച് വരുന്നു. നിലവിൽ ഈ സ്ഥാപനത്തിന്റെ ആറ് കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിട്ടില്ല. നെടുമ്പന ഗ്രാമപഞ്ചായത്തിൽ 06.06.2007 ൽ ബഹു.കേരള ഗവൺമെന്റിന്റെ 24136(1)/RA-1/07 dtd 26.07.2007 നമ്പർ പ്രകാരം കെട്ടിടനിർമ്മാണ ...

26.07.2007 നമ്പർ പ്രകാരം കെട്ടിടനിർമ്മാണ ചട്ടം നിലവിൽ വന്നതിന് മുമ്പായി പഞ്ചായത്തിൽ നിന്നും നിരാക്ഷേപ പത്രം വാങ്ങി നിർമ്മിച്ച പ്രസ്തുത കെട്ടിടങ്ങൾക്ക് കെട്ടിടനമ്പർ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ട്രസ്റ്റിന്റെ ചെയർമാൻ ശ്രീ.എം. അബ്ദുൽ അസീസ് 29.03.2017 ൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് സി-1345301/2017 MLSGD നമ്പരായി നൽകിയ അപേക്ഷയിൻ മേൽ കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തുകയും ചെയ്തു. കേരള മുൻസിപ്പൽ ബിൽഡിംഗ് റൂൾ പഞ്ചായത്തിൽ

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041623

Audit Evidence (8)

25

# നെടുമ്പന ഗ്രാമപഞ്ചായത്ത്

നെടുമ്പന പി ഓ, കൊല്ലം - 691576ഫോൺ.0474 2562059, ഇ മെയിൽ: nedumpanagp@gmail.com , വെബ്സൈറ്റ് : www.lsgkerala.in/nedumpanapanchayat

A2-8705/17 03.10.2017

പ്രേഷകൻ

സെക്രട്ടറി

നെടുമ്പന ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

ബഹു. പ്രിൻസിപ്പൽ സെക്രട്ടറി

തദ്ദേശ സ്വയംഭരണ വകുപ്പ്

തിരുവനന്തപുരം (ഉചിതമാർഗ്ഗേണ)

സർ,

വിഷയം : കൊല്ലം ജില്ല – നെടുമ്പന ഗ്രാമപഞ്ചായത്ത് അസീസിയ മെഡിക്കൽ കോളേജ്- കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ച് കെട്ടിട നമ്പർ നൽകുന്നത്-സ്പഷ്ടീകരണം ലഭിക്കുന്നത് സംബന്ധിച്ച്.

സൂചന : ബഹു. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 11.09.2017ലെ സി4-2614/17 നമ്പർ കത്ത്

കൊല്ലം ജില്ലയിലെ നെടുമ്പന, ഗ്രാമപഞ്ചായത്തിൽ പൊടിക്കുഞ്ഞ് മുസ്ലിയാർ മെമ്മോറിയൽ ചാരിറ്റബിൾ ആന്റ് എഡ്യൂക്കേഷൻ ട്രസ്റ്റ് എന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിൽ അസീസിയ മെഡിക്കൽ കോളേജും ഡെന്റൽ കോളേജും പ്രവർത്തിച്ച് വരുന്നു. നിലവിൽ ഈ സ്ഥാപനത്തിന്റെ ആറ് കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിട്ടില്ല. നെടുമ്പന ഗ്രാമപഞ്ചായത്തിൽ 06.06.2007 ൽ ബഹു.കേരള ഗവൺമെന്റിന്റെ 24136(1)/RA-1/07 dtd 26.07.2007 നമ്പർ പ്രകാരം കെട്ടിടനിർമ്മാണ ചട്ടം നിലവിൽ വന്നതിന് മുമ്പായി പഞ്ചായത്തിൽ നിന്നും നിരാക്ഷേപ പത്രം വാങ്ങി നിർമ്മിച്ച പ്രസ്തുത കെട്ടിടങ്ങൾക്ക് കെട്ടിടനമ്പർ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ട്രസ്റ്റിന്റെ ചെയർമാൻ ശ്രീ.എം. അബ്ദുൽ അസീസ് 29.03.2017 ൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് സി-1345301/2017 MLSGD നമ്പരായി നൽകിയ അപേക്ഷയിൻ മേൽ കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തുകയും ചെയ്തു. കേരള മുൻസിപ്പൽ ബിൽഡിംഗ് റൂൾ പഞ്ചായത്തിൽ

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576

26

നിലവിൽ വന്നതിന് മുമ്പ് സ്ഥാപനത്തിന് NOC നൽകി എന്നതിനാൽ നിർമ്മാണം പൂർത്തീകരിച്ച മേൽ കെട്ടിടങ്ങൾക്ക് ചീഫ് ടൌൺപ്ലാനറുടെ അംഗീകാരം വാങ്ങാതെ ക്രമവൽക്കരണം നടത്തി നമ്പർ അനുവദിക്കാൻ കഴിയുമോ എന്നതിലുള്ള സ്പഷ്ടീകരണം ചീഫ് ടൌൺ പ്ലാനറിൽ നിന്നോ ബഹു. സർക്കാരിൽ നിന്നോ വാങ്ങി വിഷയത്തിൽ സത്വര നടപടി സ്വീകരിക്കുന്നതിന് സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിരിക്കുന്നു.

മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകനിൽ നിന്നും ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുകയുണ്ടായി 11.04.2003 ൽ ഈ ഓഫീസിലെ എ2-148/2002-ാം നമ്പരായി പള്ളിമൺ വില്ലേജിലെ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കെപിആർ ആക്ട് സെക്ഷൻ 220 (ബി) ക്ക് വിധേയമായി കെട്ടിടനിർമ്മാണത്തിന് പഞ്ചായത്ത് നിരാക്ഷേ സാക്ഷ്യപത്രം നൽകിയിട്ടുണ്ട് . അതിന് ശേഷം 23.02.2007 ൽ എ6-301/2007 നമ്പരിൽ ആറ് വ്യത്യസ്ത കെട്ടിടങ്ങൾക്ക് പ്രത്യകം പ്രത്യേകം നിരാക്ഷേപ സാക്ഷ്യപത്രവും നൽകി ആയത് ചുവടെ ചേർക്കുന്നു.

1. ഡെന്റൽ കോളേജ് കാന്റീൻ & ക്വാർട്ടേഴ്സ് ( 5 നില)
2. ഡെന്റൽ കോളേജ് മെൻസ് & വുമൺസ് ഹോസ്റ്റൽ (3 നില)
3. മെഡിക്കൽ കോളേജ് അക്കാഡമിക് ബ്ലോക്ക് (ആകെ 6 നിലകൾ)
4. നഴ്സിംഗ് കോളേജ് (7 നില)
5. മെഡിക്കൽ കോളേജ് ലേഡീസ് ഹോസ്റ്റൽ(6 നില)
6. മെഡിക്കൽ കോളേജ് മെൻസ് ഹോസ്റ്റൽ(6 നില)

പിന്നീട് 31.12.2007 ൽ മേൽ പറഞ്ഞ 6 കെട്ടിടങ്ങളും പെർമിറ്റ് ഫീസ് ഈടാക്കി പ്ലാൻ സാക്ഷ്യപ്പെടുത്തി നൽകിയതായും കാണുന്നു.

കേരള ഓഡിറ്റ് വകുപ്പ് പ്രസ്തുത കെട്ടിടങ്ങൾക്ക് അനധികൃത കെട്ടിടങ്ങളുടെ ഗണത്തിൽ പെടുത്തി നികുതി ഈടാക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇത് സംബന്ധമായി കോളേജ് നൽകുന്ന വിശദീകരണം നിരാക്ഷേപ പത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ച കെട്ടിടങ്ങൾ അനധികൃത കെട്ടിടത്തിന്റെ ഗണത്തിൽ വരില്ലെന്നും ആയത് ചീഫ് ടൌൺ പ്ലാനറുടെ ഉത്തരവില്ലാതെ തന്നെ റഗുലറൈസ് ചെയ്യണമെന്നുമാണ്. ആകയാൽ മേൽപറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ KMBR നിലവിൽ വന്ന 06.06.2007 ന് മുമ്പ് നിരാക്ഷേപ പത്രം നൽകിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത നിർമ്മാണങ്ങൾക്ക് ചീഫ് ടൌൺപ്ലാനറുടെ അംഗീകാരം വാങ്ങാതെ തന്നെ ക്രമവൽക്കരണം നടത്തി നമ്പർ നൽകാമോ എന്ന് സ്പഷ്ടീകരണം ലഭ്യമാക്കാൻ അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

8/10/17

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823

A2-670/18
17/01/2018

Audit Evidence 9

ഭരണഭാഷ-മാതൃഭാഷ

27

C6-40183/17

പഞ്ചായത്ത് ഡയറക്ടറാഫീസ്
തിരുവനന്തപുരം
തീയതി: 13.12.2017

പഞ്ചായത്ത് ഡയറക്ടർ

സെക്രട്ടറി
നെടുമ്പന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- പഞ്ചായത്ത് വകുപ്പ് - നെടുമ്പന ഗ്രാമപഞ്ചായത്ത് - അസീസിയ മെഡിക്കൽ കോളേജ് കെട്ടിട നിർമ്മാണ ക്രമവൽക്കരണം - കെട്ടിട നമ്പർ അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:- കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 31.10.2017-ലെ ഇ3-7836/17 നമ്പർ കത്ത്.

***********

സൂചനയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിൽ അസീസിയ മെഡിക്കൽ കോളേജ് വക ആറ് കെട്ടിടങ്ങൾ അനധികൃത കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി കെട്ടിട നികുതി ഈടാക്കുന്നതിന് ആഡിറ്റ് വകുപ്പ് നിർദ്ദേശം നൽകിയതനുസരിച്ച് പഞ്ചായത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുൻപ് പ്രസ്തുത കെട്ടിട നിർമ്മാണത്തിന് നിരാക്ഷേപ സാക്ഷ്യപത്രം നൽകിയിട്ടുള്ളതിനാൽ ചീഫ് ടൗൺ പ്ലാനറുടെ അംഗീകാരം വാങ്ങാതെ തന്നെ ക്രമവൽക്കരണം നടത്തി നമ്പർ നൽകാമോ എന്നതിൽ താങ്കൾ സൂചന പ്രകാരം സ്പഷ്ടീകരണം ആരാഞ്ഞിരുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 235 (എം) വകുപ്പ് പ്രകാരം നിർദ്ദിഷ്ട കാലത്തിനുള്ളിൽ ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണമോ പുനർനിർമ്മാണമോ പൂർത്തിയാകാത്തിടത്ത് നിർദ്ദിഷ്ട കാലം അവസാനിക്കുന്നതിനു മുമ്പ് സമയം നീട്ടിക്കിട്ടുന്നതിനുള്ള ഒരപേക്ഷ ബോധിപ്പിക്കാത്ത പക്ഷം അനുവാദം കാലഹരണപ്പെട്ടു പോകുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ടി അപേക്ഷയിൽ കെ.എം.ബി.ആർ. പ്രകാരം

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823

28

എൻ.ഒ.സി. നൽകിയതിനു ശേഷം കെട്ടിട നികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുന്നില്ല. കൂടാതെ പ്രസ്തുത നിർമ്മാണങ്ങളുടെ അളവുകളോ പ്ലാനുകളോ മറ്റ് രേഖകളോ അപേക്ഷയോടൊപ്പം ലഭ്യമല്ല. മേൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് പ്രസ്തുത കെട്ടിടനിർമ്മാണങ്ങളുടെ കംപ്ലീഷൻ പ്ലാൻ ഉൾപ്പെടെയുള്ള എല്ലാ പ്ലാനുകളും മറ്റ് അനുബന്ധങ്ങളും ഉൾപ്പെടുത്തി എല്ലാ രേഖകളും സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദമായ പ്രൊപ്പോ

സ്സൽ ജില്ലാ ടൗൺ പ്ലാനർക്ക് നൽകി തുടർനടപടി സ്വീകരിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

പഞ്ചായത്ത് ഡയറക്ടർക്കു വേണ്ടി

പകർപ്പ്:
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
കൊല്ലം

ലി/5/1

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823

Audit Evidence 9 29

...-മാതൃഭാഷ'

C6-40183/17

542/18
17/1/18

പഞ്ചായത്ത് ഡയറക്ടറാഫീസ്
തിരുവനന്തപുരം
തീയതി: 13.12.2017

പഞ്ചായത്ത് ഡയറക്ടർ

സെക്രട്ടറി
നെടുമ്പന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- പഞ്ചായത്ത് വകുപ്പ് - നെടുമ്പന ഗ്രാമപഞ്ചായത്ത് - അസീസിയ മെഡിക്കൽ കോളേജ് കെട്ടിട നിർമ്മാണ ക്രമവൽക്കരണം - കെട്ടിട നമ്പർ അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:- കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 31.10.2017-ലെ ഇ3-7836/17 നമ്പർ കത്ത്.

************

സൂചനയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമ പഞ്ചായത്തിൽ അസീസിയ മെഡിക്കൽ കോളേജ് വക ആറ് കെട്ടിടങ്ങൾ അനധികൃത കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി കെട്ടിട നികുതി ഈടാക്കുന്നതിന് ആഡിറ്റ് വകുപ്പ് [illegible]ം നൽകിയതനുസരിച്ച് പഞ്ചായത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വ[illegible]നു മുൻപ് പ്രസ്തുത കെട്ടിട നിർമ്മാണത്തിന് നിരാക്ഷേപ സാക്ഷ്യപത്രം നൽകിയിട്ടുള്ളതിനാൽ ചീഫ് ടൗൺ പ്ലാനറുടെ അംഗീകാരം വാങ്ങാതെ തന്നെ ക്രമവൽക്കരണം [illegible]ടത്തി നമ്പർ നൽകാമോ എന്നതിൽ താങ്കൾ സൂചന പ്രകാരം സ്പഷ്ടീകരണം ആരാഞ്ഞി[illegible].

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 235 (എം) വകുപ്പ് [illegible]കാരം നിർദ്ദിഷ്ട കാലത്തിനുള്ളിൽ ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണമോ പുനർ[illegible]ർമ്മാണമോ പൂർത്തിയാകാത്തിടത്ത് നിർദ്ദിഷ്ട കാലം അവസാനിക്കുന്നതിനു മുമ്പ് [illegible]യം നീട്ടിക്കിട്ടുന്നതിനുള്ള ഒരപേക്ഷ ബോധിപ്പിക്കാത്ത പക്ഷം അനുവാദം കാല[illegible]പ്പെട്ടു പോകുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ടി അപേക്ഷയിൽ കെ.എം.ബി.ആർ. [illegible]കാരം

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823

Scanned by [illegible] Scanner

എൻ.ഒ.സി. നൽകിയതിനു ശേഷം കെട്ടിട നികുതി നിർണ്ണയം നടത്തി കെട്ടിട നമ്പ[illegible] ദിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുന്നില്ല. കൂടാതെ പ്രസ്തുത നിർമ്മാണ[illegible]ളുടെ അളവുകളോ പ്ലാനുകളോ മറ്റ് രേഖകളോ അപേക്ഷയോടൊപ്പം ലഭ്യമല്ല. മേൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് പ്രസ്തുത കെട്ടിടനിർ[illegible]ങ്ങളുടെ കംപ്ലീഷൻ പ്ലാൻ ഉൾപ്പെടെയുള്ള എല്ലാ പ്ലാനുകളും മറ്റ് അനുബന്ധങ്ങളും [illegible]പ്പെടുത്തി എല്ലാ രേഖകളും സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദമായ [illegible]പ്പോസ്സൽ ജില്ലാ ടൗൺ പ്ലാനർക്ക് നൽകി തുടർനടപടി സ്വീകരിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

പഞ്ചായത്ത് ഡയറക്ടർക്കു വേണ്ടി

പകർപ്പ്:
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

കൊല്ലം

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823

Scanned by CamScanner

Audit Guidance (10)

31

# നെടുമ്പന ഗ്രാമപഞ്ചായത്ത്

നെടുമ്പന പി ഓ. കൊല്ലം - 691576ഫോൺ.0474 2562059,
ഇ മെയിൽ: nedumpanagp@gmail.com , വെബ്സൈറ്റ് : www.lsgkerala.in/nedumpanapanchayat

A2.8705/17 17.01.2018

പ്രേഷകൻ

സെക്രട്ടറി
നെടുമ്പന ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

അബ്ദുൽ അസീസ് , ചെയർമാൻ
പൊടിക്കുഞ്ഞ് മുസ്ല്യാർ മെമ്മോറിയൽ ചാരിറ്റബൾ &
എഡ്യൂക്കേഷണൽ ട്രസ്റ്റ്
മീയ്യണ്ണൂർ.

സർ,

വിഷയം : നെടുമ്പന ഗ്രാമപഞ്ചായത്ത് അസീസിയ മെഡിക്കൽ കോളേജ് കെട്ടിട നിർമ്മാണം ക്രമവൽകരണം സംബന്ധിച്ച്.

സൂചന : 1) ബഹു. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിക്ക് ഈ ഓഫീസിൽ നിന്ന് സമർപ്പിച്ച A2.8705/17 തീയതി 31.10.2017 നമ്പർ കത്ത്.

2) ബഹു. പഞ്ചായത്ത് ഡയറക്ടറുടെ 13.12.2017 ലെ സി6.40183/2017 നമ്പർ കത്ത്

താങ്കളുടെ ഉടമസ്ഥതയിലുള്ള അസീസിയ മെഡിക്കൽ കോളേജ് എന്ന സ്ഥാപനത്തിന്റെ കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവൽക്കരിക്കുന്നതു സംബന്ധിച്ച് സ്പഷ്ടീകരണം ലഭിക്കുന്നതിന് സൂചന (1) പ്രകാരം ബഹു. തദ്ദേശ ഭരണ പ്രിൻസിപ്പൽ സെക്രട്ടറിക്ക് അപേക്ഷ നൽകിയിരുന്നു. ബഹു. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന ഉചിതമാർഗേണ സമർപ്പിച്ച അപേക്ഷക്ക് ബഹു. പഞ്ചായത്ത് ഡയറക്ടർ സൂചന (2) പ്രകാരം മറുപടി നൽകിയിട്ടുണ്ട്. ഇതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 235 (എം) വകുപ്പ് പ്രകാരം നിർദ്ദിഷ്ട കാലത്തിനുള്ളിൽ ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണമോ പുനർ നിർമ്മാണമോ പൂർത്തിയാകാത്തിടത്ത് നിർദ്ദിഷ്ടകാലം അവസാനിക്കുന്നതിന് മുമ്പ് സമയം നീട്ടികിട്ടാനുള്ള അപേക്ഷ ബോധിപ്പിക്കാത്ത പക്ഷം അനുവാദം കാലഹരണപ്പെട്ടുപോകുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.ടി.അപേക്ഷയിൽ കെ.എം.ബി.ആർ.പ്രകാരം എൻ.ഒ.സി.നൽകിയശേഷം കെട്ടിട നികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുന്നില്ല . കൂടാതെ പ്രസ്തുത നിർമ്മാണങ്ങളുടെ അളവുകളോ പ്ലാനുകളോ മറ്റ് രേഖകളോ അപേക്ഷയോടോപ്പം ലഭ്യമല്ല. മേൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് കെട്ടിട നിർമ്മാണങ്ങളുടെ കംപ്ലീഷൻ പ്ലാൻ ഉൾപ്പെടെയുള്ള

എല്ലാ പ്ലാനുകളും അനുബന്ധങ്ങളും ഉൾപ്പെടുത്തി എല്ലാ രേഖകളും സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദമായ പ്രൊപ്പോസൽ ജില്ലാ ടൌൺപ്ലാനർക്ക് നൽകി തുടനടപടി സ്വീകരിക്കേണ്ടതാണെന്ന് അറിയിച്ചിരുന്നു .ആയതിനാൽ സൂചന (2) കത്തിൽ നിർദ്ദേശിച്ച പ്രകാരം പ്രസ്തുത കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ ഉൾപ്പെടുയുള്ള എല്ലാ പ്ലാനുകളും മറ്റ് അനുബന്ധങ്ങളും ഉൾപ്പെടുത്തി എല്ലാ രേഖകളും സഹിതം പ്രൊപ്പോസൽ ഈ ഓഫിസിൽ അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ഉള്ളടക്കം

1. സൂചന (2) കത്തിന്റെ പകർപ്പ്.

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823

32

കേരളസർക്കാർ മാതൃകാരേഖ

അസി: ഡിവിഷണൽ ആഫീസറുടെ കാര്യാലയം
ഫയർ & റെസ്ക്യൂ സർവ്വീസസ്, കൊല്ലം-691 001

നമ്പർ. ഇ-1689/18(1) തീയതി: 14-03-2018
G mail – adoklm.frs@kerala.gov.in
ഫോൺ നമ്പർ : 9497920111

17/3/18
3047/18
A2

അസി: ഡിവിഷണൽ ആഫീസർ
കൊല്ലം

സെക്രട്ടറി
നെടുമ്പന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- ഫയർ & റെസ്ക്യൂ സർവ്വീസസ്, കൊല്ലം- കെട്ടിടം പരിശോധന നടത്തിയത് സംബന്ധിച്ച്.

സൂചന:- ബഹു. ഡയറക്ടർ ജനറൽ, ഫയർ & റെസ്ക്യൂ സർവ്വീസസ് തിരുവനന്തപുരത്തിന്റെ നിർദ്ദേശം

സൂചന പ്രകാരം കൊല്ലം മീയ്യണ്ണൂർ, നെടുമ്പന വില്ലേജിൽ സർവ്വേ നമ്പർ 512/12 ൽ സ്ഥിതിചെയ്യുന്ന ശ്രീ. അബ്ദുൾ അസീസ്, ചെയർമാൻ അസീസിയ മെഡിക്കൽ കോളേജ്, മീയ്യണ്ണൂർ, കൊല്ലം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ബി1+ബി2+ജി+7 കെട്ടിടം ഇന്നേ ദിവസം (14-03-2018) ൽ പരിശോധിച്ചിട്ടുള്ളതാണ്. ടി കെട്ടിടത്തിന് നിലവിൽ വകുപ്പിൽ നിന്നും എൻ.ഒ.സി ലഭിച്ചിട്ടില്ല എന്ന് മനസിലാക്കുവാൻ സാധിച്ചു. ആയിരക്കണക്കിന് രോഗികൾ വന്ന് ചികിത്സ തേടുന്ന മെഡിക്കൽ കോളേജായ ഈ ആശുപത്രിക്ക് മതിയായ അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിച്ച് ഉടൻതന്നെ എൻ.ഒ.സി എടുക്കുന്നതോടൊപ്പം തന്നെ അനധികൃതമായി നടത്തുന്ന കെട്ടിട നിർമ്മാണം ഉടനടി നിർത്തിവയ്ക്കുന്നതിനുള്ള നടപടി കൂടി സ്വീകരിക്കുന്നതിന് താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

അസി: ഡിവിഷണൽ ആഫീസർ.
ഫയർ & റെസ്ക്യൂ സർവ്വീസസ്
കൊല്ലം

LEKHA

V.S.LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823

audit evidence 11

33

A2 4804/18 19/5/18

# കേരള സർക്കാർ

നം.തസ്വഭവ-ആർ.എ3/275/2017-തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി: 09/05/2018

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

സെക്രട്ടറി
നെടുമ്പന ഗ്രാമ പഞ്ചായത്ത്,
കൊല്ലം

സർ,

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം നെടുമ്പന ഗ്രാമപഞ്ചായത്ത്-അസ്സീസിയ മെഡിക്കൽ കോളേജ്-അനധികൃത നിർമ്മാണം ക്രമ വൽക്കരിക്കണമെന്നത് സംബന്ധിച്ച്:-

സൂചന:- 1) നെടുമ്പന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.എസ്.നാസറുദ്ദീന്റെ 01.11.2017 ലെ കത്ത്.
2) താങ്കളുടെ 03.10.2017 ലെ A2-8705/17 നമ്പർ റിപ്പോർട്ട്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നെടുമ്പന ഗ്രാമപഞ്ചായത്തിൽ അസ്സീസിയ മെഡിക്കൽ കോളേജിന് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഗ്രാമ പഞ്ചായത്തിൽ നിന്നും നിരാക്ഷേപ പത്രം നൽകിയത് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പാണോ എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് നിരാക്ഷേപ പത്രങ്ങളുടെ പകർപ്പുകൾ സഹിതം 7 ദിവസത്തിനകം സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
മനോഹരൻ പി വി
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823

84

# നെടുമ്പന ഗ്രാമപഞ്ചായത്ത്

നെടുമ്പന പി ഓ, കൊല്ലം - 691576ഫോൺ.0474 2562059,
ഇ മെയിൽ: nedumpanagp@gmail.com , വെബ്സൈറ്റ് : www.lsgkerala.in/nedumpanapanchayat

A2.8705/17 17.03.2018

പ്രേഷകൻ

സെക്രട്ടറി
നെടുമ്പന ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

അബ്ദുൽ അസീസ് , ചെയർമാൻ
പൊടിക്കുഞ്ഞ് മുസ്ല്യാർ മെമ്മോറിയൽ ചാരിറ്റബൾ &
എഡ്യൂക്കേഷണൽ ട്രസ്റ്റ്
മീയ്യണ്ണൂർ.

സർ,

വിഷയം : നെടുമ്പന ഗ്രാമപഞ്ചായത്ത് അസീസിയ മെഡിക്കൽ കോളേജ് കെട്ടിട നിർമ്മാണം ക്രമവൽകരണം സംബന്ധിച്ച്.

സൂചന : 1)ബഹു. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിക്ക് ഈ ഓഫീസിൽ നിന്ന് സമർപ്പിച്ച A2.8705/17 തീയതി 31.10.2017 നമ്പർ കത്ത്.

2)ബഹു. പഞ്ചായത്ത് ഡയറക്ടറുടെ 13.12.2017 ലെ സി6.40183/2017 നമ്പർ കത്ത്

3) നെടുമ്പന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.01.2018 ലെ എ2.8705/17 നമ്പർ കത്ത്

4) കൊല്ലം ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസറുടെ 14.03.2018 ലെ ഇ-1689/18(1) നമ്പർ കത്ത്.

താങ്കളുടെ ഉടമസ്ഥതയിലുള്ള അസീസിയ മെഡിക്കൽ കോളേജ് എന്ന സ്ഥാപനത്തിന്റെ കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവൽക്കരിച്ച് കിട്ടുന്നത് സംബന്ധിച്ച് സൂചന (1) പ്രകാരം ബഹു. തദ്ദേശ ഭരണ പ്രിൻസിപ്പൽ സെക്രട്ടറിക്ക് സ്പഷ്ടീകരണം ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. എല്ലാ കെട്ടിടങ്ങളുടെയും അളവ് സഹിതം രേഖപ്പെടുത്തിയാണ് അപേക്ഷ നൽകിയിരുന്നത് എന്നാൽ സാഹചര്യം ഇതായിരിക്കെ പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിച്ച് കിട്ടിയിട്ടില്ലാത്ത പല കെട്ടിടങ്ങളും നിലനിൽക്കെ ഇപ്പോൾ വീണ്ടും അനധികൃത നിർമ്മാണം നടത്തുന്നതായി ശ്രദ്ധയിൽ പെട്ടിരിക്കുന്നു. 14.03.2018 ൽ ഫയർ ആന്റ് റസ്ക്യൂ വകുപ്പിൽ നിന്നുള്ള പരിശോധനയിൽ മെഡിക്കൽകോളേജ് ആശുപത്രി കെട്ടിടത്തിന് വകുപ്പിൽ നിന്നും എൻഒസി നൽകിയിട്ടില്ലായെന്നും ആയിരക്കണക്കിന് രോഗികൾ വന്ന് പോകുന്ന മെഡിക്കൽ കോളേജ് ആശുപത്രി കെട്ടിടത്തിന് മതിയായ അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിച്ച് ഉടൻ തന്നെ എൻഒസി എടുക്കുന്നതോടൊപ്പം തന്നെ അനധികൃതമായി നടത്തുന്ന കെട്ടിട നിർമ്മാണം ഉടനടി നിർത്തിവയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സൂചന (4) പ്രകാരം സെക്രട്ടറിയെ അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ താങ്കളുടെ സ്ഥാപനത്തിൽ നടക്കുന്ന എല്ലാ അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും ഉടനടി നിർത്തി വയ്ക്കേണ്ടതും സൂചന (3) കത്ത് പ്രകാരം ഈ ഓഫീസിൽ നിന്ന് നൽകിയ നിർദ്ദേശം അടിയന്തിരമായി പാലിക്കേണ്ടതാണെന്നും അറിയിക്കുന്നു. ആയിരക്കണക്കിന് രോഗികൾ വന്ന് പോകുന്ന ആശുപത്രിയിൽ അനധികൃത പ്രവർത്തി മൂലമുണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്ക് താങ്കൾ മാത്രം ഉത്തരവാദി ആയിരിക്കും എന്ന വിവരം കൂടി അറിയിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

V.S. LEKHA
Secretary
Nedumpana Gramapanchayat

ഉള്ളടക്കം

1. സൂചന (4) കത്തിന്റെ പകർപ്പ്

35

# നെടുമ്പന ഗ്രാമപഞ്ചായത്ത്

നെടുമ്പന പി ഓ, കൊല്ലം - 691576ഫോൺ.0474 2562059,
ഇ മെയിൽ: nedumpanagp@gmail.com , വെബ്സൈറ്റ് : www.lsgkerala.in/nedumpanapanchayat

A2.8705/17 17.03.2018

പ്രേഷകൻ

സെക്രട്ടറി
നെടുമ്പന ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

അബ്ദുൽ അസീസ് , ചെയർമാൻ
പൊടിക്കുഞ്ഞ് മുസ്ല്യാർ മെമ്മോറിയൽ ചാരിറ്റബിൾ &
എഡ്യൂക്കേഷണൽ ട്രസ്റ്റ്
മീയ്യണ്ണൂർ.

സർ,

വിഷയം : നെടുമ്പന ഗ്രാമപഞ്ചായത്ത് അസീസിയ മെഡിക്കൽ കോളേജ് അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1) ബഹു. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിക്ക് ഈ ഓഫീസിൽ നിന്ന് സമർപ്പിച്ച A2.8705/17 തീയതി 31.10.2017 നമ്പർ കത്ത്.

2) ബഹു. പഞ്ചായത്ത് ഡയറക്ടറുടെ 13.12.2017 ലെ സി6.40183/2017 നമ്പർ കത്ത്

3) ഈ ഓഫീസിലെ 17.01.2018 ലെ എ2.8705/17 നമ്പർ കത്ത്

4) കൊല്ലം ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസറുടെ 14.03.2018 ലെ ഇ-1689/18(1) നമ്പർ കത്ത്.

5) ഈ ആഫീസിലെ 17.03.2018 ലെ ഇതേ നമ്പർ കത്ത്.

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ഒരിക്കൽ കൂടി ക്ഷണിക്കുന്നു. താങ്കൾ ചെയർമാനായ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള ആസീസിയ മെഡിക്കൽ ആന്റ് ഡെന്റൽ കോളേജുകളുടെ അനേകം കെട്ടിടങ്ങളിൽ ആകെ 3 കെട്ടിടങ്ങൾക്ക് മാത്രമാണ് പഞ്ചായത്തിന്റെ നമ്പർ ഉള്ളതും നികുതി ഒടുക്കുന്നതും എന്നാൽ ടി കെട്ടിടങ്ങളും ഇപ്പോൾ പഞ്ചായത്ത് രേഖയിൽ നിന്നും വ്യത്യാസപ്പെടുത്തി ഘടനാപരമായി മാറ്റം വരുത്തിയിട്ടുമുണ്ട്. പഞ്ചായത്തിൽ നിന്നും നമ്പർ ലഭിച്ചിട്ടില്ലാത്ത കെട്ടിടങ്ങളുടെ ക്രമവൽക്കരണം സംബന്ധിച്ച് സ്പഷ്ടീകരണം ലഭിക്കുന്നതിനായി സൂചന (1) പ്രകാരം ബഹു.തദ്ദേശഭരണ പ്രിൻസിപ്പൽ സെക്രട്ടറിക്ക് ബഹു. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശ പ്രകാരം ഉചിത മാർഗ്ഗേണ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.ഈ പ്രൊപ്പോസൽ ബഹു.പഞ്ചായത്ത് ഡയറക്ടറുടെ ആഫീസിൽ ലഭിച്ചപ്പോൾ ആയതിനു മേൽ ബഹു.പഞ്ചായത്ത് ഡയറക്ടർ അഭിപ്രായം രേഖപ്പെടുത്തി തുടർ നടപടികൾക്കുള്ള നിർദ്ദേശം ഈ ആഫീസിനു നൽകി മേൽപറഞ്ഞ അനധികൃത കെട്ടിടനിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് കെട്ടിടനിർമ്മാണങ്ങളുടെ കംപ്ലീഷന് പ്ലാന് ഉൾപ്പെടെയുള്ള എല്ലാ പ്ലാനുകളും അനുബന്ധങ്ങളും ഉൾപ്പെടുത്തി എല്ലാ രേഖകളും സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദമായ പ്രൊപ്പോസൽ ജില്ലാ ടൌൺ പ്ലാനർക്ക് നൽകി തുടർ നടപടി സ്വീകരിക്കേണമെന്ന് സൂചന (2) പ്രകാരം മുള്ള പ്രസ്തുത കത്തിൽ നിർദ്ദേശിച്ചിരുന്നു. ഈ വിവരം ചൂണ്ടികാട്ടി ബഹു.പഞ്ചായത്ത് ഡയറക്ടറുടെ കത്തിൻറെ പകർപ്പ് സഹിതം സൂചന(3) കത്തിലൂടെ താങ്കളെ അറിയിച്ചിരുന്നു. എന്നാൽ തുടർനടപടിയുണ്ടായില്ല.

താങ്കളുമായി ടെലിഫോണിൽ ബന്ധപ്പെട്ടപ്പോളും താങ്കളുടെ പ്രതിനിധികൾ ഈ ഓഫീസിൽ വന്ന് നേരിൽ സംസാരിച്ചപ്പോഴും സൂചന (1) കത്ത് പ്രകാരം ബഹു.ഗവൺമെന്റ് തലത്തിൽ ചെയർമാൻ നൽകിയ അപേക്ഷയിൽ അനുകൂല തീരുമാനം ഉണ്ടാകുമെന്ന് അറിയിച്ചിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് പിന്നീട്

---

2300/2018 FILE NO.LSGD-RA -LSGD

A2 5093/18
30/5/18
30/5/18
30/5/18

Audit Evidence P2

36

കേരള സർക്കാർ

നം. തസ്വഭവ-ആർ.എ3/275/2017-തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
28/05/2018, തിരുവനന്തപുരം.

പ്രേഷിതൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

സെക്രട്ടറി

നെടുമ്പന ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് -

കൊല്ലം - നെടുമ്പന ഗ്രാമ പഞ്ചായത്ത്- അസ്സീസിയ മെഡിക്കൽ കോളേജ് കെട്ടിടം ക്രമവൽക്കരിച്ച് നൽകണമെന്നത് സംബന്ധിച്ച്

സൂചന:- 1) നെടുമ്പന ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.എസ്.നാസറുദ്ദീൻ 01.11.2017 ൽ സമർപ്പിച്ച അപേക്ഷ

2) 09.05.2018 ലെ മേൽ നമ്പർ സർക്കാർ കത്ത്

3) താങ്കളുടെ 22.05.2018 ലെ A2-4074/18 നമ്പർ കത്ത്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അസ്സീസിയ മെഡിക്കൽ കോളേജിന് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം നൽകിയത് കെ പി ബി ആർ നിലവിൽ വരുന്നതിന് മുമ്പായതിനാൽ ടി കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിൽ തന്നെ ക്രമവൽകരിച്ച് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,
ANIL KUMAR G
UNDER SECRETARY
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823

37

# നെടുമ്പന ഗ്രാമ പഞ്ചായത്ത്

നെടുമ്പന പി ഓ, കൊല്ലം - 691576 , ഫോൺ.0474 2562059,
ഇ മെയിൽ:nedumpanagp@gmail.com , വെബ്സൈറ്റ് : www.lsgkerala.in/nedumpanapanchayat

A2.4074/18 22.05.2018

പ്രേഷകൻ

സെക്രട്ടറി

നെടുമ്പന ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി

തിരുവനന്തപുരം

സർ,

വിഷയം– കൊല്ലം – നെടുമ്പന ഗ്രാമപഞ്ചായത്ത് – അസ്സീസിയ മെഡിക്കൽ കോളേജ് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കണമെന്നത്-സംബന്ധിച്ച്

സൂചന – 1. നെടുമ്പന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എസ് നാസറുദ്ദീന്റെ 1.11.2017 ലെ കത്ത്

2. ഈ ഓഫീസിലെ 03.10.2017 ലെ എ2.8705/17-ാം നമ്പർ റിപ്പോർട്ട്

3. അങ്ങയുടെ 09.05.2018 ലെ തസ്വഭവ ആർ.എ3/275/2017-ാം നമ്പർ കത്ത്.

മേൽ സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. നെടുമ്പന ഗ്രാമപഞ്ചായത്തിൽ അസ്സീസിയ മെഡിക്കൽ കോളേജിന് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം നൽകിയത് കേരള മുൻസിപ്പൽ കെട്ടിട നിർമ്മാണ ചട്ടം (കെ.എം.ബി.ആർ) നിലവിൽ വരുന്നതിന് മുമ്പാണെന്നുള്ള വിവരം ബോധിപ്പിച്ച് കൊള്ളുന്നു . ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു . ടി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് സൂചന (2) പ്രകാരം സമർപ്പിച്ചിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിച്ച് കൊള്ളുന്നു.

വിശ്വസ്തതയോടെ

ഉള്ളടക്കം

1. നിരാക്ഷേപ സാക്ഷ്യപത്രം – 6 എണ്ണം
2. സൂചന (2) കത്തിന്റെ പകർപ്പ്

V.S. LEKHA
Secretary
Nedumpana Gramapanchayat
..., Kollam-691576

38

# OFFICE OF THE NEDUMPANA GRAMA PANCHAYAT

NEDUMPANA P.O

PHONE : 562059

No. A2-148/2002

Date ..11-11-2003

From

~~President~~ / Secretary

To

Sir,

No objection Certificate

Certified that the Kerala Municipal Act & Rules have not been implemented in Nedumpana Grama Panchayat area and hence no licence from the panchayat is ...

Construction of Buildings in Survey No: 518/5/2, 518/2-2-3, 517/3/6, 512/2/4, 512/2/3, 518/2/2/3, 518/2/3/2, pallimon Village owned by Sree. Podikunju Musaliar Memorial Charitable and Educational Trust Chairman.

The only condition should be done as envisage in Section 220(b) of Kerala panchayat Raj Act 1994. This certificate is issued to A.I.C.T.E. at Bangalore.

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041833

GRAMA PANCHAYATH NEDUMPANA P.O. KOLLAM-691576

Secretary,
Nedumpana Grama Panchayat

39

# നെടുമ്പന ഗ്രാമപഞ്ചായത്ത്

നെടുമ്പന പി ഓ, കൊല്ലം - 691576ഫോൺ.0474 2562059,
ഇ മെയിൽ: nedumpanagp@gmail.com , വെബ്സൈറ്റ് : www.lsgkerala.in/nedumpanapanchayat

A2.8705/17 01.06.2018

പ്രേഷകൻ

സെക്രട്ടറി
നെടുമ്പന ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

അബ്ദുൽ അസീസ് , ചെയർമാൻ
പൊടിക്കുഞ്ഞ് മുസ്ല്യാർ മെമ്മോറിയൽ ചാരിറ്റബൾ &
എഡ്യൂക്കേഷണൽ ട്രസ്റ്റ്
മീയ്യണ്ണൂർ.

സർ,

വിഷയം : നെടുമ്പന ഗ്രാമപഞ്ചായത്ത് അസീസിയ മെഡിക്കൽ കോളേജ് കെട്ടിട നിർമ്മാണം ക്രമവൽകരിക്കുന്നത- സംബന്ധിച്ച്.

സൂചന : 1) ഈ ആഫീസിലെ 17.01.2018 , 17.03.18 , 30.05.18 തീയതിയിലെ മേൽ നമ്പർ കത്തുകൾ
2) ബഹു. തദ്ദേശ സ്വയംഭരണ (ആർ എ) അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 28.05.18 ലെ തസ്വഭവ ആർ എ3 275/2017/തസ്വഭവ നമ്പർ കത്ത്.

താങ്കൾ ചെയർമാനായിട്ടുള്ള അസീസിയ മെഡിക്കൽ കോളേജിന്റെയും അനുബന്ധ സ്ഥപനങ്ങളുടെയും കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ച് കിട്ടുന്നതിനായി ബഹു. ഗവൺമെന്റിലേക്ക് സമർപ്പിച്ച അപേക്ഷയിൽ തുടർ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് സൂചന (2) പ്രകാരം അറിയിപ്പ് ലഭിച്ചിട്ടുണ്ട് (കത്ത് ഉള്ളടക്കം ചെയ്യുന്നു.) അതു പ്രകാരം തുടർനടപടികൾ കൈക്കൊള്ളുന്നതിന് ചുവടെ പറയുന്ന രേഖകൾ സഹിതം പ്രൊപ്പോസൽ അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

1. ട്രസ്റ്റിന്റെ ഉടമസ്ഥതയിൽ മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന പ്ലോട്ടിൽ ഉൾക്കൊണ്ടിരിക്കുന്ന എല്ലാ കെട്ടിടങ്ങളുടെയും തൽസ്ഥിതി രേഖപ്പെടുത്തിയിട്ടുള്ള വിശദമായ പ്ലാൻ , ലൊക്കേഷൻ സ്കെച്ച് , റവന്യൂ രേഖകൾ എന്നിവ കെപിബിആർ 2011 പ്രകാരം തയ്യാറാക്കിയത്.
2. പ്ലാനിൽ നിലവിൽ നമ്പർ ലഭിച്ചിട്ടുള്ള കെട്ടിടങ്ങളും സൂചന (2) കത്തിൽ പറയുന്നതും കെപിബിആർ വരുന്നതിന് മുമ്പ് എൻഒസി ലഭിച്ച എന്ന കാരണത്താൽ ക്രമവൽക്കരിക്കാന അനുമതി ലഭിച്ചിട്ടുള്ളതുമായ കെട്ടിടങ്ങൾ , അവശേഷിക്കുന്ന മറ്റ് കെട്ടിടങ്ങൾ എന്നിവ പ്രത്യേകം പ്രത്യേകം അടയാളപ്പെടുത്തിയിരിക്കണം.
3. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം.
4. അഗ്നിശമന വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം

5. ആരോഗ്യ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം.
6. മെഡിക്കൽ കോളേജ് , ദന്തൽ കോളേജ് ആശുപത്രി എന്നിവ പ്രവർത്തിപ്പിക്കുന്നതിലേക്ക് ലഭിച്ചിട്ടുള്ള മറ്റ് അനുവാദ പത്രികകൾ.

മേൽ പറഞ്ഞ എല്ലാ രേഖകളും ഹാജരാക്കുന്ന മുറക്ക് സൂചന (2) കത്തിലെ നിർദ്ദേശ പ്രകാരമുള്ള തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
742562059, 9496041823

40

ബന്ധപ്പെട്ടപ്പോഴെല്ലാം ഈമറുപടിയാണ് ലഭിച്ചുകൊണ്ടിരുന്ന... ഡിപ്പാർട്ട്മെൻറിൻറെ കൊല്ലം അഡീഷണൽ ഡിവിഷണൽ ... പരിശോധന നടത്തിയപ്പോൾ ആശുപത്രി കെട്ടിടത്തിൽ ഗുരുതരമായ... അനധികൃതമായി വീണ്ടും നിർമ്മാണം നടത്തുന്നത് ശ്രദ്ധയിൽപ്പെടുകയും ചെയ്തു... സൂചന(4) പ്രകാരം എനിക്ക് കത്തുനൽകുകയും ഈകത്തിൻറെ പകർപ്പ് സഹിതം സ... അനധികൃത നിർമ്മാണം നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

ബഹു.കേരള ഗവൺമെൻറ് തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പിൻറെ 15.02.2018 ലെ ജി.ഒ നമ്പർ-12/2018/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം 31/07/2017 ന് മുൻപ് നിർമ്മാണം പൂർത്തി... അനധികൃത കെട്ടിടനിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് 90 ദിവസം സമയം നൽകി വിജ്ഞാ... പുറപ്പെടുവിച്ചിരുന്നു. ആയത് 20/02/2018 ലെ അസാധാരണ ഗസറ്റിൽ പരസ്യപ്പെടുത്തുകയും ചെയ്തിരു... ആയതിനെ സംബന്ധിച്ച് പത്ര ദൃശ്യമാധ്യമങ്ങളിലും പഞ്ചായത്തിൻറതായ പരസ്യം പത്രങ്ങളിൽ നൽകു... ഈ വിവരം താങ്കളുമായി ഫോണിൽ സംസാരിക്കുകയും ഉണ്ടായി മേൽപറഞ്ഞ ഉത്തരവു വഴിയുള്ള അപേക്ഷാ... കാലാവധി 19/05/2018 ന് അവസാനിച്ചിരുന്നു. ഈ അവസരത്തിലും താങ്കളുടെ അപേക്ഷ പഞ്ചായത്തിൽ നൽകിട്ടില്ല.

കേരളസംസ്ഥാന ആഡിറ്റ് വകുപ്പിൽനിന്നും നടത്തിയ പരിശോധനാ റിപ്പോർട്ടിൽ താങ്കളുടെ ഉടമസ്ഥതയിലുള്ള അനധികൃത നിർമ്മാണങ്ങൾക്ക് 2012-13 വർഷം മുതൽ മൂന്ന് മടങ്ങ് നികുതി കണക്കാണമെന്ന് കാണിച്ച് നൽകിയ കത്തിൻറെ പകർപ്പും ഇതിനകം താങ്കൾക്ക് നൽകിയിട്ടുള്ളതാണ് ആയിരക്കണക്കിന് രോഗികൾ എത്തുന്നതും ആയിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്നതും അതിനനുസൃതമായ ജീവനക്കാർ സേവനം ചെയ്യുന്നതുമായ പ്രസ്തുത സ്ഥാപനം സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പഞ്ചായത്തിൽ നിന്നും അംഗീകൃത നമ്പർ വാങ്ങാതെ തുടർന്നും പ്രവൃത്തിക്കുന്നത് നിലവിലുള്ള ചട്ടങ്ങളുടേയും നിയമങ്ങളുടേയും ലംഘനമാണ് മേൽപരാമർശിച്ച വിഷയങ്ങൾ പരിഹരിക്കാൻ വകുപ്പ് തലത്തിലും ഗവൺമെൻറ് തലത്തിലും നൽകിയ അവസരങ്ങൾ ഒന്നും ഉപയോഗപ്പെടുത്തിയതുമില്ല ആകയാൽ ഈ കത്ത് കൈപ്പറ്റി 15 ദിവസത്തിനകം താങ്കളുടെ ഉടമസ്ഥതയിലുള്ള മെഡിക്കൽകോളേജുമായി ബന്ധപ്പെട്ട എല്ലാ അനധികൃത നിർമ്മാണങ്ങളും ക്രമവൽക്കരിച്ച് അംഗീകൃത നമ്പർ വാങ്ങുന്നതിനുള്ള വിശമായ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണെന്ന് അറിയിക്കുന്നു.വീഴ്ച വരുത്തുന്ന പക്ഷം ഈ വിഷയത്തിൽ കെ.പി.ആർ.ആക്ട് ,കെ.പി.ബി.ആർ 2011 ൽ അനുബന്ധ ഉത്തരവുകളും പ്രകാരം തുടർ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് നിർബന്ധിതമായി തീരുമെന്നും അതുവഴി ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും താങ്കൾ മാത്രം ഉത്തരവാദി ആയിരിക്കുമെന്ന വിവരം കൂടി അറിയിക്കുന്നു.

ഉള്ളടക്കം

വിശ്വസ്തതയോടെ,

2. സൂചന (4) കത്തിന്റെ പകർപ്പ്

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph: 04742562059, 9496041823

File RA3/275/2017-LSGD

41

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

അനിൽ കുമാർ ജി.
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ (ആർ.എ)വകുപ്പ്
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഫോൺ :0471-2518583
തീയതി :09/08/2019

<u>അർദ്ധ ഔദ്യോഗിക കത്ത് നം.തസ്വഭവ-ആർ.എ3/275/2017-തസ്വഭവ</u>

പ്രിയപ്പെട്ട ഹാരിസ് മുഹമ്മദ് കോയ,

അസ്സീസ്സിയ മെഡിക്കൽ കോളേജ് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കണമെന്നത് സംബന്ധിച്ച വിഷയത്തിന്മേലുള്ള നടപടി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കാൻ 28.05.2018, 16.08.2018, 06.03.2019 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കാർ കത്തുകൾ പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. അതിനാൽ താങ്കൾ ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തി സർക്കാർ ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് മടക്കത്തപാലിൽ തന്നെ ലഭ്യമാക്കാൻ താൽപര്യപ്പെടുന്നു.

ആത്മാർത്ഥതയോടെ,

(അനിൽ കുമാർ ജി.)

ശ്രീ.ഹാരിസ് മുഹമ്മദ് കോയ
സെക്രട്ടറി,
നെടുമ്പന ഗ്രാമപഞ്ചായത്ത്.

V.S. LEKHA
Secretary
Ne... Gramapanchayat
Ned... P.O., Kollam-691576
Ph: ...59, 9496041823

'ഭരണ... ഭാഷ'

42

# നെടുമ്പന ഗ്രാമപഞ്ചായത്ത്

നെടുമ്പന പി ഓ, കൊല്ലം - 691576 ഫോൺ.0474 2562059,
ഇ മെയിൽ: nedumpanagp@gmail.com , വെബ്സൈറ്റ് : www.lsgkerala.in/nedumpanapanchayat

നം.എ2-5093/2018 തീയതി:26.08.2019

പ്രേഷകൻ

ഹാരിസ് മുഹമ്മദ്കോയ,
സെക്രട്ടറി,നെടുമ്പന ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

ബഹു.അണ്ടർ സെക്രട്ടറി,
തദ്ദേശ സ്വയം ഭരണ (ആർ.എ) വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,തിരുവനന്തപുരം

സർ,

വിഷയം: നെടുമ്പന ഗ്രാമപഞ്ചായത്ത്-അസ്സീസ്സിയ മെഡിക്കൽ കോളേജ് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കണമെന്നത് സംബന്ധിച്ച വിഷയത്തിൻമേലുള്ള നടപടി റിപ്പോർട്ട് ബഹു.സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന: അങ്ങയുടെ 09.08.2019 തീയതിയിലെ LSGD-RA3/275/2017-LSGD നമ്പർ അർദ്ധ ഔദ്യോഗിക കത്ത്

അസ്സീസ്സിയ മെഡിക്കൽ കോളേജിന്റെ ലേഡീസ് ഹോസ്റ്റൽ,അക്കാഡമിക് ബ്ലോക്ക് എന്നീ രണ്ട് കെട്ടിടങ്ങളുടെ നിർമ്മാണം ആവശ്യമായ രേഖകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ബ്ലോക്ക് , ഡെന്റൽ കോളേജ് കാന്റീൻ/ക്വാർട്ടേഴ്സ് എന്നീ കെട്ടിടങ്ങളുടെ അന്തിമ അഗ്നിശമന നിരാക്ഷേപ സാക്ഷ്യപത്രം കഴിഞ്ഞ ആഴ്ച ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ എൽ എസ് ജി ഡി അസിസ്റ്റന്റ് എൻജിനീയറുടെ റിപ്പോർട്ടിനായി നൽകിയിട്ടുണ്ട്.മറ്റ് മൂന്ന് കെട്ടിടങ്ങളുടെ അഗ്നിശമന നിരാക്ഷേപ സാക്ഷ്യ പത്രം ഹാജരാക്കുന്നതിന് അസ്സീസ്സിയ മെഡിക്കൽ കോളേജ് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ഹാജരാക്കുന്ന മുറയ്ക്ക് ടി കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന വിവരം ബോധിപ്പിച്ചു ~~റിപ്പോർട്ട് ചെയ്തു~~ കൊള്ളുന്നു.

വിശ്വസ്തതയോടെ

V.S. LEKHA
Secretary
Nedumpana Gramapanchayat
Nedumpana P.O., Kollam-691576
Ph 04742562059, 9496041823